ഏപ്രിൽ – മെയ് 2014, വാള്യം : 22, ലക്കം : 4 – 5



# അൽഹഖ്

ശഹാദത്ത്–ഹിജ്റത് 1393 | ജ.അവ്വൽ – ശഅ്ബാൻ 1435 | മീനം – ഇടവം 1189




ദ്വിതീയ ശക്തിപ്രഭാവം അതായത് ഖിലാഫത്ത് അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള മഹത്തായൊരു വരപ്രസാദമാകുന്നു. ഇതിന്റെ ഉദ്ദേശ്യലക്ഷ്യം സമുദായത്തെ ഏകോപിപ്പിച്ചെടുക്കുകയും ഭിന്നതകളിൽ നിന്നും സംരക്ഷിക്കുകയുമാണ്. ജമാഅത്ത് എന്ന മുത്തു മണികൾ കോർക്കപ്പെട്ട ചരടാണിത്. മുത്തുമണികൾ ചിന്നിച്ചിതറിപ്പോവുകയാണെങ്കിൽ അവ സുരക്ഷിതമോ സുന്ദരമോ ആയിത്തീരുന്നില്ല. (അൽഫദ്ൽ 30/5/2003)

ഖിലാഫത്ത് അല്ലാഹുവിന്റെ വാഗ്ദാനം 3
മെയ് 27 ന്റെ പ്രാധാന്യം 7
ഇസ്ലാമിൽ ഖിലാഫത്ത് വ്യവസ്ഥിതി 14
ഖിലാഫത്തും മുജദ്ദിദിയ്യത്തും 16


ചരിത്രം
HISTORY

# അമേരിക്കൻ പ്രസാധകരുടെ ക്ഷമായാചന



ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)

**1956** കാലഘട്ടത്തിൽ ന്യൂയോർക്കിലെ ഹാനോവർ ഹൗസ് പബ്ലിക്കേഷൻസ് **"മതനേതാക്കന്മാരുടെ ജീവിത ചരിത്രങ്ങൾ"** എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും അതിന്റെ ഉർദു ഭാഷാന്തരം ഭാരതത്തിലെ ഒരു സംസ്ഥാന ഗവർണർ നിർവഹിക്കുകയും ചെയ്തു. പ്രസ്തുത ഗ്രന്ഥത്തിൽ നബി (സ) യ്ക്കെതിരിൽ ധാരാളം ആരോപണങ്ങൾ ഉണ്ടായിരുന്നു. അത് ഭാരതത്തിൽ വലിയ കലാപത്തിന് തിരികൊളുത്തി. നൂറുകണക്കിന് മുസ്‌ലിംകൾ കൊല്ലപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്തു. ആദ്യം പാക്കിസ്ഥാൻ സർക്കാരും പിന്നീട് ഭാരത സർക്കാരും പ്രസ്തുത ഗ്രന്ഥം പിടിച്ചെടുക്കുകയും നിരോധിക്കുകയും ചെയ്തു. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) തൽ സംബന്ധമായി 1956 ൽ ഒരു ഖുത്വുബയിൽ പറഞ്ഞു, പിടിച്ചെടുക്കുന്നതും നിരോധിക്കുന്നതും ശരിയല്ല. അതു വഴി യഥാർഥത്തിൽ അവരുടെ ആരോപണങ്ങളെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. മുസ്‌ലിംകൾക്ക് മറുപടിയില്ല എന്നവർ ധരിക്കും. യഥാർഥത്തിൽ അതിന്റെ മറുപടി അമേരിക്കയിൽ ഇംഗ്ലീഷിലും ഭാരതത്തിൽ ഉർദുവിലും പ്രസിദ്ധീകരിക്കുകയാണ് വേണ്ടത്. പ്രസ്തുത ഖുത്വുബയിൽ ഹുസൂർ(റ) അമേരിക്കയിലെ മുബല്ലിഗിന് സന്ദേശം നൽകിക്കൊണ്ട് പറഞ്ഞു, ആ ഗ്രന്ഥകർത്താവ് ജീവിച്ചിരിക്കുന്നുവെങ്കിൽ അയാളെ മുബാഹലയ്ക്കായി ക്ഷണിക്കുക. അങ്ങനെ ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ കാലത്തുണ്ടായ മഹത്തായ ചരിത്രത്തിന്റെ ആവർത്തനം ഉണ്ടാകുന്നതാണ്. അഥവാ അതിന്റെ ഗ്രന്ഥകർത്താവ് ജീവിച്ചിരിക്കുന്നില്ലെങ്കിൽ അതിന്റെ പ്രസാധകരെ വാദപ്രതിവാദത്തിനും മുബാഹലയ്ക്കും ക്ഷണിക്കുക.




**പ്രസ്തുത ഖുത്വുബയെ സംബന്ധിച്ച് അറിവ് ലഭിച്ച ഉടൻ**
**അതിന്റെ പ്രസാധകരായ അമേരിക്കൻ ഫോറം ഉടൻ ക്ഷമാപണവുമായി ഇങ്ങനെ എഴുതി;**

Henry and Danna C/o Hanover House Publishers, 575 Madison Avenue, New York, N.Y

December 6, 1956

We have just received your letter from our publishers. With regard to the statements made about the Prophet Mohammed in the living Biographies of Religious leaders, we were terribly shocked and saddened that there have been misunderstanding of our attitude and feeling about Mohammed. We have always believed that the teachings of the Prophet are one of the world's basic manifestations of democracy and that the tenets of the Muslim Faith are a direct Progenitor of the philosophy of Abraham Lincoln.

Despite the fact that the book was written fifteen years ago under the direction of a book editor who conceived of the project as a humanized, romanticized approach to biography for a westernized audience we have not had the slightest intention of detracting from the philosophical stature of Mohammed and that is why we have been so distressed over any misunderstanding that might have arisen.

We wish you God speed on your new work on the Prophet Mohammed and if you mention our book would you please convey to your readers how saddened we have been over any adverse reaction and would you convey that we are the last people in the world who are critical of the very great contributions of the Muslim Faith.


Sincerely
(Signed)
Henry and Danna Thomas

തഫ്സീർ



ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

# ഖിലാഫത്ത് അല്ലാഹുവിന്റെ വാഗ്ദാനം



لَكُمْ دِينُكُمْ وَلِيَ دِينِ ۝٧ (109:7)

**ദീനിന്റെ അർഥം**

ദീൻ എന്നതിന് രാഷ്ട്രം എന്നും ഭരണം എന്ന ർഥമുണ്ടെന്ന് ഞാൻ പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ **ലകും ദീനുകും വലിയ ദീൻ** എന്നതിന്റെ അർഥം, അല്ലയോ ഇസ്ലാമിന്റെ വിരോധികളെ! നിങ്ങളുടെ ഭരണ തന്ത്രങ്ങളും ഭരണത്തിന്റെ അടിസ്ഥാനങ്ങളും ഞങ്ങളുടേതിൽ നിന്ന് വ്യത്യസ്ഥമാണ്. നിങ്ങളുടെ സ്വേഛാധിപത്യമാകുന്നു. എന്നാൽ എന്റെ അഭിപ്രായത്തിൽ ഓരോ വ്യക്തിക്കും അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള അവകാശമുണ്ട്. തിരഞ്ഞെടുക്കുന്ന രീതി അനുവദനീയമാണ്. നിങ്ങൾ കായികബലം കൊണ്ട് ഭരണം മുന്നോട്ട് കൊണ്ടു പോകുന്നവരാണ്. തങ്ങളു ടെ സൈന്യബലത്താൽ രാജ്യങ്ങളെ കീഴ്പ്പെടുത്തുന്നവരാണ്. നിങ്ങളുടെ ഭരണത്തിൽ ഒന്നാമതായി പ്രാതിനിധ്യം ഇല്ല. അഥവാ ഉണ്ടെങ്കിൽ തന്നെ മുഴുവൻ രാജ്യത്തിന്റെയും ഇല്ല.

**ഞങ്ങളുടെ ഭരണത്തിന്റെ വ്യതിരിക്തത**

നിങ്ങൾ പ്രജകളുടെ അവകാശങ്ങളിൽ പൂർണമായും ശ്രദ്ധിക്കുന്നില്ല. തൽഫലമായി എപ്പോഴും രാജ്യത്ത് വിദ്രോഹങ്ങൾ പൊട്ടിപ്പുറപ്പെട്ടു കൊണ്ടിരിക്കുന്നു. രാജാവും പ്രജകളും തമ്മിൽ എപ്പോഴും പ്രശ്നങ്ങൾ ഉടലെടുത്തു കൊണ്ടിരിക്കുന്നു.....നിങ്ങളുടെ പക്കൽ രാജ്യത്തിനകത്തും അയൽരാജ്യങ്ങളിലും സമാധാനം നിലനിൽക്കുന്നതിന് കാരണമാകുന്ന യഥാർഥ നീതിയും നിയമവും ഇല്ല. ഞങ്ങൾ അത്തരത്തിലുള്ള സ്വേഛാധിപത്യത്തിന് എതിരാണ്. ഞങ്ങൾ ജനങ്ങളെ അതിൽ നിന്നെല്ലാം വിമുക്തരാക്കി അല്ലാഹുവിന്റെ ഇഛയ്ക്കും തൃപ്തിക്കും അനുഗുണമായിട്ടുള്ള ഭരണം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. അതിൽ സ്വന്തം രാജ്യത്തിന്റെ പ്രാതിനിധ്യം ഉണ്ടായിരിക്കും. പ്രജകളുടെ അവകാശങ്ങളെ പൂർണമായും ശ്രദ്ധിക്കുന്നതായിരിക്കും. അത്തരം ഭരണകൂടത്തിന് കീഴിൽ കഴിയുന്നത് ജനങ്ങൾ അന്തസും അഭിമാനവും ആയിക്കരുതും.....

**വിശ്വാസികളുടെ ദൃഢവിശ്വാസം**

സൂറത്തുൽ കാഫിറൂൻ ഇറങ്ങിയപ്പോൾ മുസ്ലിംകളുടെ അവസ്ഥ വളരെ ശോചനീയമായിരുന്നു. അവർ മക്കയിൽ പീഡനങ്ങൾക്കും മർദ്ദനങ്ങൾക്കും വിധേയരാകുന്നവരായിരുന്നു. അത്തരം ഘട്ടത്തിൽ തങ്ങൾക്ക് സമാധാനത്തിന് ജാമ്യമാകുന്ന സ്വർഗീയ സമാനമായ ഭരണം സ്ഥാപിക്കുമെന്ന് മുസ്ലിംകൾക്ക് സങ്കൽപ്പിക്കുവാൻ കൂടി കഴിയുമായിരുന്നോ എന്നതാണ് ഇവിടെ ഉദിക്കുന്ന ചോദ്യം അതിനു മറുപടി ഇതാണ്, ആ ഘട്ടത്തിൽ മുസ്ലിംകളുടെ അവസ്ഥ പരിതാപകരമായിരിക്കാം. ദുർബലരായിരിക്കാം, ശത്രുക്കൾ അവർക്കെതിരിൽ പ്രബലരായിരിക്കാം. അറേബ്യയിൽ ഗോത്രഭരണമായിരുന്നു. അറേബ്യക്ക് പുറത്ത് രണ്ട് പ്രബലരായി ഭരണമാണ് ഉണ്ടായിരുന്നത്. ഒന്ന് ഇറാനിലെ കിസ്റാ ഭരണകൂടം, രണ്ട് റോമിലെ കൈസർ ഭരണകൂടം.

**ഖിലാഫത്ത് വാഗ്ദാനം**

എന്നാൽ അല്ലാഹു ആരംഭഘട്ടത്തിൽ തന്നെ മുഹമ്മദ് നബി(സ) മുഖേന അറിയിച്ചിരുന്നത്, മുസ്ലിംകളുടെ ഈ ദൗർബല്യം ഉടൻ ഇല്ലാതാകുകയും മുഴുവൻ ലോകത്തും പ്രചരിക്കുന്നതാണെന്നും ആയിരുന്നു. ഈ വാഗ്ദാനത്തിൽ മുസ്ലിംകൾ പൂർണമായും ഉറച്ച് വിശ്വസിച്ചിരുന്നു. അത് സമീപസ്ഥമാണെന്നും വിശ്വസിച്ചിരുന്നു.... സൂറനൂറിൽ അല്ലാഹു പറയുന്നു, *വഅദല്ലാഹു ല്ലദീന ആമനൂ മിൻകും വഅമിലുസ്സാലിഹാത്തി....................ഫഊലാഇക്ക ഹുമുൽ ഫാസിഖൂൻ.* മുഹമ്മദ് നബി (സ) യിൽ വിശ്വസിക്കുന്നവർക്കും സൽക്കർമങ്ങൾ ചെയ്യുന്നവർക്കും അവരെ ഈ ലോകത്ത് തീർച്ചയായും രാജാക്കന്മാരാക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ മുൻകാല അനുഗ്രഹീത സമുദായങ്ങളിൽ ഉണ്ടായിട്ടുള്ള രാജാക്കന്മാരെ പോലെ പ്രൗഢിയും പ്രതാപവും ഉള്ളവരായിരിക്കും. അവരിലൂടെ അല്ലാഹു ഇസ്ലാമിന്റെ ഉന്നതവും മഹത്തായതുമായ കല്പനകൾ പുറത്തു കൊണ്ടുവരും. അക്കാലത്തുള്ള മുസ്ലിംകളുടെ ഭയാവസ്ഥയെ അല്ലെങ്കിൽ ഭാവിയിൽ ഉണ്ടാകാനിടയുള്ള ഭയാവസ്ഥയെ സമാധാനത്തിലേക്ക് പരിവർത്തിക്കുന്നതാണ്. ഈ രാജാക്കന്മാർ ലോകത്ത് എന്റെ ആരാധനയെ സ്ഥാപിക്കുന്നതാണ്. എന്നോടൊപ്പം ആരെയും പങ്കാളികളാക്കുന്നതല്ല. ഈ അനുഗ്രഹങ്ങൾക്ക് ശേഷം ആരെങ്കിലും എന്നോട് നന്ദികേട് കാണിക്കുകയാണെങ്കിൽ യഥാർഥ ഭരണത്തിന്റെ അവസ്ഥയെ വിട്ടുകൊണ്ട് തെറ്റായ മാർഗം അവലംബിച്ചാൽ അവർ അക്രമികളായിരിക്കും.

**ഖിലാഫത്തിന്റെ സാരം**

മേൽ ആയത്തിൽ മുസ്ലിംകൾക്ക് നൽകിയിരിക്കുന്ന വാഗ്ദാനം അവരെ ഭൂമിയിൽ ഖലീഫമാരാക്കും എന്നതാണ്. ഖുലഫാഅ് എന്നത് ഖലീഫയുടെ ബഹുവചനമാണ്. ഖലീഫ എന്നാൽ,

1. ആരുടെയെങ്കിലും പ്രതിനിധിയായിക്കൊണ്ട് യഥാർഥ വ്യക്തിയുടെ ജോലിയെ തുടർന്നു കൊണ്ടുപോകുക. 2. ഏറ്റവും വലിയ ചക്രവർത്തി. 3. മതത്തിൽ ആലങ്കാരികമായി ഏറ്റവും ഉന്നതിയിലുള്ള ഇമാമിനെ വിശേഷിപ്പിക്കുന്നു.

ഖിലാഫത്തിന്റെ മറ്റൊരർഥം ഭരണം എന്നുമാണ്. യഥാർഥ വ്യക്തിചെയ്യേണ്ടുന്ന ജോലി അയാളുടെ പ്രതിനിധിയായി ചെയ്യുന്നവനെയും ഖലീഫ എന്നു പറയുന്നു. അത് യഥാർഥ വ്യക്തിയുടെ അസാന്നിദ്ധ്യത്തിലോ അല്ലെങ്കിൽ മരണത്തിനു ശേഷമോ ആകാം.

ചുരുക്കത്തിൽ അല്ലാഹു പറയുന്നു, 1. അല്ലയോ മുസ്ലിംകളെ! അല്ലാഹു നിങ്ങളെ ഭൂമിയിൽ വലിയ ഖലീഫമാരും രാജാക്കന്മാരും ആക്കുന്നതാണ്. 2. ഈ ഭരണം മുഹമ്മദ് നബി (സ)യുടെ പ്രാതിനിധ്യത്തിലായിരിക്കും. അതായത് മുഹമ്മദ് നബി (സ) ചെയ്തിരുന്ന അതേ ജോലി തന്നെയായിരിക്കും അവർ ചെയ്യുക.

**ദൈവീക ഖിലാഫത്ത്**

ചുരുക്കത്തിൽ അല്ലാഹു വാഗ്ദാനം ചെയ്യുന്നു, അല്ലാഹു നിങ്ങൾക്ക് ഭരണം നല്കുന്നതാണ്. അത് ദൈവീക ഇഛയ്ക്ക് അനുഗുണമായിട്ടുള്ളതായിരിക്കും. പിന്നീട് *മൻ കഫറ ബഅ്ദ ദാലിക്ക ഫഊലാഇക്ക ഹുമുൽ ഫാസിഖൂൻ* എന്ന് പറഞ്ഞുകൊണ്ട് ഖിലാഫത്ത് യഥാർഥത്തിൽ അല്ലാഹുവിന്റെ പ്രാതിനിധ്യത്തിൽ ഉടലെടുക്കുമെന്നും, അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളെ വെളിപ്പെടുത്തുന്നതായിരിക്കുമെന്നും, അതിനെ നിഷേധിക്കുന്നവർ യഥാർഥത്തിൽ അല്ലാഹുവിനോട് വാഗ്ദാനലംഘനമാണ് നടത്തുന്നതെന്നും പറഞ്ഞിരിക്കുന്നു.

**നബി (സ)യുടെ പ്രവചനം**

ഹദീസിൽ വന്നിരിക്കുന്നു, നബി (സ) പറഞ്ഞു, എനിക്ക് ശേഷം ഖിലാഫത്ത് ഉണ്ടാകുന്നതാണ്. അതായത് അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളെ നിലനിർത്തുന്നവർ ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അവർക്ക് ശേഷം ഈ അവസ്ഥ മാറും. പിന്നീട് മറ്റ് സമുദായങ്ങളെ അനുകരിച്ചുകൊണ്ട് മുസ്ലിംകളും സ്വേഛാധിപതികളാകാൻ ആഗ്രഹിക്കുന്നതാണ്. പിന്നീട് അല്ലാഹുവിന്റെ ഇഛകളെ പൂർത്തിയാക്കുന്ന യഥാർഥ ഖിലാഫത്തിനെ അല്ലാഹു വീണ്ടും സ്ഥാപിക്കുന്നതാണ്........

**പ്രവചന പൂർത്തീകരണം**

അങ്ങനെ ഈ വാഗ്ദാനങ്ങൾ പൂർത്തിയായി. മുഹമ്മദ് നബി (സ)യുടെ ജീവിത കാലത്ത് തന്നെ മുസ്ലിംകൾക്ക് ഭരണം ലഭിച്ചു. നബി (സ) യ്ക്ക് ശേഷം കുറച്ചുകാലം ഈ ഭരണം നിലനിന്നു. പിന്നീട് ഈ ഭരണവും സാധാരണ ഭൗതീക ഭരണമായി മാറി. ഇപ്പോൾ അല്ലാഹു ഹദ്റത് മസീഹ് മൗഊദ് (അ) നെ നിയോഗിച്ചിരിക്കുന്നു. വാഗ്ദാനമനുസരിച്ച് അല്ലാഹു മസീഹ് മൗഊദ് (അ) മുഖേന ഭൗതീകരിലേക്ക് ചായുന്നതിനു പകരം ആത്മീയവും ധാർമികവുമായ നിലവാരം സ്ഥാപിക്കുന്നതിനായി ശ്രമിക്കുകയും അക്രമവും അനീതിയും ഇല്ലാതാക്കുകയും ചെയ്യുന്ന ഭരണത്തിന് അടിത്തറയിടുകയും ചെയ്യുന്നതാണ്.

(തഫ്സീറെ കബീർ: വാല്യം 10)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*



സീറത്തുന്നബി(സ)

– ഹ. മിർസാ ബശീർ അഹ്മദ് MA (റ)

സമ്പാ: ആരിഫ് മുഹമ്മദ്

# ഒരു വ്യാജാരോപണം

നബി(സ) ക്രിസ്ത്യാനികളിൽ നിന്നും പല കാര്യങ്ങളും പഠിച്ചിട്ടുണ്ടായിരുന്നുവെന്നും അതിനെ പല വർണ്ണങ്ങളിൽ തിരുമേനി അവതരിപ്പിക്കുകയായിരുന്നു എന്നതും തിരുമേനിക്കെതിരിൽ മക്കയിലെ ഖുറൈശികൾ ഉന്നയിച്ച ആരോപണങ്ങളിൽ ഒന്നായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ജബർ എന്ന് പേരുള്ള ഒരു ക്രിസ്ത്യാനി പ്രത്യേകം പരാമർശിക്കപ്പെടുന്നുണ്ട്. മക്കയിലെ പ്രമാണിയായ ഇബ്നു ഹസർമിയുടെ അടിമയായിരുന്നു അദ്ദേഹം. ക്രിസ്ത്യാനിയായത് കൊണ്ടും ക്രിസ്തു മതം വിഗ്രഹാരാധനയെ ഉപേക്ഷിച്ച് ഇസ്ലാമുമായി കൂടുതൽ അടുത്തിരിക്കുന്നത് കൊണ്ടും അദ്ദേഹം ചിലപ്പോൾ മതാവേശത്താൽ നബി(സ) യുമായി കൂടിക്കാഴ്ച നടത്തുകയും ചിലപ്പോൾ നബി തിരുമേനി തന്നെയും അദ്ദേഹത്തിന്റെ ആവേശം കണ്ടു കൊണ്ട് അദ്ദേഹത്തെ സന്ദർശിക്കുകയും തബ്ലീഗ് ചെയ്യുകയും ചെയ്യുമായിരുന്നു. ഈ കാഴ്ച കണ്ട ഖുറൈശികൾ നബി തിരുമേനി(സ) യെ അവഹേളിക്കുന്നതിനായി തിരുമേനി ജബറിൽ നിന്ന് അറിവ് നേടാറുണ്ടെന്ന് പറഞ്ഞു പരത്താൻ തുടങ്ങി. ഇസ്ലാമും ക്രിസ്തുമതവും തമ്മിലുള്ള ആദർശ ഭിന്നതയും ജബറിന്റെ വൈജ്ഞാനികനിലവാരവും കണക്കിലെടുക്കുമ്പോൾ വളരെ പൊള്ളയായ ഒരാക്ഷേപമാണിത്.

ഖുറൈശികൾക്കാണെങ്കിൽ ഒരാക്ഷേപമേ വേണ്ടൂ. അത് യുക്തിപരമോ അയുക്തിപരമോ ആണെന്നറിയേണ്ട കാര്യമൊന്നുമില്ല. അതുകൊണ്ട് തന്നെ അവർ ഈ ആക്ഷേപം വളരെ ആവേശപൂർവം തന്നെ ആവർത്തിച്ചു കൊണ്ടിരുന്നു. വിശുദ്ധ ഖുർആൻ ഈ ആക്ഷേപത്തിന് വളരെ നന്നായി മറുപടി പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ ദൂതനായ മുഹമ്മദിനെ (സ) നിങ്ങൾ ആരുമായായാണോ ബന്ധപ്പെടുത്തിപ്പറയുന്നത് ആ വ്യക്തിയുടെ നാവ് ബാഹ്യമായ നിലയിലും ആന്തരികമായ നിലയിലും പ്രവർത്തിക്കാത്തതാണ്. എന്നിരിക്കെ ഖുർആൻ പോലുള്ള ഒരു ഗ്രന്ഥത്തിൽ ജബർ എങ്ങനെയാണ് ഉസ്താദ് ആവുകയെന്ന് ഖുർആൻ ചോദിക്കുന്നു. അതായത്, ഈ വ്യക്തി അനറബി ആണെന്നിരിക്കെ ഖുർആനിൽ പ്രയുക്തമായ സാഹിത്യസമ്പുഷ്ടമായ അറബിയുടെ ഉസ്താദ് ആവുന്നത് എങ്ങനെയാണ്. മേൽ വിവരിച്ച ഖുർആനിക വചനത്തിൽ അജമിയായ അല്ലെങ്കിൽ അറബിയല്ലാത്ത പദം പ്രയുക്തമായിരിക്കുന്നതിന് മറ്റു കാരണങ്ങൾ ഉണ്ടായിരിക്കാം.

അതായത്,നബി തിരുമേനി(സ)യുടെ കാലം വരെ ഇഞ്ചീലിന്റെ അറബി തർജ്ജമ ഇല്ലാതിരുന്നതിനാൽ തിരുമേനി ഇഞ്ചീലിന്റെ ചില ഭാഗങ്ങൾ ജബറിൽ നിന്ന് കേട്ടിരുന്നത് ഹിബ്രുഭാഷയിലായിരിക്കാം. അല്ലായിരുന്നുവെങ്കിൽ തിരുമേനിക്ക് എങ്ങനെയാണ് അത് മനസ്സിലാക്കാനോ അവയെ അറബിയിലേക്ക് മാറ്റാനോ കഴിഞ്ഞിരുന്നത്.

ചില രിവായത്തുകളിൽ ഇതു സംബന്ധമായി മറ്റു ചിലരുടെ പേരുകളും വിവരിക്കപ്പെട്ടിട്ടുണ്ട്. അവരൊക്കെ തിരുമേനിയെ പഠിപ്പിച്ചിരുന്നുവെന്നാണ് ഖുറൈശികൾ ആക്ഷേപിച്ചിരുന്നത്. എന്നാൽ ഇവരെല്ലാം അടിമകളായിരുന്നുവെന്നതാണ് രസം.

## ശതാബ്ദം

1913 ഏപ്രിൽ – മെയ്

എസ്

❖ഖലീഫത്തുൽ മസീഹ് ആയി സ്ഥാനമേറ്റ ശേഷം സദർ അഞ്ചുമൻ അഹ്മദിയ്യായുടെ ആദ്യയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

❖രാജ്യത്താകമാനമുള്ള ജമാഅത്ത് പ്രതിനിധികളുടെ യോഗം ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽ വച്ച് നടന്നു. ഖാദിയാന്റെ പുറത്തു നിന്നുള്ള 150 പ്രതിനിധികൾ ഈ യോഗത്തിൽ പങ്കെടുത്തു.

❖ഹുസൂർ ഒരു പ്രഭാഷണം നടത്തി. ഈ പ്രഭാഷണം പിന്നീട് മൻസബെ ഖിലാഫത്ത് അതായത് ഖിലാഫത്തിന്റെ സ്ഥാനമാനം എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

❖യോഗത്തിൽ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങൾ ശരിയായ രീതിയിൽ നടക്കുന്നതിനായി ഹുസൂർ അഞ്ചുമൻ തറക്കിയെ ഇസ്ലാം (ORGANISATION FOR PROPAGATION OF ISLAM) എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു.

❖ഹദീസിന്റെ പ്രാമാണികഗ്രന്ഥമായ ബുഹാരി ശരീഫിൽ നിന്ന് ക്ലാസുകൾ നൽകാൻ തുടങ്ങി.

❖ലണ്ടനിൽ സ്ഥിരമായ ഒരു മിഷൻ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറായി. ഹദ്റത് ചൗധരി ഫതഹ് മുഹമ്മദ് സിയാൽ സാഹിബ് (റ) വോക്കിംഗിൽ നിന്ന് ലണ്ടനിലെത്തി.

❖ദീനുൽ ഹയ്യ് എന്ന പേരിൽ അറബിയിൽ ഒരു ലഘുലേഖ തയ്യാറാക്കി. അത് പിന്നീട് നിരവധി അറബ് രാജ്യങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു.




ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



# അൽ മുഅ്മിനു ലിൽ മുഅ്മിനി കൽ ബുൻയാനി യശുദ്ദു ബഅ്ളുഹൂ ബഅ്ളൻ

ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം കെട്ടിടം പോലെയാണ്. അതിന്റെ ഓരോ ഭാഗവും മറ്റു ഭാഗങ്ങൾക്ക് കരുത്ത് പകരുന്നു. (ബുഖാരി, മുസ്‌ലിം)

ഇതേ വിഷയത്തെ കുറിച്ചുള്ള മറ്റൊരു ഹദീസിനെ ഹദ്റത് മസീഹ് മൗഊദ്(അ) സ്വന്തം വാക്കുകളിൽ ഇങ്ങനെ വിവരിക്കുന്നു, നിങ്ങൾ ഒരു അസ്ഥിത്വം കണക്കെ സഹോദരങ്ങൾ ആകാത്തിടത്തോളം, പരസ്പരം അവയവങ്ങൾ ആകാത്തിടത്തോളം വിജയം കൈവരിക്കുക അസാധ്യമാണ്.

(അൽ ബദ്ർ നമ്പർ 1, പേജ് 12,1908)

ഈ വിഷയത്തെ അല്ലാഹു ഇങ്ങനെ വിശദീകരിക്കുന്നു,

*വദ്കുർ നിഅ്മത്തല്ലാഹി അലയ്ക്കും*
*ഇദ് കുൻതും അഅ്ദാഅൻ ഫ അല്ലഫ*
*ബയ്ന ഖുലൂബികും ഫ അസ്ബഹ്തും*
*വി നിഅ്മത്തിഹി ഇഖ്വാനാ*

അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്നിട്ടുള്ള അനുഗ്രഹങ്ങളെ സ്മരിക്കുക. നിങ്ങൾ പരസ്പരം ശത്രുക്കൾ ആയിരുന്നപ്പോൾ അവൻ നിങ്ങളുടെ ഹൃദയങ്ങളെ കൂട്ടിയിണക്കുകയും അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായി തീരുകയും ചെയ്തു.

ഇതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ) പറയുന്നു, നിഅ്മത്ത് കൊണ്ടുള്ള വിവക്ഷ നുബുവ്വത്ത് ആകുന്നു. കാരണം നിഅ്മത്ത് സമ്പൂർത്തീകരിക്കപ്പെടുന്നതിന്റെ അർഥം തന്നെ നുബുവ്വത്ത് എന്നാണ്. ഇവിടെ നിഅ്മത്തിൽ തന്നെ നബിതിരുമേനി (സ) യേയും നുബുവ്വത്തിനെയും പരാമർശിച്ചിരിക്കുന്നു. യഥാർഥത്തിൽ നബിതിരുമേനി(സ)യുടെ നുബുവ്വത്തിന്റെ അനുഗ്രഹം കൊണ്ടാണ് അവർക്ക് മേൽ കാരുണ്യം ചൊരിയപ്പെട്ടത്. ഹൃദയങ്ങളെ അല്ലാഹുവാണ് കൂട്ടിയിണക്കുന്നത്, മനുഷ്യനല്ല.

നബി തിരുമേനി(സ)യെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു,

ലൗ അൻഫഖ്ത മാഫിൽ അർദി ജമീഅൻ
മാ അല്ലഫ്ത ബയ്ന ഖുലൂബിഹിം
വലാക്കിന്നല്ലാഹ അല്ലഫ ബയ്നഹും.

ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാലും നിനക്ക് അവരുടെ ഹൃദയങ്ങളെ കൂട്ടിയിണക്കാൻ സാധിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹുവാണ് അവരെ പരസ്പരം കൂട്ടിയിണക്കിയത്....... (8-64)

ജമാഅത്ത് സംവിധാനവുമായി ആദരവോടും അനുസരണയോടും കൂടി ഒറ്റക്കെട്ടായും ഐക്യത്തോടെയും ഇരിക്കേണ്ടത് വളരെ സുപ്രധാനമായ കാര്യമാകുന്നു. കാരണം നുബുവ്വത്തിന്റെ പ്രാതിനിധ്യത്തിൽ ഇതു തന്നെയാണ് ദൈവീക തൃപ്തിക്ക് ഹേതുവാകുന്ന ഹബ്‌ലുല്ലാഹ് അഥവാ ദൈവീക പാശം. ദൈവീക പാശത്തെ കൈവിട്ടു തുടങ്ങുമ്പോൾ ജമാഅത്തിന്റെ പ്രൗഢി കുറഞ്ഞു തുടങ്ങുന്നു. അത്തരക്കാർ തങ്ങളുടെ നാശത്തോടൊപ്പം തങ്ങളുടെ ചുറ്റുപാടിന്റെയും നാശത്തിന് കാരണക്കാരായിത്തീരുന്നു. പൊതുവിൽ ഇത്തരം ജമാഅത്തുകളിൽ ഭിന്നിപ്പിന്റെ ലക്ഷണങ്ങൾ കാണാൻ തുടങ്ങുന്നു.......

ഐക്യമുള്ള പ്രസ്ഥാനത്തിൽ അനുഗ്രഹമുണ്ടാകുന്നുവെന്നതാണ് എന്റെ പൊതുവിലുള്ള അനുഭവം. അവർ തങ്ങളുടെ ചുറ്റുപാടിന്റെയും പരിഷ്കരണത്തിന് യോഗ്യരാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഐക്യം കാരണത്താൽ അസീമിതമായ അനുഗ്രഹങ്ങളും അവർക്ക് ലഭ്യമാകുന്നു. അവരുടെ തബ്‌ലീഗും സ്വീകൃതമായിത്തീരുന്നു. എന്നാൽ ഭിന്നിപ്പുള്ള ജമാഅത്തുകളിൽ ഒരു അനുഗ്രഹവും ശേഷിക്കില്ല. പ്രത്യുത നിർഭാഗ്യങ്ങളാണ് ഉടലെടുക്കുക........

സാധാരണയായി കണ്ടുവരുന്നത് ഐക്യത്തെ ശിഥിലമാക്കുന്ന ചില വ്യക്തികളുണ്ട്. അവരുടെ സ്വഭാവത്തിൽ കാഠിന്യവും സ്വാർഥതയുമാണുള്ളത്.

(ഖുത്വുബ: 24.07.1987)

സമ്പാ: എച്ച്.എസ്.കാവശ്ശേരി

# ഖിലാഫത്തിൽ ബയ്അത്തു ചെയ്യുന്നതിന്റെ യാഥാർഥ്യം

**ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)**

പ്രവാചകന്മാർ കടന്നു പോകുമ്പോൾ അവർക്കു ശേഷം അവരുടെ ഖലീഫമാർ അവരുടെ പ്രതിനിധികളാകുന്നു. അക്കാരണത്താലാണ് ഖിലാഫത്തിൽ ബയ്അത്ത് ചെയ്യേണ്ടത് അനിവാര്യമായിത്തീരുന്നത്. വ്യക്തിപരമായ സ്വന്തം നിലയിൽ ഖലീഫ അല്ലാഹുവിന്റെ പാശമല്ല. എന്നാൽ ദൈവീക പാശത്തെ പ്രതിനിധീകരിക്കുന്നവരാണെന്നതിനാൽ ഖിലാഫത്തിന്റെ കയ്യിൽ നിങ്ങൾ ബയ്അത്തിന്റെ കൈ വെക്കുമ്പോൾ യഥാർഥത്തിൽ നിങ്ങൾ ഹദ്റത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ ദാസത്വത്തിന്റെ പ്രതിജ്ഞയാണ് ഏറ്റു പറയുന്നത്. അതല്ലാതെ ഖലീഫയുടെ മറ്റൊരു സ്ഥാനവുമില്ല. ആ ഒരു ദാസത്വം ലഭിക്കുന്നില്ലായെങ്കിൽ ഖലീഫയുടെ യാതൊരു മൂല്യവും ഉണ്ടാകുന്നതല്ല. അതിനാൽ ഇതിലേക്ക് ശ്രദ്ധ പതിയുമ്പോൾ ഖിലാഫത്തിന്റെ മൂല്യവും വർദ്ധിക്കുന്നു, ബയ്അത്തിന്റെ ഉത്തരവാദിത്വവും വർദ്ധിക്കുന്നു. അതോടൊപ്പം **വലാ തഫർറക്കൂ** എന്നതിന്റെ ഫലമായുണ്ടാകുന്ന ഭിന്നിപ്പിലേക്കും ശ്രദ്ധ പതിയുന്നു. അതായത് ബയ്അത്ത് ചെയ്തതിനു ശേഷം ഭിന്നിപ്പിനു കാരണമാകുന്ന, ഹൃദയഹാനിക്കു കാരണമാകുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നവരുടെ പരിണതഫലം വളരെ ഭയാനകമാകുന്നു. അത് ഭയഭക്തിക്ക് പ്രഹരമേൽപ്പിക്കുന്ന കാര്യമാകുന്നു. (ഖുത്വുബ ജുമുഅ: 19.10.84)

അൽഹഖ്
വാർത്താപത്രിക
2014 ഏപ്രിൽ-മെയ്
പുസ്തകം 22 ലക്കം 4-5

യുഗനാദം
ഹദ്റത് അഹ്മദ്(അ)



# അനുസരണയോഗ്യമായ നേതൃത്വം

ഏതൊരു പ്രസ്ഥാനത്തിന്റെയും വിജയ ലക്ഷ്യം അനുസരണത്തിൽ അധിഷ്ഠിതമാണ്. മുസ്‌ലിം സമൂഹത്തിൽ അനുസരണവും യോഗ്യമായ നേതൃത്വവും, അനുസരണ സന്നദ്ധരായ ഒരു ജമാഅത്തും വേണമെന്ന കാര്യം മറ്റെന്തെല്ലാം മറന്നാലും മുസലിംകൾ മറക്കാൻ പാടില്ലാത്ത ഒരു യാഥാർഥ്യമാണ്. ഏതാണ് അനുസരണ യോഗ്യമായ നേതൃത്വം? അത് അല്ലാഹുവിൽ നിന്നും നിയുക്തരാകുന്ന ദിവ്യാത്മാക്കളിൽ നിന്നും ആരംഭിക്കുന്നു. റസൂൽ തിരുമേനി (സ)ക്കു ശേഷം ഖുലഫാ ഉ റാശിദീങ്ങളുടെ പിൻതുടർച്ചയിൽ സ്ഥാപിതമായ ഖിലാഫത്ത് വ്യവസ്ഥ മുസ്‌ലിംകൾ അനുഭവിച്ചറിഞ്ഞ ഒരു ചരിത്ര സത്യമാണ്. പിന്നീട് അതിന് ശൈഥില്യം സംഭവിച്ചു. അവസാന കാലത്ത് നബി തിരുമേനി(സ)യുടെ ഈ വ്യവസ്ഥയ്ക്ക് പുനരുദയമുണ്ടാകുമെന്ന് മുസ്‌ലിംകൾ ഐക്യകണ്ഠമായി വിശ്വസിക്കുന്നു. ആ അനുസരണയോഗ്യമായ നേതൃത്വം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നൊരു യാഥാർഥ്യമാണ്. അല്ലാഹു ഇസ്‌ലാമിൽ വാഗ്ദാനം ചെയ്തതും നബി(സ) പ്രവചിച്ചതുമായ വാഗ്ദത്ത മസീഹിനാൽ സ്ഥാപിതവുമായ അഹ്മദിയ്യാ ഖിലാഫത്ത് വ്യവസ്ഥയെ മുസ്‌ലിംകൾ തിരിച്ചറിയേണ്ടതുണ്ട്.

അതേസമയം, ഇക്കാലത്ത് ഈ അനുഗ്രഹത്തിന് പാത്രമായിട്ടുള്ള അഹ്മദികളുടെ ഉത്തരവാദിത്വവും വളരെ വലുതാണ്. ഖിലാഫത്തിനോടുള്ള അനുസരണത്തിലും കൂറിലും അവർ അഹമഹമികയാ മുന്നേറേണ്ടതാണ്. വാഗ്ദത്ത മസീഹ് (അ) പറയുന്നു: ശുദ്ധ ഹൃദയത്തോടു കൂടി അനുസരണം സ്വായത്തമാക്കുകയാണെങ്കിൽ ഹൃദയത്തിൽ ഒരു പ്രകാശവും ആത്മാവിൽ അവാച്യമായ ഒരാനന്ദവും സംജാതമാകുന്നു. അനുസരണം ആവശ്യമായത്ര പ്രയത്നത്തിന്റെ ആവശ്യമില്ല. എന്നാൽ അനുസരണം സത്യാധിഷ്ഠിതമായിരിക്കണമെന്ന നിബന്ധനയുണ്ട്. വളരെ പ്രയാസകരമായ കാര്യമാണിത്. അനുസരണത്തിൽ തന്റെ സ്വേച്ഛകളെയും ബലിയിടേണ്ടി വരും. അതില്ലാതെയുള്ള അനുസരണം യഥാർഥ അനുസരണമാകുന്നില്ല

വാഗ്ദത്ത മസീഹ്(അ) ആഗ്രഹിക്കുന്നതു പോലുള്ള നിലവാരം അനുസരണത്തിന്റെ കാര്യത്തിൽ പുലർത്താനുള്ള തൗഫീഖ് അല്ലാഹു തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

ആരിഫ് മുഹമ്മദ്

# ആത്മാർഥർ പാഴാക്കപ്പെടില്ല

ആത്മാർഥതയുള്ളവരെ അല്ലാഹു പാഴാക്കുന്നതല്ല. നമ്മുടെ നബി തിരുമേനി (സ) എത്തരത്തിലുള്ള വിജനതയിലാണ് ജനിച്ചത്. പിന്നീട് അല്ലാഹു എത്തരത്തിലുള്ള സംവിധാനങ്ങളാണ് ഒരുക്കി കൊടുത്തത്. ഒരു വ്യക്തിയെ നിയന്ത്രിക്കുക എത്ര ശ്രമകരമാണ്. എത്ര ആളുകളാണ് നബി(സ)യോടൊപ്പം ചേർന്നത്. നമ്മെ സംബന്ധിച്ചും അല്ലാഹു വെളിപാട് നൽകിയിരിക്കുന്നു, രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കുന്നതാണ്.

(മൽഫൂസാത്ത് വാള്യം1)

## ആത്മാർഥത ഏറ്റവും വലിയ അനുഗ്രഹം

അല്ലാഹുവിന് വേണ്ടി ഏതെങ്കിലും പ്രവർത്തനത്തിൽ മുഴുകിയിരിക്കുക എന്നത് വളരെ അനുഗ്രഹീതമായ കാര്യമാണ്. ഏതെങ്കിലും പ്രവർത്തനമില്ലാതെ ഒരു ദിവസം കഴിഞ്ഞുപോയാൽ എത്ര വിഷമമായിരിക്കും. അല്ലാഹുവിന് വേണ്ടി പ്രവർത്തിക്കുകയും അല്ലാഹു അയാൾക്കായി മാർഗങ്ങൾ തുറന്നു കൊടുക്കുകയും സഹായം ലഭ്യമാകുകയും ചെയ്യുക എന്നതിനേക്കാൾ ഉത്തമമായ മറ്റൊന്ന് ലോകത്ത് ലഭിക്കാനില്ല. എന്നാൽ ആത്മാർഥതയില്ലാത്ത പരിശ്രമങ്ങളെല്ലാം നിരർഥകമാണ്. അല്ലാഹുവിന് വേണ്ടി മാത്രമായി പ്രവർത്തിക്കേണ്ടതാണ്. മറ്റൊരു ലക്ഷ്യവും അതിൽ ഉണ്ടാകരുത്. (മൽഫൂസാത്ത് വാള്യം1)

## അല്ലാഹു ആത്മാർഥതയേയാണ് ആഗ്രഹിക്കുന്നത്

ഞാൻ സത്യമായും പറയുന്നു, വഞ്ചനയുടെ സിംഹാസനത്തിൽ ഇരിക്കുന്ന ഇമാമിനേക്കാൾ ആയിരം മടങ്ങ് ഉത്തമൻ അയാളുടെ ശിഷ്യനായിരിക്കും. കാരണം ശിഷ്യന്റെ മനസ്സിൽ വഞ്ചനയോ കാപട്യമോ ഇല്ല. അല്ലാഹു ആത്മാർഥതയാണ് ആഗ്രഹിക്കുന്നത്. കാപട്യത്തെ ഇഷ്ടപ്പെടുന്നില്ല. (മൽഫൂസാത്ത് വാള്യം4)

## കർമങ്ങൾക്ക് ആത്മാർഥത നിബന്ധന

ആത്മാർഥതയുണ്ടെങ്കിൽ അല്ലാഹു നന്മയുടെ ഒരു അണുപോലും പാഴാക്കി കളയുന്നതല്ല.... ധാരാളം നന്മകൾ ചെയ്തിട്ടും നല്ല ഫലം ലഭിക്കാത്തത് അതിൽ ആത്മാർഥതയില്ല എന്നതിനാലാണ്. കർമങ്ങൾക്കായി ആത്മാർഥത നിബന്ധനയാണ്. (മൽഫൂസാത്ത് വാള്യം4)

## യഥാർഥ ആത്മാർഥതയുടെ അടയാളം

ലോകം തങ്ങളെ എന്തു പറയും എന്ന ചിന്ത ഒരിക്കലും ഉണ്ടാകില്ല എന്നതാണ് യഥാർഥ ആത്മാർഥതയുടെ ലക്ഷണം. ആരുടെയെങ്കിലും മനസ്സിൽ ഇത്തരത്തിലുള്ള അല്പം ചിന്ത പോലും വന്നാൽ അയാൾ ശിർക്കാണ് ചെയ്യുന്നത്. യഥാർഥ ആത്മാർഥ വ്യക്തി ലോകം തന്നെ നല്ലവനെന്നോ ചീത്തവനെന്നോ പറയുന്നതിനെ പരിഗണിക്കുന്നതല്ല.

(മൽഫൂസാത്ത് വാള്യം 4)

## ആത്മാർഥത ഏറ്റവും മൂർച്ചയേറിയ വാൾ

അല്ലാഹുവിന്റെ മാർഗത്തിൽ കേവലം സദുദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ആത്മാർഥ പ്രവർത്തനങ്ങൾ. ഹൃദയത്തെ അതിജയിക്കുന്നതിനായി ആത്മാർഥതയേക്കാൾ മൂർച്ചയേറിയ മറ്റൊരു വാളില്ല. ഇത്തരം കാര്യങ്ങളിലൂടെയാണ് ജനങ്ങൾ ലോകം കീഴടക്കിയിട്ടുള്ളത്.

(മൽഫൂസാത്ത് വാള്യം 5)




സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

# ഹുസൂറിന്റെ ശ്രദ്ധ

ഹക്കീം മൗലവി റഹീം ബഖ്ശ് സാഹിബി ന്റെ ഭാര്യ ബർക്കത്ത് ബീബി സാഹിബ എഴുതുന്നു:

ഒരിക്കൽ ഞാൻ ഹുസൂർ(അ) ന് വുളു ചെയ്യുവാനുള്ള സൗകര്യം ചെയ്ത് കൊടു ക്കുകയായിരുന്നു. ളുഹറിന്റെയോ അസറി ന്റെയോ സമയം ആയിരുന്നു. എന്റെ മകൾ എന്നോട് ചോദിച്ചു, ഉമ്മാ ഇത് ഇമാം മഹ്ദി ആണോ? ഞാൻ പറഞ്ഞു അതെ. അപ്പോ ൾ ഹുസൂർ (അ) ചോദിച്ചു. ഈ പെൺകുട്ടി എന്താണ് പറയുന്നത്? ഞാൻ പറഞ്ഞു അവൾ ചോദിക്കുന്നു ഇമാം മഹ്ദി ഇത് തന്നെയാണോ എന്ന്. ഹുസൂർ പുഞ്ചിരിച്ച് കൊണ്ട് പറഞ്ഞു, അതേ ഞാൻ ഇമാം മഹ് ദി ആകുന്നു. ഹുസൂർ പറഞ്ഞു: എനിക്ക് ഇറച്ചി കൊണ്ട് വരിക്കുക. ഹദ്റത് ഖലീഫ അവ്വൽ (റ) ന്റെ ഭാര്യ എന്നോട് പറഞ്ഞു, നീ ഭാഗ്യവതിയാണ്. കാരണം ഹുസൂർ (അ) ന് നിങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ട്.

# ഹുസൂറിന്റെ ഇഷ്ടം

മിർസാ ഖാത്തൂൻ സാഹിബ എഴുതുന്നു. ഞങ്ങൾ ബയ്അത്ത് ചെയ്ത് അമൃത്സറി ലേക്ക് മടങ്ങിയ സമയത്ത് എന്റെ വയസ്സ് ഏകദേശം 15 ആയിരുന്നു. ഒരു വർഷത്തിന് ശേഷം എന്റെ സഹോദരൻ അലി സഫർ സാഹിബ് ആഫ്രിക്കയിൽ നിന്നും ഹദ്റത് മസീഹ് മൗഊദ് (അ)ന് എഴുതിയ കത്തിൽ ഇപ്രകാരം പറയുന്നു. എന്റെ സഹോദരിയു ടെ വിവാഹം ഹുസൂർ(അ) ന്റെ ഇഷ്ടത്തിന് വിട്ട് തരുന്നു. ഹുസൂർ(അ) അവരുടെ വലി ആയിക്കൊണ്ട് ഇഷ്ടമുള്ളിടത്ത് നിന്ന് അവ രുടെ ബന്ധം ഉറപ്പിച്ചുകൊള്ളുക. അതേ വിഷയത്തെ കുറിച്ച് തന്നെ മറ്റൊരു സഹോ ദരൻ ആയ ഫൈസ് അലി സാഹിബിനും കത്തയച്ചിരുന്നു. പിന്നീട് ഹുസൂർ (അ) എന്റെ സഹോദരന് ഇപ്രകാരം മറുപടി നൽകി, താങ്കളുടെ മൂത്ത സഹോദരൻ പെൺകുട്ടിയുടെ ചുമതല എന്നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ എഴു ത്തും വന്നിരുന്നു. ഞാൻ ഡോ. ഖലീഫാ



റശീദുദ്ദീൻ സാഹിബിനെ താത്പര്യപ്പെ ടുന്നു. അദ്ദേഹത്തെ കാണുക. ഇഷ്ടപ്പെ ട്ടാൽ താങ്കളുടെ സഹോദരിയുടെ വിവാഹം അദ്ദേഹവുമായി നടത്തുക. അതിന് മുമ്പ് താങ്കളുടെ സഹോദരിയെ അദ്ദേഹത്തിന് കാണിച്ചു കൊടുക്കുകയാണെങ്കിൽ അത് ഉത്തമമായിരിക്കും.

(സീറത്തുൽ മഹ്ദി വാള്യം: 2)

# മെയ് 27 ന്റെ പ്രാധാന്യം

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് അഹ് മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ചരിത്രപ്രാധാന്യമർഹിക്കുന്ന ദിനമാണ്. ഇന്നേ ദിവസമാണ് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വഫാത്തിന് ശേഷം അഹ്മദികളുടെ ഭയാ വസ്ഥയെ സമാധാനത്തിലേക്ക് മാറ്റിക്കൊണ്ട് അല്ലാഹു ഖിലാഫത്ത് വ്യവസ്ഥിതിയെ സ്ഥാ പിച്ചത്. തന്റെ വാഗ്ദാനമനുസരിച്ച് അഹ്മ ദിയ്യാ ഖിലാഫത്തിന് അവൻ ശക്തി പകർന്നു. അതായത് ആദ്യമുണ്ടായിരുന്ന ആ പ്രൗഢി യെ അല്ലാഹു വീണ്ടും നിലനിർത്തി. ഹദ്റത് മസീഹ് മൗഊദ് (അ) തന്റെ ദൂതനും നബി യുമാണെന്ന് അല്ലാഹു സാക്ഷി പറയുകയും ചെയ്തു. നബി തിരുമേനി (സ)യാൽ സ്ഥാപി തമായ ശരീഅത്തിനെ പുനസ്ഥാപിക്കാൻ വേണ്ടി നിയോഗിതനായ മഹാനാണ് അദ്ദേഹ മെന്ന് സാക്ഷി പറഞ്ഞു. ആ മഹാത്മാന്റെ വേർ പാടിനു ശേഷം, നബി (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ഖിലാഫത്ത് പരമ്പര അന്ത്യ നാൾ വരെ നിലനിൽക്കേണ്ടതുണ്ടായിരുന്നു.

ചുരുക്കത്തിൽ ഇന്ന് 97 വർഷം പിന്നിടുമ്പോൾ അഹ്മദിയ്യാ ജമാഅത്തിലെ ഓരോ കുട്ടിയും യുവാവും വൃദ്ധനും പുരുഷനും സ്ത്രീയും തൽസംബന്ധമായുള്ള അല്ലാഹുവിന്റെ ആദ്യ ത്തെ സാക്ഷ്യം പൂർത്തിയായി കണ്ടിരിക്കുന്നു വെന്ന്, കണ്ടുകൊണ്ടിരിക്കുന്നുവെന്ന് സാക്ഷ്യം പറയുന്നവരാണ്. അഹ്മദികൾ മാത്രമല്ല, പ്രത്യുത അനഹ്മദികൾ പോലും ഇക്കാര്യം അംഗീകരിക്കുന്നു......

അഞ്ചാമത്തെ ഖിലാഫത്ത് നിലവിൽ വന്ന ശേ ഷം എം.ടിഎയിൽ സംപ്രേഷണം ചെയ്ത അ വിടെ നടന്ന പരിപാടികളെല്ലാം കണ്ട ശേഷം എതിരാളികൾ പോലും അംഗീകരിച്ച ഒരു യാ ഥാർഥ്യമുണ്ട്. അവർ പറഞ്ഞു, നിങ്ങൾ സത്യ വാന്മാരാണോ എന്ന് ഞങ്ങൾക്കറിയില്ല. എന്നാൽ അല്ലാഹുവിന്റെ ആദ്യ സാക്ഷ്യം നിങ്ങളോടൊപ്പമാണെന്ന് ഞങ്ങൾ മനസ്സിലാ ക്കുന്നു. എന്തായാലും അഹ്മദിയ്യാ ജമാഅ ത്തിന്മേലുള്ള അല്ലാഹുവിന്റെ ഏറ്റവും വലിയ ഔദാര്യമാണിത്. അവന്റെ അനുഗ്രഹമാണിത്. അതിന് എത്രയധികം നന്ദി കാണിച്ചാലും കുറ വായിരിക്കും.

(ഖുത്വുബ ജുമുആ: 27.05.2005)

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും

എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് അബ്ബാസ് (റ) ഇബ്നു അബ്ദുൽ മുത്ത്വലിബ്

**വംശാവലി:** ഉയരം കൂടിയ വെളുത്ത സുന്ദരമായ രൂപം. നബി തിരുമേനി(സ)യുടെ പിതൃസഹോദരൻ. പ്രായത്തിൽ നബി (സ) യേക്കാളും രണ്ടോ മൂന്നോ വയസ്സ് കൂടുതൽ. അദ്ദേഹത്തിന്റെ മാതാവായ നതീല ബിൻത് ഖബാബായിരുന്നു കഅബാ മന്ദിരത്തെ ആദ്യമായി പട്ടിന്റെ പുതപ്പണിയിച്ച വനിത. ഹാജിമാരെ വെള്ളം കുടിപ്പിക്കുകയും കഅബയെ സംരക്ഷിക്കുകയും ചെയ്യുക എന്ന കടമ പിന്തുടർച്ചയായി അദ്ദേഹത്തിന് ലഭിച്ചിരുന്നു. അക്കാരണത്താൽ മക്കയിൽ അദ്ദേഹത്തിന് ഒരു വിശേഷസ്ഥാനം തന്നെ ഉണ്ടായിരുന്നു.

## ഇസ്ലാം ആശ്ലേഷണം

പൊതുവിൽ മദീന ഹിജ്റതിന്റെ സമയത്താണ് അദ്ദേഹം ഇസ്ലാം മതം സ്വീകരിച്ചതെന്ന് പറയപ്പെടുന്നത്. എന്നാൽ യഥാർഥത്തിൽ മക്കയിൽ വെച്ചു പ്രാരംഭഘട്ടത്തിൽ തന്നെ തന്റെ പത്നിയായ ഉമ്മുൽ ഫദ്ൽ (റ)യോടൊപ്പം ഇസ്ലാം സ്വീകരിച്ചിരുന്നു. എന്നാൽ കഅബയുടെ പ്രത്യേക സേവനങ്ങൾക്കായിട്ടും മക്കയിലുള്ള മുസ്ലിംകളുടെ നന്മയ്ക്കായിട്ടും ഹദ്റത് അബ്ബാസ് (റ) മക്കയിൽ തങ്ങേണ്ടത് അനിവാര്യമായിരുന്നു. അതിനാൽ നബി (സ)യുടെ പ്രത്യേക നിർദേശത്താൽ അദ്ദേഹം മക്കയിൽ തന്നെ തങ്ങുകയായിരുന്നു. അദ്ദേഹത്തിന്റെ മകന്റെയും അടിമയുടെയും നിവേദനത്തിലും അദ്ദേഹം ആരംഭഘട്ടത്തിൽ തന്നെ ഭാര്യയോടൊപ്പം ബയ്അത്ത് ചെയ്തിരുന്നതായി കാണുന്നു.

## ഉത്തമ ജിഹാദ്

ചുരുക്കത്തിൽ നബി (സ) യുടെ പ്രത്യേക നിർദേശത്താലായിരുന്നു അദ്ദേഹം മക്കയിൽ തന്നെ തങ്ങിയത്. ഹദ്റത് ഇബ്നു അബ്ബാസ്(റ) പറയുന്നു, ഹിജ്റതിനു ശേഷം മക്കയിലെ ഒരു വാർത്തയും നബി (സ)യിൽ നിന്ന് മറഞ്ഞിരുന്നില്ല. ഹദ്റത് അബ്ബാസ് (റ) എല്ലാ വിവരങ്ങളും നബി (സ)യെ അറിയിച്ചു കൊണ്ടിരുന്നു. അദ്ദേഹം നബി (സ) യോട് മദീനയിലേക്ക് ഹിജ്റതിനായി ചോദിച്ചപ്പോഴെല്ലാം നബി (സ) അനുമതി നിഷേധിക്കുകയാണ് ചെയ്തത്. താങ്കളുടെ അവിടുത്തെ വാസം ഉത്തമമായ ജിഹാദാണ് എന്നായിരുന്നു നബി (സ) നൽകിയിരുന്ന മറുപടി.

## വിശ്വസ്ത സുരക്ഷാ സങ്കേതം

അബൂത്വാലിബിന്റെ മരണശേഷം നബി (സ)യുടെ മക്കയിലെ സുരക്ഷാ സങ്കേതം ഹദ്റത് അബ്ബാസ്(റ) ഭവനമായിരുന്നു. ഉഖ്ബയിൽ വെച്ച് 12 അൻസാരികളുമായി നബി (സ)യുടെ പ്രതിനിധി എന്ന നിലയിൽ ആദ്യം സംസാരിച്ചത് അദ്ദേഹമായിരുന്നു. അന്ന് നടന്ന ബയ്അത്തിൽ അദ്ദേഹം നബി (സ) യുടെ കയ്യിൽ കയ്യ് വെച്ച് ബയ്അത്ത് പുതുക്കുകയും ചെയ്തു. ഉഖ്ബയിൽ വെച്ചു നടന്ന രണ്ടാം ബയ്അത്ത് സമയത്തും അദ്ദേഹം സന്നിഹിതനായിരുന്നു.

## ബദ്റിൽ ഇസ്ലാമിനെതിരിൽ

ബദ്ർ യുദ്ധവേളയിൽ അബൂജഹൽ മക്കയിലുള്ള എല്ലാ ഖുറയ്ശി നേതാക്കളെയും യുദ്ധത്തിനായി നിർബന്ധിച്ചു. അക്കൂട്ടത്തിൽ ഗത്യന്തരമില്ലാതെ ഹദ്റത് അബ്ബാസ് (റ) നും ഇസ്ലാമിനെതിരിൽ അണിനിരക്കേണ്ടി വന്നിരുന്നു. തൽസംബന്ധമായി നബി (സ)യ്ക്ക് വിവരം ലഭിച്ചപ്പോൾ യുദ്ധത്തിൽ അദ്ദേഹത്തെ കണ്ടുമുട്ടിയാൽ വധിക്കരുത് എന്ന നിർദേശം സഹാബാക്കൾക്ക് നൽകി.

## തടവുകാരനാക്കപ്പെടുന്നു

പ്രസ്തുത യുദ്ധത്തിൽ അബ്ബാസ്(റ) തടവുകാരനാക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന് യുദ്ധശേഷം തിരിച്ച് മക്കയിൽ എത്തി മുൻകടമകൾ തുടരേണ്ടതുണ്ടായിരുന്നു. അക്കാരണത്താൽ അദ്ദേഹത്തിന്റെ ഇസ്ലാം ആശ്ലേഷണത്തെ വീണ്ടും ഗുപ്തമായി തന്നെ വെക്കേണ്ടതുണ്ടായിരുന്നു. അതിനാൽ മറ്റ് തടവുകാരെ കയറിനാൽ ബന്ധിച്ചതു പോലെ അദ്ദേഹത്തെയും ബന്ധിക്കുകയുണ്ടായി. ബന്ധനാവസ്ഥയിൽ അദ്ദേഹത്തിന്റെ അസ്വസ്ഥത നബി(സ)യെ അലോസരപ്പെടുത്തിയിരുന്നു. അവസാനം മറ്റ് തടവുകാരെ പോലെ തന്നെ അദ്ദേഹത്തിൽ നിന്നും ഫിദ്യ കരസ്ഥമാക്കി മോചിപ്പിക്കുകയുണ്ടായി.

## യുദ്ധങ്ങളിൽ പങ്കാളിത്തം

ബദ്ർ യുദ്ധത്തിന് പകരം ചോദിക്കുന്നതിനായി ഖുറയ്ശികൾ അടുത്ത വർഷം മുവ്വായിരം സൈനികരെ തയ്യാറാക്കി. ഹദ്റത് അബ്ബാസ്(റ) ഈ വിവരം നബി(സ) യിലേക്ക് എത്തിച്ചു. അങ്ങനെ നബി(സ) അൻസാറുകളുമായി അലോചിച്ച് അനുയോജ്യമായ തീരുമാനം എടുക്കുകയും വേണ്ടുന്ന തയ്യാറെടുപ്പുകൾ ചെയ്യുകയും ചെയ്തു. ഖയ്ബർ യുദ്ധവേളയിൽ നബി(സ) പരാജയപ്പെട്ടു എന്ന കിംവദന്തി പരന്നപ്പോൾ അദ്ദേഹം അസ്വസ്ഥനായി. പിന്നീട് നിജസ്ഥിതി അറിഞ്ഞപ്പോൾ സന്തോഷിക്കുകയും ചെയ്തു. പിന്നീട് നടന്ന എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ)യോടൊപ്പം ഉണ്ടായിരുന്നു.

## ഖാത്തമുൽ മുഹാജിരീൻ

മക്കാ വിജയവേളയിൽ നബി(സ) അദ്ദേഹത്തോട് പറഞ്ഞു, അല്ലയോ പിതൃസഹോദരാ! പ്രവാചകത്വത്തിൽ ഞാൻ ഖാത്തമുന്നബിയ്യീനാണെന്നതു പോലെ താങ്കൾ ഖാത്തമുൽ മുഹാജിറാകുന്നു. അതായത് ഹിജ്റതിന് ആഗ്രഹമുണ്ടായിരുന്നിട്ടും നബി (സ) യുടെ നിർദേശ പ്രകാരം മക്കയിൽ തന്നെ തങ്ങിക്കൊണ്ട് സുപ്രധാന കടമ നിറവേറ്റിയെന്നത് അദ്ദേഹത്തിന്റെ ഹിജ്റത്തിന്റെ പ്രൗഢിയെ തന്നെ തിളക്കമുള്ളതാക്കി മാറ്റുന്നു. മക്കാവിജയ രാത്രിയിൽ ഹദ്റത് ഉമർ (റ) അബൂസുഫ്യാനെ പിടിച്ചു കൊണ്ടുവന്നപ്പോൾ അബ്ബാസ്(റ) ആയിരുന്നു അബൂസുഫ്യാന് അഭയം നൽകിയത്.

## പിന്തിരിഞ്ഞവരെ വിളിച്ചടുപ്പിക്കുന്നു

ഹുനൈൻ യുദ്ധത്തിൽ ശത്രുക്കളുടെ അപ്രതീക്ഷിത ആക്രമണത്തിൽ ചിതറിയോടിയെ മുസ്ലിംകളെ മടക്കി വിളിച്ചത് അബ്ബാസ്(റ) ആകുന്നു. ഗാംഭീര്യശബ്ദത്തിനുടമയായ⟶


ദഅ്‌വത്തെ ഇലല്ലാഹ്



മുജീബ്

# ഖലീഫയും മുജദ്ദിദും

**മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ് മർഹൂം**



മൂന്നാം ഖിലാഫത്ത് കാലഘട്ടത്തിൽ വിനീതന് സിന്ദിലെ ഹൈദരാബാദിൽ ഒരു ഇജ്തിമായിൽ പങ്കെടുക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചിരുന്നു. അവിടെ സച്ചരിതരായ ഖലീഫമാരുടെ സാന്നിദ്ധ്യത്തിൽ മുജദ്ദിദ്മാർ വരുമോ എന്ന ചോദ്യം വളരെ ശക്തമായ നിലയിൽ ഉന്നയിക്കപ്പെട്ടിരുന്നു.

ഞാൻ അഹ്മദിയുവാക്കളോട് ചോദിച്ചു, പതിമൂന്ന് നൂറ്റാണ്ടുകളിലെയും മുജദ്ദിദ്മാർ ഒരു മൈതാനത്ത് സമ്മേളിച്ചിരിക്കുന്നു എന്ന് സങ്കൽപ്പിക്കുക. കൃത്യം നമസ്കാരം തുടങ്ങുന്ന സമയമായപ്പോൾ നബിതിരുമേനി(സ)യുടെ ഒരു സഹാബി(റ) അവിടെ എത്തിച്ചേർന്നാൽ ആരായിരിക്കും ഇമാമത്തി ന് യോഗ്യൻ എന്ന് പറഞ്ഞ് തന്നാലും. നാനാഭാഗത്ത് നിന്നും ശബ്ദം ഉയർന്നു നബി(സ)യുടെ സഹാബി(റ). ഞാൻ ഇക്കാര്യത്തെ പ്രാരംഭ തെളിവായി ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു, ഇസ്‌ലാമിലെ എല്ലാ മുജദ്ദിദീംകളെക്കാളും ഉന്നതമായ സ്ഥാനം സഹാബാക്കൾ(റ) ക്കായിരിക്കും എന്ന് ഇതിലൂടെ സ്ഥാപിതമായിക്കഴിഞ്ഞല്ലോ. ഇനി ഇസ്‌ലാമിക ചരിത്രസംഭവങ്ങളിലേക്ക് അല്പം ശ്രദ്ധ ചെലുത്തിയാലും. നബി തിരുമേനി(സ)യുടെ വഫാത്തിന് ശേഷം മദീനയുടെ അവസ്ഥ ഭീതിജനകമാണെന്നും അക്കാരണത്താൽ മദീനയിൽ നിന്നും ശാമിലേക്ക് സൈന്യത്തെ അയക്കരുതെന്നും സഹാബാക്കൾ എല്ലാവരും ആഗ്രഹിച്ചിരുന്നതായി എല്ലാ ചരിത്രകാരന്മാരും അംഗീകരിക്കുന്നുണ്ടല്ലോ? എന്നാൽ ഖലീഫ എന്ന പദവിയിൽ നിന്നുകൊണ്ട് ഹദ്റത് അബൂബക്കർ സിദ്ദീഖ് (റ) എല്ലാ സഹാബാക്കളുടെയും ആവശ്യത്തെ പൂർണമായും നിരാകരിച്ചു. അന്നേരം എല്ലാ സഹാബാക്കളും യാതൊരു ഭാവഭേദവുമില്ലാതെ പ്രസന്നവദരായി അത് അംഗീകരിച്ചു. അല്ലാഹുവും അവിടെ ഇസ്‌ലാമിന് മഹത്തായ വിജയം നൽകിക്കൊണ്ട് തന്റെ സംതൃപ്തി വെളിപ്പെടുത്തി. ഇതാണ് **എല്ലാ മുജദ്ദീദീംകൾക്കും മേൽ സച്ചരിതരായ ഖലീഫമാരുടെ ശ്രേഷ്ഠത.**

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) അതേ ദിനങ്ങളിൽ കേന്ദ്ര അൻസാറുല്ലായുടെ വാർഷിക ഇജ്തിമായിൽ ഇതേ വിഷയത്തിൽ പ്രഭാഷണം നടത്തികൊണ്ട് പറഞ്ഞു, അഹ്മദിയ്യത്തിലെ എല്ലാ മുബല്ലിഗ്മാരും അവരവരുടെ പരിതികളിൽ മുജദ്ദിദ്മാരാകുന്നു. അത്തരത്തിൽ ഖിയാമത്ത് നാൾ വരെ ലക്ഷക്കണക്കിനും കോടിക്കണക്കിനും മുജദ്ദിദ്മാർ വന്നുകൊണ്ടിരിക്കും. എന്നാൽ അവരെല്ലാം തന്നെ കാലത്തിന്റെ ഖലീഫയുടെ സേവകരും പ്രേമികളും ആയിരിക്കും.

(ദിൽചസ്പ് ഇൽമി വാഖിആത്ത് വ മുശാഹിദാത്ത്)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

---

➟ അദ്ദേഹം ഹുദൈബിയ ബയ്അത്തിനെ ഓർമപ്പെടുത്തിക്കൊണ്ടാണ് മുസ്‌ലിംകളെ മടക്കി വിളിച്ചത്.

### ശ്രേഷ്ഠത

നബി(സ) അദ്ദേഹത്തെ വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അദ്ദേഹം തന്റെ ശേഷിക്കുന്ന പൂർവികരിൽ പെട്ട ആളാണെന്ന് നബി (സ) പറയുമായിരുന്നു. തന്റെ പിതാവിന് സമമാണെന്നും പറയുമായിരുന്നു. അദ്ദേഹം വളരെ ബുദ്ധിമാനും നല്ല അഭിപ്രായം പ്രകടിപ്പിക്കുന്ന വ്യക്തിയുമായിരുന്നു. ഖുറൈശി ഗോത്രത്തിൽ കുടുംബ ബന്ധങ്ങളെ വിളക്കിച്ചേർക്കുന്നതിന്റെ പ്രതിനിധിയായിരുന്നു അദ്ദേഹം. അദ്ദേഹം 70 അടിമകളെ മോചിപ്പിച്ചിരുന്നു. അദ്ദേഹത്തിന് സൽസ്വപ്നങ്ങളും ദർശനങ്ങളും ഉണ്ടാകുമായിരുന്നു. നബി(സ) യുടെ വഫാത്തിനെ സംബന്ധിച്ച് അദ്ദേഹത്തിന് ദർശനം ഉണ്ടായിരുന്നു. സൂര്യനേയോ ചന്ദ്രനേയോ ബലമുള്ള കയറിനാൽ ഭൂമിയിൽ നിന്ന് ആകാശത്തേക്ക് കയറ്റുന്നതായി അദ്ദേഹം കണ്ടു. നബി(സ) പറഞ്ഞത് അത് കൊണ്ടുള്ള വിവക്ഷ താങ്കളുടെ സഹോദര പുത്രനാകുന്നു എന്നാണ്.

### ഖലീഫമാരുടെ പെരുമാറ്റം

നബി(സ)യുടെ വഫാത്തിനു ശേഷം ഖുലഫായെ റാശിദീംകൾ അദ്ദേഹത്തോട് ആദരവും ബഹുമാനത്തോടും കൂടിയാണ് പേരുമാറിയിരുന്നത്. ക്ഷാമമുണ്ടാകുമ്പോൾ ഹദ്റത് ഉമർ(റ) അദ്ദേഹത്തിന്റെ പേരിലായിരുന്നു ദുആ ചെയ്തിരുന്നത്.

### അന്ത്യകാലം

ആയുസിന്റെ അന്തിമഘട്ടത്തിൽ അദ്ദേഹം അന്ധനാകുകയുണ്ടായി. ഹദ്റത് ഉമർ (റ) ഉം ഹദ്റത് ഉസ്മാൻ (റ) ഉം അദ്ദേഹത്തെ പ്രത്യേകമായി ആദരിച്ചിരുന്നു. അദ്ദേഹത്തെ കാണുമ്പോൾ അവർ കുതിരപ്പുറത്തു നിന്നും താഴെ ഇറങ്ങുമായിരുന്നു.

### വഫാത്ത്

ഹിജ്റി 32 ൽ ഹദ്റത് ഉസ്മാൻ(റ) ന്റെ ശഹാദത്തിന് രണ്ടു വർഷം മുൻപ് 88-ാം വയസ്സിൽ ഹദ്റത് അബ്ബാസ് (റ) വഫാത്തായി. ഹദ്റത് ഉസ്മാൻ (റ) ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി. ജന്നത്തുൽ ബഖീഇൽ അടക്കം ചെയ്യപ്പെട്ടു.

**- ഇബ്നു അശ്റഫ്**

പുണ്യാത്മാക്കൾ

# ഹദ്റത് ചൗധരി ഗുലാം അഹ്മദ് ഖാൻ സാഹിബ് (റ)

**കാ൪ഗഢിൽ അഹ്മദിയ്യത്ത്**

1900ലാണ് കാ൪ഗഢിൽ അഹ്മദിയ്യത്ത് സ്ഥാപിതമാകുന്നത്. ഹദ്റത് ചൗധരി ഗുലാം അഹ്മദ് സാഹിബ് (റ) ഓഫ് കർയാം മുഖേനയാണ് അവിടെ ജമാഅത്ത് സ്ഥാപിതമാകുന്നത്. ഏറ്റവും ആദ്യം ബയ്അത്ത് ചെയ്തത് ഹദ്റത് മുഹമ്മദ് അലി ശാഹ് സാഹിബ് (റ) ആയിരുന്നു. തുടർന്ന് ഹദ്റത് മൗലവി അബ്ദുസ്സലാം സാഹിബ് (റ) ബയ്അത്ത് ചെയ്തു. പിന്നീട് കാ൪ഗഢിലെ പ്രധാനിയായിരുന്ന ചൗധരി ഗുലാം അഹ്മദ് ഖാൻ സാഹിബും അഹ്മദിയ്യത്തിനെ സംബന്ധിച്ച് സൂക്ഷ്മമായി പഠിക്കാൻ തുടങ്ങി. തന്റെ സഹോദരന്മാരിൽ നിന്ന് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വാദഗതികളെ സംബന്ധിച്ച് ചോദിച്ചു മനസ്സിലാക്കി. കൂടാതെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുവാനും ആരംഭിച്ചു.

**ദുആ സ്വീകരിക്കപ്പെടുന്നു**

അദ്ദേഹം ഒരു ആൺകുട്ടിക്കു വേണ്ടി ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ പക്കൽ ദുആക്കായി കത്തെഴുതി. അതുവരെ അദ്ദേഹത്തിന് പെൺമക്കൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ആൺമക്കൾ ഉണ്ടായിരുന്നില്ല. വാർദ്ധക്യത്തിനോടടുത്ത പ്രായവുമായിരുന്നു. പ്രസ്തുത കത്തിന് താങ്കളുടെ ആഗ്രഹമനുസരിച്ച് ആൺകുട്ടി ജനിക്കുന്നതിനായി ദുആ ചെയ്തിട്ടുണ്ട് എന്ന മറുപടി വന്നു. അതിന് ഒരു വർഷത്തിന് ശേഷം അല്ലാഹു അദ്ദേഹത്തിന് ആൺസന്തതി നൽകി അനുഗ്രഹിച്ചു. ആ മകന് അദ്ദേഹം അബ്ദുർ റഹീം എന്ന പേര് ഇട്ടു.

**അഹ്മദിയ്യത്തിലേക്ക്**

ഹദ്റത് ചൗധരി ഗുലാം അഹ്മദ് ഖാൻ സാഹിബ് (റ) വളരെയധികം സുമുഖനും ബുദ്ധിശാലിയുമായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം വളരെ വലിയതായിരുന്നു. കാ൪ഗഢിൽ 7 താലൂക്കുകളുണ്ടായിരുന്നു. എന്നാൽ അവിടത്തെ ഏറ്റവും വലിയ താലൂക്ക് അധികാരി യും നേതാവും അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹന്മാർ രജപുത്രരായിരുന്നു.

1903ൽ അദ്ദേഹം ഖാദിയാനിൽ വരികയും അവിടെ വെച്ച് ബയ്അത്ത് ചെയ്യുകയും ചെയ്തു. തുടർന്ന് അദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്ന് നൂറ് പേർ ഹദ്റത് മസീഹ് മൗഊദ് (അ) ന് ബയ്അത്ത് ചെയ്തുകൊണ്ട് അഹ്മദിയ്യത്തിൽ പ്രവേശിക്കുകയുണ്ടായി.

**സ്വാധീന ശക്തി**

അദ്ദേഹം ഉന്നത ധാർമിക ഗുണങ്ങളുടെ ഉടമയായിരുന്നു. പ്രദേശത്ത് വളരെയധികം പ്രതാപവും അന്തസും ഉള്ള വ്യക്തിയായിരുന്നു. അദ്ദേഹം അഹ്മദിയായതിന് ശേഷം മുഴുവൻ പ്രദേശങ്ങളിലും ധാരാളം ജമാഅത്തുകൾ സ്ഥാപിതമായി. അദ്ദേഹത്തിന്റെ സഹായത്തോടെ മൗലവി അബ്ദുസ്സലാം സാഹിബ് കുട്ടികൾക്കായി പ്രൈമറി സ്കൂൾ ആരംഭിച്ചു. ആ സ്കൂൾ പിന്നീട് അഹ്മദിയ്യ മിഡിൽ സ്കൂളായി 1947 വരെ സേവനം അനുഷ്ഠിച്ചിരുന്നു.

**സത്യാന്വേഷണം**

ഹദ്റത് ചൗധരി സാഹിബ്(റ) ന്റെ ഒരു കത്തിൽ നിന്നും അദ്ദേഹത്തിന്റെ അറിവിനെ സംബന്ധിച്ചും ഖുർആനിക ജ്ഞാനത്തെ സംബന്ധിച്ചും അഹ്മദിയ്യത്ത് സ്വീകരിച്ചതിനെ സംബന്ധിച്ചും വളരെയധികം അറിവ് ലഭിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു,

ഞാൻ പക്വപ്രായമെത്തിയപ്പോൾ വഹാബി ആദർശത്തിൽ വളരെ ശക്തമായി വിശ്വസിക്കുകയും ഉറച്ചു നിൽക്കുകയും ചെയ്തിരുന്നു. പിന്നീട് സർ സയ്യദ് അഹ്മദ് ഖാൻ സാഹിഹിബിന്റെ ലേഖനങ്ങൾ ഇറങ്ങാൻ തുടങ്ങി. അപ്പോൾ അത് വായിക്കുകയും അതിലെ പല കാര്യങ്ങളിലും ആകൃഷ്ടനാകുകയും ചെയ്തു. എന്നാൽ അന്തിമ ഫലത്തെ കുറിച്ച് ചിന്തിച്ചപ്പോൾ പ്രവർത്തന മണ്ഡലം ദിനം തോറും വഷളായി വരുന്നതായി കണ്ടു. അന്നേരം മനസ്സിൽ ഒരു ചോദ്യം ഉദിച്ചു. അല്ലാഹു വിശുദ്ധ ഖുർആനിൽ തന്റെ ദീനിന്റെ സംരക്ഷണത്തെ കുറിച്ച് വാഗ്ദാനം നൽകിയിരിക്കുന്നു. എന്നാൽ അതിന്റെ പൂർത്തീകരണം എപ്പോഴാണ് ഉണ്ടാകുക? അമൃത്സറിലെ പാതിരി റജബ് അലിയുടെ പ്രസിൽ മീർസാ സാഹിബിന്റെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധീകരിക്കുവാനായി എത്തിയ കാലം മുതൽക്കു തന്നെ അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഞാൻ വായിക്കാറുണ്ടായിരുന്നു. പിന്നീട് ബറാഹീനെ അഹ്മദിയ്യായുടെ ചില വാള്യങ്ങൾ ഞാൻ വായിച്ചു. തന്മൂലം മീർസാ സാഹിബിന്റെ ഇസ്ലാമിന്റെ സത്യസാക്ഷ്യത്തിനുള്ള പരാമർശങ്ങളിലും, വിഷയങ്ങളിലും, ഖുർആനിൽ നിന്നുള്ള അടയാളങ്ങളിലും ഞാൻ ആകൃഷ്ടനായി. മീർസാ സാഹിബിന്റെ ഇൽഹാമുകളെയും സത്യമായി അംഗീകരിക്കാൻ തുടങ്ങി. എന്നാൽ അതുമൂലം ഇസ്ലാമിന്റെ ഉപേക്ഷിക്കപ്പെട്ട കർമങ്ങളിൽ എന്ത് പരിവർത്തനമാണ് ഉണ്ടാകുക എന്ന് ചിന്തിച്ചിരുന്നു. അക്കാലയളവിലാണ് മീർസാ സാഹിബ് മഹ്ദിയാണെന്നും മസീഹാണെന്നും വാദിച്ചത്. ബയ്അത്ത് വാങ്ങാനും ആരംഭിച്ചു. അപ്പോൾ മീർസാ സാഹിബ് ഇമാം ആണോ എന്ന അന്വേഷണത്തിലായി ഞാൻ. ഇമാമിന് നിർബന്ധമായും നാല് ഗുണങ്ങളാണ് ഉണ്ടായിരിക്കേണ്ടത്. കാരണം ഇമാമിന്റെ പ്രകൃതം നബിമാരുടെ പ്രകൃതം പോലെയാണ്. ആ ഗുണങ്ങൾ ഇവയാണ്: 1. ഏതൊരു കാര്യത്തിനായിട്ടാണോ അയച്ചിരിക്കുന്നത് അത് പരിപൂർണമായും പൂർത്തിയാക്കുന്നവനും അതിന്റെ സത്യപ്രേമിയും ആയിരിക്കണം. 2. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ശാരീരികമോ സാമ്പത്തികമോ മറ്റേതെങ്കിലും ഭൗതീകമോ ആയ തടസ്സങ്ങൾ വകവെക്കാത്ത തരത്തിലുള്ള ദൃഢ വിശ്വാസം ഉണ്ടായിരിക്കണം. 3. കാന്തിക ആകർഷണം. 4. ദൈവീക വെളിപാടും അദൃശ്യ സഹായങ്ങളും ഉണ്ടായിരിക്കണം.

അതിനു ശേഷം ഹദ്റത് അഖ്ദസിന്റെ സത്യസാക്ഷ്യത്തിനായി പ്രഥമമായി എനിക്ക് രണ്ട് നിലവാരമാണ് മനസ്സിലാക്കാൻ സാധിച്ചത്. ദൃഢവിശ്വാസത്തോടെ കർമസംസ്കരണത്തിൽ ഉറച്ചു നിൽക്കുന്നതും, ജമാഅത്തിലെ ചില വ്യക്തികൾ സത്യഹൃദയത്തോടു കൂടി ദീനിനെ പിന്തുടർന്നതു കാരണത്താൽ അദ്ദേഹത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉണ്ടായ പ്രഭാവം. ഇതായിരുന്നു എന്റെ ലക്ഷ്യം. മൂന്ന് വർഷങ്ങൾക്കു മുമ്പു ഖാദിയാനിൽ പോകുകയും ബയ്അത്ത് ചെയ്യുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കുകയും ചെയ്തു. പിന്നീട് മറ്റ് കാര്യങ്ങളും ഹദ്റത് അഖ്ദസിന്റെ വ്യക്തിത്വത്തിൽ ദർശിക്കുവാൻ സാധിച്ചു. (അൽഹക്കം 1907)

**സേവനങ്ങൾ**

രജപുത്ര ഗോത്രത്തിൽ ഇസ്ലാമിന്റെ പ്രചരണത്തിനായി ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) 1910 മാർച്ച് 26 ന് ചൗധരി സാഹിബിനെ അഞ്ചുമൻ രാജ്പുതാനെ ഹിന്ദിന്റെ സദ്റായി പേര് നിർദേശിച്ചു.

**സ്വഭാവ മഹിമ**

ഹദ്റത് ചൗധരി ഗുലാം അഹ്മദ് ഖാൻ സാഹിബ് (റ) വളരെ എളിമയുള്ള വ്യക്തിയായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠത പുലർത്തിയിരുന്നു. ധാരാളം ദുആ ചെയ്യുകയും സഹനം കൈക്കൊള്ളുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. മറ്റുള്ളവരെ ആക്ർഷിക്കുന്ന വ്യക്തിത്വമായിരുന്നു. സൽക്കാര പ്രിയനും, പ്രസന്ന പ്രകൃതക്കാരനും, അതിബുദ്ധിമാനും ആയിരുന്നു.

**വഫാത്ത്**

1924 ലാണ് അദ്ദേഹം വഫാത്തായത്.

(അൽഫദ്ൽ ഇന്റർനാഷണൽ)

**(സമ്പാ: അബൂ അബ്ദുൽ ബാരി)**

അൻസാർ കോളം

# അൻസാറുല്ലായുടെ നിലവാരത്തെ കാത്തുസൂക്ഷിക്കുന്നവരാകുക

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)**

ഞാനിന്ന് നിങ്ങളോട് രണ്ട് കാര്യങ്ങളാണ് പറയാൻ ആഗ്രഹിക്കുന്നത്. ഒന്നാമതായി പറയാൻ ആഗ്രഹിക്കുന്നത് നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വങ്ങളിലേക്ക് ശ്രദ്ധിക്കുക എന്നാണ്. നിങ്ങൾക്ക് അൻസാറുല്ലാഹ് എന്ന് പേരിട്ടിരിക്കുന്നത് വളരെ ചിന്തിച്ചതിനു ശേഷമാണ്. 15 മുതൽ 40 വരെയുള്ള പ്രായം യുത്വത്തിന്റെയും തുടിപ്പുകളുടെയും കാലമാകുന്നു. അതിനാൽ ആ പ്രായത്തിലുള്ളവർക്ക് ഖുദ്ദാമുൽ അഹ്മദിയ്യ എന്ന പേരാണ് ഇട്ടത്. സൃഷ്ടിസേവനത്തിൽ കൂടുതൽ കൂടുതലായി സമയം ചെലവഴിക്കുന്നതിനായിട്ടാണത്. 40 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് അൻസാറുല്ലാഹ് എന്നാണ് പേരിട്ടിരിക്കുന്നത്. ഈ പ്രായത്തിൽ മനുഷ്യൻ തന്റെ പ്രവർത്തനങ്ങളിൽ ദൃഢത കൈവരിക്കുന്നു.അവർ എവിടെയെങ്കിലും ജോലി ചെയ്യുന്നവരാണെങ്കിൽ തങ്ങളുടെ ജോലിയിൽ ഉയർച്ച കരസ്ഥമാക്കുന്നു. തങ്ങളുടെ മൂലധനം കൊണ്ട് ദീനിനെ കൂടുതൽ കൂടുതലായി സേവിക്കുന്നതിനർഹരായി മാറുന്നു.

ചുരുക്കത്തിൽ കഴിവിന്റെ പരമാവധി ദീനീസേവനത്തിലേക്ക് ശ്രദ്ധിക്കുന്നതിനായിട്ടാണ് നിങ്ങളുടെ പേര് അൻസാറുല്ലാഹ് എന്നിട്ടിരിക്കുന്നത്. ഈ ശ്രദ്ധ സാമ്പത്തിക നിലയിലും ഉണ്ടാകേണ്ടതാണ്, മതപരമായ നിലയിലും ഉണ്ടാകേണ്ടതാണ്. മതപരമായ നിലയിൽ നിങ്ങൾ കൂടുതലായി ആരാധനയിൽ സമയം കഴിച്ചുകൂട്ടേണ്ടതാണ്. അധികമധികമായി ദീനീ ചർച്ചകൾ നടത്തികൊണ്ടിരിക്കുക. അങ്ങിനെയെങ്കിൽ മാത്രമെ നിങ്ങളെ കണ്ടുകൊണ്ട് നിങ്ങളുടെ സന്താനങ്ങളിലും നന്മ ഉടലെടുക്കുകയുള്ളു.

ഹദ്റത് ഇബ്റാഹിം(അ) ന്റെ സവിശേഷതയായി ഖുർആൻ എടുത്തു പറഞ്ഞിരിക്കുന്നത് അദ്ദേഹം തന്റെ കുടുംബത്തെ എപ്പോഴും ആരാധകൾക്കായി പ്രേരിപ്പിച്ചു കൊണ്ടിരുന്നു എന്നാണ്. ഇതാണ് നിങ്ങളുടെ യഥാർഥ സേവനം. സ്വയം നിങ്ങളും നമസ്കാരങ്ങളിലേക്കും ദൈവസ്മരണകളിലേക്കും ശ്രദ്ധ ചെലുത്തി കൊണ്ടിരിക്കുക. തങ്ങളുടെ സന്താനങ്ങളെയും നമസ്കാരത്തിലേക്കും ദൈവസ്മരണയിലേക്കും ശ്രദ്ധ ക്ഷണിച്ചു കൊണ്ടിരിക്കുക.

ജമാഅത്തിൽ ഈയൊരു ആത്മാവ് നിലനിൽക്കുന്നത് വരെ, ജനങ്ങളുമായി അല്ലാഹുവിന്റെ മലക്കുകളുടെ ബന്ധം നിലനിൽക്കുകയും അവരവരുടെ നിലയനുസരിച്ച് ദൈവീക വചനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നത് വരെ ജമാഅത്ത് ജീവസുറ്റതായി നിലകൊള്ളുന്നതാണ്. കാരണം അല്ലാഹുവിന്റെ വചനങ്ങൾ കേട്ടുകൊണ്ട് അത് ജനങ്ങളിലേക്കെത്തിക്കുന്ന ആളുകൾ അതിലുണ്ടായിരിക്കും. ഇത് ഇല്ലാതാകുകയും അല്ലാഹുമായുള്ള ബന്ധം വിഛേദിക്കപ്പെടുകയും ചെയ്യുമ്പോൾ സമുദായം മൃതമാകുന്നു. അതിനാൽ നിങ്ങളുടെ ശ്രദ്ധ എപ്പോഴും അല്ലാഹുവിലേക്കായിരിക്കേണ്ടതാണ്. നിങ്ങളുടെ സന്താനങ്ങളെയും ദൈവസ്മരണ നിലനിർത്താനായി ഉപദേശിച്ചു കൊണ്ടിരിക്കേണ്ടതാണ്.....

ചുരുക്കത്തിൽ നിങ്ങൾ അൻസാറുല്ലായുടെ നിലവാരം കാത്തുസൂക്ഷിക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. അൻസാറുല്ലായുടെ അർഥം അവർ ധനം കൊണ്ടും ദീനിനെ സേവിക്കുന്നവരാണ്. ആത്മീയമായ നിലയിലും ദീനിനെ സേവിക്കുന്നവരാണ് എന്നാണ്.

(പ്രഭാഷണം: 4-ാമത് വാർഷിക ഇജ്തിമ അൻസാറുല്ലാഹ് മർക്കസിയ്യ)

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: ഇബ്നു അശ്റഫ്

## സത്യസന്ധർക്ക് പതിൻമടങ്ങ് പ്രതിഫലം

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മുശ്ഫിഖീ മുകർറം അഖ്വീം മീർ അബ്ബാസ് അലി ശാഹ് സാഹിബ്

السلام علیکم ورحمۃ اللہ وبرکاتہ


അല്ലാഹു താങ്കൾക്ക് ധാരാളം പ്രതിഫലങ്ങളും നന്മയും നൽകട്ടെ. താങ്കൾ ആവേശത്തോടു കൂടി ദീനിന്റെ സേവനത്തിൽ വ്യാപൃതനാണ്. ഖാളി ബാജി ഖാൻ സാഹിബ് കേവലം സഹായമായിട്ടാണ് തുക അയച്ചത് എന്നാണ് താങ്കളുടെ എഴുത്തിൽ നിന്നും മനസ്സിലാകുന്നത്. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകട്ടെ. കോലാഹലം നിറഞ്ഞ ഇക്കാലഘട്ടത്തിൽ അല്ലാഹുവിനെയും അവന്റെ റസൂലിനെയും പിന്തുണക്കുന്നതിനായും ദീനീവികാരത്താൽ ഭരിതമായ ആവേശത്താൽ സ്വന്തം ധനത്തിൽ നിന്ന് ചെലവു ചെയ്യുന്നവർ വളരെ വിരളമാണ്. ജീവൻ ബലിയർപ്പിക്കുന്നത് വലിയ ഭാരമല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ എല്ലാ വസ്തുക്കളും പഴകി അതിൽ പൊടിപടലങ്ങൾ പറ്റിപ്പിടിക്കുന്നത് പോലെ അധിക മനസ്സുകളിലും ഭൗതീകതയോടുള്ള അഭിനിവേശം നിറഞ്ഞിരിക്കുകയാണ്. അല്ലാഹു ആ പൊടിപടലത്തെ മാറ്റട്ടെ. അല്ലാഹു ഈ അന്ധകാരത്തെ ദുരീകരിക്കട്ടെ. ലോകം അങ്ങേയറ്റം കൂറില്ലാത്തതും മനുഷ്യൻ അങ്ങേയറ്റം അടിസ്ഥനമില്ലാത്തവനുമാണ്. എന്നാൽ അലസതയുടെ കൂരിരുട്ട് അധികമാളുകളുടെയും ഹൃദയങ്ങളെ യാഥാർഥ്യം മനസ്സിലാക്കുന്നതിൽ നിന്നും തടഞ്ഞുവെച്ചിരിക്കുകയാണ്. ഓരോ ബുദ്ധിമുട്ടിനും ശേഷം എളുപ്പമുള്ളതു പോലെ, ഓരോ കയറ്റത്തിനും ശേഷം ഇറക്കം ഉള്ളതു പോലെ, ഓരോ രാത്രിക്കും ശേഷം പകൽ ഉള്ളത് പോലെ അവസാനം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിസഹായരായ ദാസരെ തേടിയെത്തുന്നതാണ്. അതിനാൽ തന്റെ വിനീതരായ ദാസരെ പൂർണമായും സഹായിക്കണമെന്നാണ് അല്ലാഹുവിനോട് തേടുന്നത്. അവർ തങ്ങളുടെ കഴിഞ്ഞകാലഘട്ടങ്ങളിൽ വിവിധങ്ങളായ പീഢനങ്ങൾ ഏറ്റതു പോലെ അവർക്ക് നീ മരുന്ന് നൽകേണമെ. പ്രകാശത്തെ അന്ധകാരമായും അന്ധകാരത്തെ പ്രകാശമായും മനസ്സിലാക്കിയവരെയും, അഹങ്കാരം അതിർവരമ്പ് ലംഘിച്ചവരെയും നിന്ദിതരും അപമാനിതരും ആക്കേണമെ. കൃത്യസമയത്ത് വെളിപ്പെട്ട അല്ലാഹുവിന്റെ ശ്രദ്ധയെ വിലമതിക്കാതിരിക്കുകയും അതിന് നന്ദി പറയാതെ വിഢികളെ പോലെ ശങ്കിച്ചവരെയും നീ ലജ്ജിതരാക്കണെ. ഈ വിനീതന്റെ അർഥനകൾ സിംഹാസനത്തിന്റെ അധിപനിലേക്ക് എത്തുകയാണെങ്കിൽ മുഹമ്മദീ പ്രകാശം ഇക്കാലഘട്ടത്തിലെ അന്ധന്മാരിൽ വെളിപ്പെടുകയും ദൈവീക കഴിവുകൾ തന്റെ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്ന കാലം വിദൂരമാകില്ല. ഈ വിനീതന്റെ സത്യസന്ധരായ സുഹൃത്തുകളുടെ എണ്ണം ഇപ്പോൾ മൂന്നിലോ നാലിലോ അധികമില്ല. അതിൽ ഒന്ന് താങ്കളാണ്. മറ്റുള്ളവർ അലസരും അശ്രദ്ധരുമാണ്. മറിച്ച് അധികം പേരും അവരുടെ അജ്ഞത കാരണത്താൽ ഈ നിർമാണശാലയെ ഏതെങ്കിലും വഞ്ചനയുടെയോ ചതിയുടെയോ ഭാഗമായി മനസ്സിലാക്കുന്നു. മറിച്ച് അതിന്റെ യഥാർഥ ലക്ഷ്യം ഭൗതീകതയായി ധരിക്കുന്നു. കാരണം സ്വയം ഭൗതീകതയിൽ മുങ്ങിയിരിക്കുകയാണ്. അതിനാൽ സ്വന്തം അവസ്ഥയ്ക്കനുസരിച്ച് ചിന്തിക്കുന്നു. അതിനാൽ അവരുടെ അവഗണനയും അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന് പുറത്തല്ല. അതിലും പല യുക്തികളും ഉണ്ടാകും. അവ പിന്നീട് വെളിപ്പെടുന്നതാണ്. ഇൻശാ അല്ലാഹു തആലാ. എന്നാൽ നിങ്ങളെ പോലെയുള്ളവരെ സംബന്ധിച്ച് ഈ വിനീതന്റെ ദുആ അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ സത്യസന്ധതയ്ക്കുള്ള പ്രതിഫലം നൽകട്ടെ, നിങ്ങളെ ഇതിൽ ഉറപ്പിച്ചു നിർത്തട്ടെ എന്നാണ്. എല്ലായിടത്തു നിന്നും വിഷലിപ്തമായ കാറ്റ് അടിക്കുന്ന കാരണത്താൽ സത്യസന്ധർക്ക് അല്പം പ്രയാസങ്ങൾ സഹിക്കേണ്ടതായി വരുന്നതാണ്. അതിൽ അവർക്ക് ധാരാളം പ്രതിഫലമുണ്ട്.

വസ്സലാം

ഖാദിയാൻ, ഗുർദാസ്പൂർ ജില്ല — ഗുലാം അഹ്മദ്

(9.2.1883, 1300 റബീഉൽ അവ്വൽ 30)



# ഉന്നത പദവിയും സ്ഥാനവും കരസ്ഥമാക്കുന്നതിനുള്ള മാർഗം

ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)

കുട്ടികളെ ഇനി ചിന്തിക്കുക! അദ്ദേഹത്തിന് (യൂസുഫ് (അ) ന്) ഒരു ഭാഗത്ത് വലിയ വിപത്തിനെയായിരുന്നു അഭിമുഖീകരിക്കേണ്ടിയിരുന്നത്. അൽഭുതവും, പരിഭ്രമവും, നിസ്സഹയാതയും സംജാതമായിരുന്നു. എന്നാൽ മറുഭാഗത്ത് കേവലം അന്തരാളങ്ങളിലേക്ക് ശബ്ദം എത്തിക്കുന്ന ഒരു അസ്ഥിത്വം ആ കിണറ്റിലെ വിപത്തു വന്നെത്തിയ അതേ സമയത്തു തന്നെ വളരെ മധുരശബ്ദത്താലും ഹൃദയത്തിലെ പരിഭ്രമത്തെ ദുരീകരിക്കുന്ന വചനങ്ങളാലും ഹൃദയത്തെ കുളിരണിയിപ്പിക്കുന്ന ശബ്ദത്താലും സന്തോഷിപ്പിക്കുകയുണ്ടായി.

തൽസംബന്ധമായി വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു, **വ അവ്ഹയ്നാ ഇലയ്ഹി ലതുനബ്ബി അന്നഹും ബിഅംരിഹിം ഹാദാ വഹും ലാ യശ്അറൂൻ (യൂസുഫ്: 16)** ഇക്കാരണത്താൽ പുറംലോകത്തിന് എത്ര കഠിനമായ പ്രയാസമാണെങ്കിലും അത് പ്രയാസമല്ലാതായിത്തീരുന്നു.

പിന്നീട് അദ്ദേഹത്തെ വിലക്കു വാങ്ങിയ, അദ്ദേഹത്തെ അടിമയായി വെക്കാൻ സാധിക്കുമായിരുന്ന ആ അമീറിന്റെ മനസ്സിലേക്ക് വാൽസല്യം ഇട്ടു. അടിമയാക്കുന്നതിനു പകരം അദ്ദേഹത്തെ വീടിന്റെ ഉടമസ്ഥനാക്കിയ സ്നേഹമായിരുന്നു അല്ലാഹു സംജാതമാക്കിയത്. അദ്ദേഹത്തിന് അവിടെ എല്ലാ വിധത്തിലുമുള്ള സ്വാതന്ത്ര്യവും, സൗകര്യവും, സമാധാനവും, സന്തോഷവും ലഭിച്ചു. അങ്ങിനെ അദ്ദേഹം അവിടത്തെ രാജാവിനെ പോലെ ആയിത്തീരുകയും ചെയ്തു. ധാരാളം രാജാധികാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിരുന്നു.

കിണറ്റിലേക്ക് എറിയുന്ന സമയത്ത് അദ്ദേഹം എന്നെ തള്ളിയിടല്ലേ എന്ന് ഏത് സഹോദരന്മാരോടാണോ അപേക്ഷിച്ചത് അതേ സഹോദരന്മാർ അദ്ദേഹത്തിന്റെ മുന്നിൽ അപേക്ഷകരായി എത്തപ്പെട്ടു. അവർ അനുസരണത്തിനായി സന്നദ്ധരായി.

ഇനി ചിന്തിക്കുക, പ്രത്യക്ഷത്തിൽ നിന്ദ്യനായും അപമാനിതനായും ജനങ്ങളുടെ അടിമയാകേണ്ട ആ വ്യക്തി, എല്ലായിടത്തും അലഞ്ഞു നടക്കേണ്ടിയിരുന്ന ആ വ്യക്തി, അതിനു പകരമായി എല്ലാ നിന്ദ്യതയിൽ നിന്നും രക്ഷിക്കപ്പെടുകയും, മാത്രമല്ല എതിരാളികൾ അവസാനം അദ്ദേഹത്തിന്റെ മുന്നിൽ നിന്ദിതരായി എത്തപ്പെട്ടു, ജനങ്ങൾ അദ്ദേഹത്തിന്റെ കീഴിലായി, അദ്ദേഹം ആരുടേയും കീഴിൽ വന്നില്ല. ഒരു രാജാവിന്റെ പദവിയിലേക്കു തന്നെ അദ്ദേഹം ഉയർത്തപ്പെട്ടു. അതെന്തു കൊണ്ടാണെന്ന് നിങ്ങൾക്കറിയുമോ? ഞാൻ പറഞ്ഞു തരാം.

കുട്ടികളെ! ഉസ്താദിന് സന്തോഷം ലഭിക്കുന്ന കുട്ടിയോട് ഉസ്താദിന് കൂടുതൽ സ്നേഹം ഉണ്ടാകും. സ്നേഹത്തോടെ പഠിപ്പിക്കുന്നു. അവന് പാരിതോഷികങ്ങൾ നൽകുന്നു. ഒരു കുട്ടിക്കും അവനെ അടിക്കാൻ കഴിയില്ല. കാരണം ആരെങ്കിലും അവനെ അടിക്കാനോ അല്ലെങ്കിൽ അവനോട് ശണ്ഠ കൂടാനോ വന്നാൽ ഉസ്താദ് അവനെ തടയുന്നു. മാത്രമല്ല ആ കുട്ടിയെ ശിക്ഷിക്കുകയും ചെയ്യും.

ഉസ്താദിന് ആ കുട്ടിയോട് സ്നേഹം തോന്നാൻ കാരണമെന്താണ്? എന്ത് കൊണ്ടാണ് സമ്മാനങ്ങൾ നൽകുന്നത്? ആരെങ്കിലും വഴക്കിന് തുനിഞ്ഞാൽ ശിക്ഷിക്കുന്നത് എന്ത് കൊണ്ടാണ്? അതിന് കാരണം ഇതാണ്, ആ കുട്ടി ഉസ്താദിനെ അനുസരിക്കുന്നു, പാഠങ്ങൾ പഠിച്ച് ഉസ്താദിനെ സ ന്തോഷിപ്പിക്കുന്നു. അങ്ങനെ അവൻ സമാധാനമായിരിക്കുന്നു. മറ്റുള്ളവരിലും അവനിലും വ്യതിരിക്തത ഉണ്ടാകുന്നു.

ഇനി അല്പം ചിന്തിക്കുക, ഒരു നിസാരനായ ഉസ്താദിനെയോ അധികാരിയേയോ സന്തോഷിപ്പിച്ചാൽ മനുഷ്യന് സമാധാനത്തോടെ കഴിയാമെന്നിരിക്കെ ഉസ്താദുമാരുടെ ഉസ്താദും, അധികാരികളുടെ അധികാരിയും ആയവനെ അതായത് ആകാശങ്ങളുടെയും ഭൂമിയുടെയും അധിപനായ അല്ലാഹുവിനെ സന്തോഷിപ്പിച്ചാൽ ആരെങ്കിലും നിന്ദിതനും അപമാനിതനും ആകുമോ? ആർക്കെങ്കിലും അവരെ നിന്ദിക്കാനോ അപമാനിക്കാനോ സാധിക്കുമോ? ഒരിക്കലും ഒരിക്കലും ഇല്ല. അവർ വളരെ സന്തോഷത്തിലായിരിക്കും. അവരെ അല്ലാഹു മറ്റുള്ളവരേക്കാൾ സ്നേഹിക്കുന്നു. അവരുടെ എല്ലാ ആഗ്രഹങ്ങളും പൂർത്തിയാക്കി കൊടുക്കുന്നു.

യൂസുഫ് എന്ന് പേരുള്ള ആ കുട്ടിയും അല്ലാഹുവിനെ തൃപ്തിപ്പെടുത്തിയിരുന്നു. തന്റെ യജമാനനു ഇഷ്ടപ്പെട്ടതു മാത്രമെ അദ്ദേഹം ചെയ്തുള്ളു. അദ്ദേഹം കളവും, മോഷണവും, പരദൂഷണവും, ഏഷണിയും, അത്യാഗ്രഹവും, അലസതയും, ഭീരുത്വവും, ശാരീരികേച്ഛയും, സർവദുശ്ശീലങ്ങളും തുടങ്ങി അല്ലാഹുവിനെ കോപിഷ്ഠനാക്കുന്ന എല്ലാത്തിൽ നിന്നും വിട്ടു നിന്നിരുന്നു.

ഏതൊരു വീട്ടിലാണോ അദ്ദേഹം താമസിച്ചിരുന്നത് അതേ വീട്ടിലെ സ്ത്രീ അദ്ദേഹത്തെ നിഷിദ്ധകർമത്തിനായി നിർബന്ധിച്ചു. അന്നേരം അദ്ദേഹം അല്പം പോലും ഭയപ്പെടുകയോ ആഗ്രഹിക്കുകയോ ചെയ്തില്ല. അല്ലാഹുവിനെ ഭയപ്പെട്ടു. ഔദാര്യവാനായി. എന്നിട്ട് പറഞ്ഞു, തൗബ തൗബ, അല്ലാഹുവിൽ അഭയം തേടുന്നു. ഞാനൊരിക്കലും അത്തരത്തിലുള്ള പ്രവർത്തി ചെയ്യുന്നതല്ല. അല്ലാഹു എനിക്ക് ഉത്തമമായ ഒരു സ്ഥലം നൽകി. ആ ഉത്തമമായ അവസ്ഥയ്ക്ക് മുന്നിൽ ഇത്തരത്തിലുള്ള നീചമായ ആഗ്രഹത്തിന് എന്ത് സ്ഥാനമാണുള്ളത്. അങ്ങനെ അല്ലാഹു കോപിഷ്ഠനാകും എന്നതിനാൽ ആ നിഷിദ്ധകർമത്തിൽ നിന്നും വിട്ടു നിന്നു. അപ്രകാരം അദ്ദേഹം എല്ലാ പ്രവർത്തനങ്ങളിലും അല്ലാഹുവിന്റെ തൃപ്തിയെ പരിഗണിച്ചിരുന്നു.

ചുരുക്കത്തിൽ യൂസുഫ് അല്ലാഹുവിനെ തൃപ്തിപ്പെടുത്തിയപ്പോൾ അല്ലാഹുവും യൂസുഫിനെ തൃപ്തിപ്പെടുത്തി. അല്ലാഹു അദ്ദേഹത്തിന് രാജ്യത്ത് വലിയ പ്രതാപം നൽകി. കാരണം അദ്ദേഹം വലിയ സൽസ്വഭാവിയും, ഔദാര്യവാനും ആയിരുന്നു.

പറയുന്നു, ഇത്തരത്തിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും നാം ഇതേ രീതിയിലുള്ള സമാധാനവും സന്തോഷവും അനുഗ്രഹങ്ങളും നൽകുന്നതാണ്.

ഔദാര്യവാൻ എന്നാൽ എപ്പോഴും അല്ലാഹു അടുത്തുണ്ട് എന്ന് കരുതുന്നവനാണ്. എന്തെങ്കിലും ചെയ്യാൻ തുടങ്ങുമ്പോൾ അല്ലാഹു കാണുന്നുണ്ട് എന്ന ചിന്തയുണ്ടാകുന്നു.→



**നുറുങ്ങുകൾ**
ടി.എം

# അന്ധകാര യാമങ്ങളിലെ ശരം

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)**

ലോകത്തിലെ മറ്റൊരു ശക്തിക്കും കരസ്ഥമായിട്ടില്ലാത്ത ശക്തിയും പ്രഭാവവുമാണ് ദുആക്കുള്ളത്. ഉദാഹരണമായി വെള്ളം, വൈദ്യുതി തുടങ്ങിയ ശക്തികൾക്കൊന്നും തന്നെ ദുആയുടെ ശക്തിയെ എതിരിടാൻ സാധിക്കില്ല. ഒരു ഭക്തനെ സംബന്ധിച്ച് എഴുതുന്നു, അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്തിനടുത്ത് ഒരു ധനികനായ വ്യക്തി താമസിച്ചിരുന്നു. അയാൾ എപ്പോഴും പാട്ടിലും മറ്റും ലയിച്ചാണ് കഴിച്ചു കൂട്ടിയിരുന്നത്. തൽഫലമായി ആ ഭക്തന് വളരെ പ്രയാസം നേരിട്ടു. ഒരിക്കൽ അദ്ദേഹം അയാളുടെ അടുത്ത് ചെന്ന് പറഞ്ഞു, സഹോദരാ, ഞാൻ താങ്കളുടെ അയൽവാസിയാണ്. അതിനാൽ എനിക്ക് ചില അവകാശങ്ങളുണ്ട്. ഒന്നാമതായി ഈ വ്യർഥമായ കാര്യത്തിൽ നിന്ന് സ്വയം നിങ്ങൾ പിൻമാറണമായിരുന്നു. എന്നാൽ അത് സാധ്യമല്ലെങ്കിൽ ഇപ്പോൾ എനിക്ക് വേണ്ടി നിങ്ങൾ അതിനെ ഉപേക്ഷിക്കുക. കാരണം അത് മൂലം എനിക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുന്നു. അയാൾ ധനികനും സ്വാധീനം ഉള്ള വ്യക്തിയുമായതിനാൽ മറുപടിയായി പറഞ്ഞു, എന്നെ തടയാൻ നിങ്ങളാരാണ്. ഞാനൊരിക്കലും അത് ഉപേക്ഷിക്കില്ല. അദ്ദേഹം പറഞ്ഞു, നിങ്ങൾ അത് നിറുത്തുന്നില്ലായെങ്കിൽ മറ്റ് മാർഗത്തിലൂടെ അത് നിർത്തിക്കാൻ ഞാൻ നിർബന്ധിതനായിത്തീരും. അയാൾ പറഞ്ഞു, നിങ്ങൾ തടയുമോ? നിങ്ങൾക്കതിനുള്ള കഴിവുണ്ടോ? ഞാനിപ്പോൾ തന്നെ സർക്കാരിന്റെ ഗാർഡുകളെ വിളിക്കുന്നതാണ്. അദ്ദേഹം പറഞ്ഞു, ഞാൻ ഗാർഡുകളെയും പ്രതിരോധിക്കുന്നതാണ്. അയാൾ പറഞ്ഞു, നിങ്ങൾ എങ്ങിനെ പ്രതിരോധിക്കും? അദ്ദേഹം പറഞ്ഞു, ഏ വിഢീ! ഞാൻ മൽസരിക്കുന്നത് തോക്കിനോടോ പീരങ്കിയോടോ അല്ല. മറിച്ച് അന്ധകാരമായ രാത്രിയോടാണ്. എഴുതുന്നു, ഈ വാക്കുകൾ അദ്ദേഹം അല്പം വികാരഭരിതനായി വിലപിച്ചുകൊണ്ടാണ് പറഞ്ഞത്. അത് കേട്ടപ്പോൾ അയാൾ വിറച്ചുകൊണ്ട് പറഞ്ഞു, അതിനെ എനിക്കോ എന്റെ രാജാവിനോ എതിരിടാൻ സാധിക്കില്ല. ഭാവിയിൽ പാട്ടിന്റെ യാതൊരു ശബ്ദവും താങ്കളെ ബുദ്ധിമുട്ടിക്കില്ലായെന്ന് ഞാൻ ഉറപ്പു നൽകുന്നു.

(ഖുത്ബാതെ മഹ്മൂദ് വാല്യം 5)

---

കുട്ടികളെ! അല്ലാഹു അദ്ദേഹത്തിന് വലിയ സ്ഥാനം നൽകി, വലിയ ബഹുമതി നൽകി. തന്റെ പരിശുദ്ധഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ കഥയെ ഉത്തമ വൃത്താന്തമായി പരാമർശിച്ചു. ചുരുക്കത്തിൽ ദൈവീക കാര്യാലയത്തിൽ ആത്മാർഥരിലും, സത്യസന്ധരിലും, സൽപ്രകൃതക്കാരിലും അദ്ദേഹത്തിന്റെ പേര് ഉൾപ്പെടുത്തി എന്നതിനേക്കാൾ വലിയ മറ്റെന്ത് സ്ഥാനമാണ് അദ്ദേഹത്തിന് ലഭിക്കുക?

അദ്ദേഹത്തെ പോലെ ആയിത്തീരണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ, അല്ലാഹു നിങ്ങളോട് നല്ല നല്ല കാര്യങ്ങൾ പറയണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് യഥാർഥമായ വിജയങ്ങൾ ലഭിക്കണമെങ്കിൽ, ഇഹപരലോകത്ത് നിങ്ങ ൾക്ക് യഥാർഥ സന്തോഷം ലഭിക്കണമെങ്കിൽ നിങ്ങളും യൂസഫിനെ പൂർണമായും പിൻപറ്റേണ്ടതാണ്. അപ്പോൾ മാത്രമെ നിങ്ങൾക്ക് അത്തരത്തിലുള്ള വിജയം ലഭിക്കുകയുള്ളു....

അദ്ദേഹം മാതാപിതാക്കളിൽ നിന്നും സ്വദേശത്ത് നിന്നും വേർപെട്ടതും, സഹായികളാരും ഇല്ലാതിരുന്നതുമായ സംഭവങ്ങളെ മുന്നിൽ വെച്ചുകൊണ്ട് നിങ്ങളുടെ മനസ്സിലുള്ള തെറ്റായ വിചാരങ്ങളെ അകറ്റിക്കളയുക. അതായത്, ചിലർക്ക് മാതാക്കളില്ല, ചിലർക്ക് പിതാക്കന്മാരില്ല, ചിലർക്ക് ശിക്ഷണം നൽകാൻ ആരും ഇല്ല. ആയതിനാൽ ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും? പ്രിയപ്പെട്ടവരെ! മാതാപിതാക്കളില്ല, ചെലവഴിക്കാൻ ബുദ്ധിമുട്ടാണ്, ശിക്ഷണം നൽകാൻ ആരും ഇല്ല എന്ന ഈ ചിന്തകൾ തികച്ചും അടിസ്ഥാനരഹിതമാണ്. ആ കുട്ടിയുടെ സംരക്ഷകൻ ആരായിരുന്നു. അദ്ദേഹത്തെ പരിപാലിച്ചത് ആരായിരുന്നു. അന്യനാട്ടിലായിരുന്ന ആ അവസ്ഥയിൽ അദ്ദേഹത്തിന്റെ മാതാപിതാക്കൾ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നില്ല. എന്നിട്ടും അദ്ദേഹം വലിയ വിജയങ്ങൾ എങ്ങനെ കരസ്ഥമാക്കി? അതിന് കാരണം അദ്ദേഹം സൽസ്വഭാവിയായിരുന്നു, അല്ലാഹുവിനെ വെറുപ്പിക്കുമായിരുന്നില്ല. നിങ്ങളും അത്തരത്തിലുള്ള അവസ്ഥ കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ വരിക ഞാൻ നിങ്ങൾക്ക് ചില അനിവാര്യമായ കാര്യങ്ങൾ പറഞ്ഞു തരാം.

(പ്രഭാഷണം: ജൽസ അഞ്ചുമൻ ഹംദർദാനെ ഇസ്‌ലാം)

---

## ഖിലാഫത്ത് വരദാനമാകുന്നു

**അബുൽ അത്വാ സാഹിബ് ജാലന്തരി**

**ഖിലാഫത്തിന്റെ യാഥാർഥ്യത്തെ കുറിച്ച് ചിന്തിക്കാത്തവർ അതിനെ സാധാരണയായി തിരഞ്ഞെടുക്കുക്കപ്പെടുന്ന ഒരു വസ്തുവായി ധരിക്കുന്നു. അതിനെ ഭൗതീക തിരഞ്ഞെടുപ്പിനെ പോലുള്ള ഒരു തിരഞ്ഞെടുപ്പു ഫലമായി ഗണിക്കുന്നു. ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിൽ വിശ്വാസികളുടെ അഭിപ്രായവും ഉണ്ട് എന്നത് വാസ്തവം തന്നെയാണ്. എന്നാൽ ഖിലാഫത്ത് പ്രയത്നത്താലും പരിശ്രമത്താലും ലഭ്യമാകുന്ന ഒന്നാണെന്ന ധാരണ തെറ്റാണ്. ലയസ്തഖ്‌ലിഫന്നഹും എന്ന ദൈവീക വചനം പറയുന്നത് ഖലീഫയെ അല്ലാഹു നിയമിക്കുന്നു എന്നാണ്. അവൻ തന്റെ കാരുണ്യത്താൽ അർഹരായ വ്യക്തികളെ ഖിലാഫത്തിന്റെ പദവിയിൽ ഉപവിഷ്ഠരാക്കുന്നു. ആ നിലയിൽ നുബുവ്വത്തിനെ പോലെ തന്നെ ഖിലാഫത്തും ഒരു വരദാനമാകുന്നു. (അൽഫുർഖാൻ)**

# ഇസ്‌ലാമിൽ ഖിലാഫത്ത് വ്യവസ്ഥിതി

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**

**ഖിലാഫത്തിനെ പൊതുവിൽ താഴെ കൊടുത്ത രീതിയിൽ തരം തിരിക്കാവുന്നതാണ്.**

1) ഖിലാഫത്തിന്റെ നിർവ്വചനം
2) ഖിലാഫത്തിന്റെ ആവശ്യകത
3) ഖിലാഫത്തിന്റെ സംസ്ഥാപനം
4) ഖിലാഫത്തിന്റെ അടയാളങ്ങൾ

**ഈ കാര്യങ്ങളെക്കുറിച്ചെല്ലാം ചുരുങ്ങിയ രീതിയിൽ പ്രതിപാദിക്കാൻ ഞാൻ ശ്രമിക്കാം.**

## ഖിലാഫത്തിന്റെ നിർവ്വചനം

ഒന്നാമത്തെ പ്രശ്നം ഖിലാഫത്തിന്റെ നിർവ്വചനം സംബന്ധിച്ചുള്ളതാണ്. അതായത്, ഖിലാഫത്ത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? ഖിലാഫത്ത് എന്ന് പറഞ്ഞാൽ എന്താണ്? ഖിലാഫത്ത് എന്നത് ഒരു അറബി പദമാണ്. നിഘണ്ഡുവിൽ അതിനുള്ള അർത്ഥം ഒരാളുടെ പിറകെ വരിക,പകരം നിൽക്കുക, അദ്ദേഹത്തിന്റെ സഹായിയായിക്കൊണ്ട് തന്നിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ  നിർവ്വഹിക്കുക എന്നൊക്കെയാണ്. ഖലീഫ എന്ന പദം സാങ്കേതികമായി രണ്ടർഥത്തിലാണ് പ്രയോഗിക്കാറ്.

**ഒന്ന്,** ലോകത്തിന്റെ പരിഷ്കരണത്തിനായി നിയോഗിക്കപ്പെടുന്ന ദൈവിക പരിഷ്ക്കർത്താവ്. ഈ അർഥത്തിൽ എല്ലാ പ്രവാചകന്മാരും ദൈവദൂതരും അല്ലാഹുവിന്റെ ഖലീഫമാരാണ്. എന്തെന്നാൽ, അവരെല്ലാം ദൈവത്തിന്റെ പ്രതിനിധികൾ എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. ഇത് കൊണ്ടാണ് ഹദ്റത്ത് ആദം നബി(അ)യെയും ഹദ്റത്ത് ദാവൂദ് നബി(അ)യെയും വിശുദ്ധഖുർആൻ ഖലീഫമാർ എന്ന് വിളിച്ചത്.

**രണ്ട്,** ഒരു പ്രവാചകന്റെയോ ആത്മീയപരിഷ്ക്കർത്താവിന്റെയോ വിയോഗത്തിനു ശേഷം അദ്ദേഹത്തിന്റെ ദൗത്യപൂർത്തീകരണത്തിനു വേണ്ടി പകരക്കാരനായും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെ ഇമാമായിക്കൊണ്ടും നിയുക്തനാകുന്ന വ്യക്തി; നബി (സ)ക്ക് ശേഷം ഹദറത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ) തുടങ്ങിയവർ ഖലീഫമാരായതു പോലെ.

## ഖിലാഫത്തിന്റെ ആവശ്യകത

രണ്ടാമത്തെ പ്രശ്നം ഖിലാഫത്തിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ളതാണ്.അതായത്, ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനിവാര്യത എന്താണ് എന്നതാണത്. ഇതു സംബന്ധിച്ച് നാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യം അല്ലാഹുവിന്റെ ഒരോ പ്രവർത്തിയും യുക്തിയിലധിഷ്ഠിതമാണ്. അവന്റെ പ്രകൃതി നിയമമനുസരിച്ച് മനുഷ്യന്റെ ജീവിതകാലം പരിമിതമാണ്. എന്നാൽ പരിഷ്കരണം എന്ന് ദൗത്യത്തിന് ഒരു നീണ്ട കാലത്തിന്റെ ആവശ്യമുണ്ട്. അതു കൊണ്ടാണ് അല്ലാഹു നുബുവ്വത്തിനു ശേഷം ഖിലാഫത്തിന്റെ വ്യവസ്ഥിതി നിശ്ചയിച്ചിട്ടുള്ളത്. നബിയുടെ വഫാത്തിനു ശേഷം അദ്ദേഹത്തിന്റെ ദൗത്യനിർവ്വഹണം നടക്കുന്നത് ഖലീഫമാരിലൂടെയാണ്. ഒരു നബി മുഖേന വിതയ്ക്കപ്പെടുന്ന വിത്തിനെ അല്ലാഹു ഖലീഫമാരിലൂടെ അതിന്റെ പരിപൂർണ്ണതയിലെത്തിക്കുന്നു. എത്രത്തോളമെന്നാൽ അത് അതിന്റെ ആരംഭം തൊട്ടേ പല അപകടങ്ങളെയും അതിജീവിച്ച് ഒരു ചെടിയുടെ രൂപം പ്രാപിക്കുന്നു. ഇതിൽ നിന്നും ഖിലാഫത്ത് വ്യവസ്ഥിതി നുബുവ്വത്തിന്റെ അനുബന്ധമാണെന്ന് വ്യക്തമാണ്. ഓരോ നുബുവ്വത്തിനു ശേഷവും ഖിലാഫത്തുണ്ടെന്ന് നബി(സ) പറഞ്ഞതും അത് കൊണ്ടാണ്.

## ഖിലാഫത്തിന്റെ സംസ്ഥാപനം

ഖിലാഫത്ത് നുബുവ്വത്തിന്റെ അനുബന്ധമായതിനാൽ നുബുവ്വത്തിനെ പ്പോലെത്തന്നെ ഖിലാഫത്തിനെയും അല്ലാഹു സംരക്ഷിക്കുന്നു.അവിടെ സന്നിഹിതരായിക്കുന്ന ജനങ്ങളിൽ നിന്ന് യോഗ്യനായ വ്യക്തി ഖിലാഫത്തിന്റെ സ്ഥാനത്ത് ഉപവിഷ്ഠനാകാൻ വേണ്ടിയാണിത്. ഒരു നബിയുടെ നിയോഗത്തിനു ശേഷം വിശ്വാസികളുടെ ഒരു വ്യൂഹം ഉണ്ടായിത്തീരുന്നതിനാൽ ഈ തെരെഞ്ഞെടുപ്പിൽ അല്ലാഹു അവരെയും ഉൾക്കൊള്ളിക്കുന്നു എന്നതാണ് വാസ്തവം. ഇതിലൂടെ അവർക്ക് ഖിലാഫത്തിനോട്  അനുസരണവും കൂറും ആത്മാർഥതയും പുലർത്താൻ സാധിക്കുന്നു.ഇങ്ങനെ വളരെ അത്ഭുതാവഹമായ നിലയിലാണ് ഖലീഫയുടെ തിരഞ്ഞെടുപ്പ് നടക്കുന്നത്. പ്രത്യക്ഷത്തിൽ ഖലീഫയെ തെരെഞ്ഞെടുക്കുന്നത്


വിശ്വാസികളാണെങ്കിലും അല്ലാഹുവിന്റെ തഖ്ദീർ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുകയും വിശ്വാസികളുടെ ഹൃദയത്തെ യോഗ്യനായ വ്യക്തിയിലേക്ക് തിരിക്കുകയും ചെയ്യുന്നു. അതു കൊണ്ടാണ് വിശുദ്ധ ഖുർആൻ ഖലീഫമാരെ നിയമിക്കുന്നത് അല്ലാഹുവാണെന്ന് പറഞ്ഞിരിക്കുന്നത്. തനിക്ക് ശേഷം അല്ലാഹു ഹ: അബൂബക്കറിന്റെ ഖിലാഫത്തിലല്ലാതെ മറ്റാരിലും തൃപ്തനാവുകയില്ല എന്ന് നബി(സ) പറഞ്ഞതും ഇതിലേക്ക് വിരൽ ചൂണ്ടുന്നു. ഹ:വാഗ്ദത്ത മസീഹും ഇക്കാര്യം തന്റെ അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

### ഖിലാഫത്തിന്റെ അടയാളങ്ങൾ

സത്യവാന്മാരായ ഖലീഫമാരെ തിരിച്ചറിയാനുള്ള അടയാളങ്ങൾ എന്തൊക്കെയാണ് എന്നതാണ് അടുത്ത ചോദ്യം. സത്യവാനായ ഖലീഫക്ക് രണ്ട് അടയാളങ്ങൾ ഉണ്ടെന്നാണ് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മനസ്സിലാകുന്നത്. സൂറ നൂറിൽ വിവരിക്കപ്പെട്ടിട്ടുള്ളതാണ് ഒന്നാമത്തേത്.

അതായത്,

*അവർക്കായി തൃപ്തിപ്പെട്ട മതത്തെ*
*അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും*
*അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും*
*അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന്*
*അല്ലാഹു വഗ്ദാനം ചെയ്തിരിക്കുന്നു.*
*അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്.*
*എന്നോട് മറ്റൊന്നിനെയും അവർ പങ്കു ചേർക്കുന്നതല്ല.*
*(24:56)*



ആയതിനാൽ വൃക്ഷം അതിന്റെ ഫലത്തിലൂടെ തിരിച്ചറിയപ്പെടുന്നതു പോലെ സത്യവാനായ ഖലീഫയും തന്റെ ആത്മീയ ഫലങ്ങളിലൂടെ തിരിച്ചറിയപ്പെടുന്നതാണ്. ഹദീസിൽ വന്നിരിക്കുന്ന രണ്ടാമത്തെ അടയാളം വിശ്വാസികളുടെ അഭിപ്രായ ഐക്യത്തിലൂടെയോ ഭൂരിപക്ഷ അഭിപ്രായത്തിലൂടെയോ തെരഞ്ഞെടുക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ അല്ലാഹുവിന്റെ തഖ്ദീർ ആണ് നടക്കുന്നതെങ്കിലും അല്ലാഹു വിശ്വാസികളുടെ അഭിപ്രായത്തേയും ഇത്തരുണത്തിൽ മാനിക്കുന്നതാണ്. നബി(സ) പറയുന്നു; ഹ:അബൂബക്കർ ഖലീഫയാകുമെന്നതും വിശ്വാസികളുടെ ഒരു വലിയ വ്യൂഹം അദ്ദേഹത്തിന്റെ ഖിലാഫത്തിൽ തൃപതരായിക്കുമെന്നും വിധിക്കപ്പെട്ടിരിക്കുന്നു.

**- മുഹമ്മദ് ആരിഫ്**

---

# ഖിലാഫത്തുമായി ബന്ധപ്പെടുത്തുക


**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്** (അയ്യദഹുല്ലാഹ്)

**ഭൗതിക ചുറ്റുപാടു കാരണം അശ്രദ്ധരായി കഴിയുന്നവരും ഉണ്ട്. കാര്യങ്ങൾ പറഞ്ഞു കൊടുക്കുമ്പോൾ അവർ ലജ്ജിതരായിത്തീരുന്നു. തൗബയും ഇസ്തിഗ്ഫാറും ചെയ്യുന്നു. ഭാവിയിൽ ജമാഅത്തുമായുള്ള ബന്ധം സുദൃഢമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള വരെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുക എന്നത് ജമാഅത്തിന്റെ മുഖ്യ സംവിധാനത്തിന്റെ അഥവാ സെക്രട്ടറിമാരുടെയും മുറബ്ബി, മുബല്ലിഗ്മാരുടെയും കീഴ്ഘടകങ്ങളുടെയും പ്രവർത്തിയാണ്. ഖിലാഫത്തുമായി ഓരോ വ്യക്തിയെയും നേരിട്ട് ബന്ധപ്പെടുത്താനായി പരിശ്രമിക്കുക. ഹൃദയങ്ങളിൽ ഖിലാഫത്തിനോടുള്ള സ്നേഹവും കൂറും ഉണ്ടാക്കാൻ ശ്രമിക്കുക. മുമ്പേ സ്നേഹമുള്ളവരെ ഒന്നുകൂടി പറഞ്ഞ് മനസ്സിലാക്കിക്കൊടുത്താൽ മുമ്പത്തേക്കാളുപരി ആവേശത്തോടെ ആ സ്നേഹം പ്രകടിപ്പിക്കുന്നതായിരിക്കും. വല്ല പൊടിയും പിടിപെട്ടിട്ടുണ്ടെങ്കിൽ അതെല്ലാം നീങ്ങിക്കിട്ടുന്നതാണ്. ഈ കൂറിന്റെ പ്രകടനം കാണുന്നത് അവർക്ക് വല്ല ശിക്ഷയും നൽകുമ്പോഴാണ്. തർബിയ്യത്ത് വിഭാഗം ഖിലാഫത്തുമായി ബന്ധപ്പെടണമെന്ന് തുടർച്ചയായി ഉപദേശിച്ചു കൊണ്ടിരുന്നാൽ, ഖുത്ബകളും ജൽസകളും മറ്റു പ്രോഗ്രാമുകളും കാണുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരുന്നാൽ ഖിലാഫത്തിനോട് ബന്ധം ശക്തിപ്പെടുന്നതോടൊപ്പം തർബിയ്യത്തിന്റെ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതായിരിക്കും**

**(ഖുത്വുബ 16/08/2013)**

# ഖിലാഫത്തും മുജദ്ദിദിയ്യത്തും

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)



## ദീനിന്റെ പരിഷ്കരണം

അല്ലാഹു എല്ലാ നൂറ്റാണ്ടിലെയും തലക്കൽ ഈ ഉമ്മത്തിൽ പരിഷ്ക്കർത്താക്കളെ നിയോഗിക്കുന്നതാണ്.

ഈ ഹദീസിനെ വിശകലനം ചെയ്ത് നോക്കുമ്പോൾ ഇതിൽ പറഞ്ഞിരിക്കുന്നത് ഓരോ നൂറ്റാണ്ടിന്റെ തലക്കലും **'മൻ'** വരുകയും അവർ ദീനിനെ പരിഷ്ക്കരിക്കുന്നതുമാണെന്നാണ്. **മൻ** എന്ന വാക്കിനെ സംബന്ധിച്ച് നിഘണ്ടുകളിൽ കാണപ്പെടുന്നത്, ഈ വാക്ക് ഏക വചനമായും, ദ്വിവചനമായും, ബഹുവചനമായും ഉപയോഗിക്കപ്പെടുന്നു എന്നാണ്. വിശുദ്ധ ഖുർആൻ നിഘണ്ടുവായ മുഫ്റദാത്ത് ഇമാം റാഗിബ് പറയുന്നത്. ഇത് ഏകവചനമായും ബഹുവചനമായും സ്ത്രീലിംഗമായും പുല്ലിംഗമായും ഉപയോഗിക്കപ്പെടുന്നു എന്നാണ്.

## മുജദ്ദിദ് എന്നതിന്റെ ശരിയായ അർത്ഥം

നമുക്ക് മുൻപ് കഴിഞ്ഞ് കടന്നിട്ടുള്ള മുൻകാല പണ്ഢിതന്മാരും വലിമാരും, മൻ എന്നതിന് ഇതേ അർത്ഥമാണ് നല്കിയിരിക്കുന്നത്.

ഇമാം അൽമനാവി **മൻ യുജദ്ദിദുലഹാ** എന്നതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു, ഇതിലെ **മൻ** എന്ന പ്രയോഗം ഒന്നോ അതിലധികം ആളുകളേയോ ആണ് ഉദ്ദേശിക്കുന്നത്.

അല്ലാമ ഇബ്നു കബീർ പറയുന്നു, പ്രസ്തുത ഹദീസിൽ പറഞ്ഞിരിക്കുന്ന പരിഷ്ക്കർത്താക്കൾ തങ്ങളുടെ ഇമാമിംങ്ങൾ മാത്രമാണ് എന്നാണ് ഓരോ ദേശക്കാരും തന്നെ വിശ്വസിക്കുന്നത്. എന്നാൽ യഥാർഥത്തിൽ എല്ലാ വിഭാഗങ്ങളിലും വന്നിട്ടുള്ള പരിഷ്ക്കർത്താക്കൾ ഇതിൽ ഉൾപ്പെടുന്നു.

അൻകമി പറയുന്നു, ആളുകൾ വിസ്മരിച്ചു പോയ ഇസ്ലാമിക അധ്യാപനങ്ങളുടെ പുനരുദ്ധാരണമാണ് തജ്ദീദ് അഥവാ പരിഷ്ക്കരണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. അദ്ദേഹം തുടർന്ന് പറയുന്നു, ഒരു മുജദ്ദിദ് താൻ മുജദ്ദിദാണ് എന്ന് വാദിക്കാറില്ല, മറിച്ച് അവരുടെ പ്രവർത്തനങ്ങളും സാഹചര്യങ്ങളും അവർ ഇസ്ലാമിന് വേണ്ടി നടത്തുന്ന പരിശ്രമങ്ങളും കണ്ട് കൊണ്ട് ആളുകൾ അവരെ മുജദ്ദിദ് ആണെന്ന് മനസ്സിലാക്കുന്നു.

16ാം നൂറ്റാണ്ടിലെ ഒരു മഹാത്മാവ് ആയിരുന്ന ശേഖ് താഹിർ ഗുജ്റാത്തി പ്രസ്തുത ഹദീസിന് നിർവചനം നൽകി കൊണ്ട് പറയുന്നു,

ഇസ്ലാമിലെ വിത്യസ്ത വിഭാഗങ്ങൾ തങ്ങളുടെ ഭിന്നതകൾ കാരണം ഓരോ നൂറ്റാണ്ടിലെയും മുജദ്ദിദുകൾ ആരൊക്കെയാണ് എന്ന കാര്യത്തിൽ തർക്കത്തിലാണ്. ഓരോ വിഭാഗങ്ങളിൽ പെട്ടവരും തന്നെ അവരവരുടെ ഇമാമീങ്ങളെ മുജദ്ദിദുകളായി കാണുന്നു. എന്നാൽ ഇതിനെ പൊതുവായി വ്യഖ്യാനിക്കുകയാണ് ഉത്തമം. ഫുഖഹാക്കളും, ഊലുൽ അംറുകളും (ഭരണകർത്താക്കളും), മുഹദ്ദിസുകളും, ഖാരികളും, ഉപദേശകരും എല്ലാം തന്നെ മുജദ്ദിദുകൾ തന്നെയാണ്. കാരണം അവരെല്ലാവരും തന്നെ ഇസ്ലാമിക സേവനങ്ങൾക്കായി തങ്ങളെ സമർപ്പിച്ചവരാണ്. പ്രസ്തുത ഹദീസിൽ സൂചിപ്പിച്ചിരിക്കുന്നതും ഓരോ നൂറ്റാണ്ടിലെ തലക്കലും ദീനിനെ പുനരുജ്ജീവിപ്പിക്കുന്നവരുടെ ഒരു സമൂഹം തന്നെ ഉണ്ടായിരിക്കും എന്നാണ്.

ദർജാത്ത് മിർഖാത്തു സൗദ് ഇലാ സുനനീ അബി ദാവൂദ് എന്ന ഗ്രന്ഥത്തിൽ പ്രസ്തുത ഹദീസിന് ഇപ്രകാരം അടിക്കുറിപ്പ് നൽകിയിരിക്കുന്നു, ഓരോ നൂറ്റാണ്ടിന്റെയും തലക്കൽ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്നത് ഒരു വ്യക്തി ആയിരിക്കില്ല, മറിച്ച് ഒന്നിൽ അധികം ആളുകൾ ആ കൂട്ടത്തിൽ ഉണ്ടായിരിക്കുന്നതാണ്.

## തജ്ദീദ് എല്ലാ മുസ്ലിംകളുടെയും കടമയാണ്.

വലിയ ഒരു വിഭാഗം പരിശുദ്ധാത്മാക്കളും അഭിപ്രായപ്പെട്ടിരിക്കുന്നത് ഈ ഉത്തരവാദിത്തം മുഴുവൻ ഉമ്മത്തിന്റെയും ആണെന്നാണ്. ദീൻ പഠിക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യേണ്ടത് എല്ലാവരുടെയും

### മസീഹ് മൗഊദ് (അ) ന് ശേഷം മുജദ്ദിദ് ഇല്ല

അഥവാ ഒരു കപട വിശ്വാസി ഹദ്റത് മസീഹ് മൗഊദ് (അ) ഒരു മുജദ്ദിദ് മാത്രമാണെന്നും ഇനിയും നൂറ്റാണ്ടിന്റെ തലക്കൽ മുജദ്ദിദ് വരുമെന്നും പറയുകയാണെങ്കിൽ അയാൾ ഹദ്റത് മസീഹ്(അ) ന്റെ സ്ഥാനത്തെ നിന്ദിക്കുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ അദ്ദേഹം മുജദ്ദിദ് മാത്രം ആയിരുന്നില്ല, മറിച്ച് മസീഹും, മഹ്ദിയും കൂടിയായിരുന്നു. അദ്ദേഹം അവസാന കാലഘട്ടത്തിലെ ഇമാം ആകുന്നു. അതോടൊപ്പം അദ്ദേഹം അവസാന നൂറ്റാണ്ടിലെ മുജദ്ദിദ് കൂടി ആകുന്നു. അദ്ദേഹം റസൂൽ (സ) യുടെ പ്രിയ പ്രേമിയും ആയിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടം ഖിയാമത്ത് നാൾ വരേയും ഉണ്ടായിരിക്കും എന്നാണ് അല്ലാഹു അദ്ദേഹത്തെ അറിയിച്ചിട്ടുള്ളത് . അദ്ദേഹത്തിന്റെ പദവി ആർക്കും നേടിയെടുക്കാൻ സാധ്യമല്ല. എന്നാൽ അദ്ദേഹത്തിന്റെ സേവകർ ഇനിയും ഉണ്ടാകുന്നതാണ്. അങ്ങനെ അദ്ദേഹത്തിന്റെ സേവകരായി നിയോഗിക്കപ്പെടുന്നവരാണ് ഖലീഫമാർ. അവർ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഖലീഫമാരും ഹദ്റത് മസീഹ് (അ) ന്റെ സേനാംഗങ്ങളും ആയിരിക്കും.


നിർബന്ധ കടമയാണ്. ആകയാൽ പ്രസ്തുത ഹദീസ് കൊണ്ട് അർത്ഥമാക്കുന്നത് ഏതെങ്കിലും ഒരു മുജദ്ദിദ് എല്ലാ നൂറ്റാണ്ടിന്റെയും തലക്കൽ വരും എന്നല്ല മറിച്ച്, ഇസ്‌ലാമിന്റെ സമുദ്ധാരണത്തിനായി കാലാകാലങ്ങളിൽ അല്ലാഹു പരിഷ്ക്കർത്താക്കളെ നിയോഗിക്കും എന്നാണ്.

### മുജദ്ദിദും വാഗ്ദത്ത മസീഹും

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി വാഗ്ദത്ത മസീഹിനെ കുറിച്ചുള്ള ആയിരക്കണക്കിന് ഹദീസുകളും, അടയാളങ്ങളും, പണ്ഡിതന്മാരുടെ സാക്ഷ്യപ്പെടുത്തലുകളും കാണാവുന്നതാണ്. ഏതൊരു ഹദീസിനേയും വ്യാഖ്യാനിക്കുമ്പോൾ അത് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമാകരുത് എന്നാണ് ഹദ്റത് മസീഹ് മൗഊദ് (അ) നമുക്ക് മനസ്സിലാക്കിത്തരുന്നത്. തജ്ദീദെ ദീനിനെ സംബന്ധിച്ചുള്ള ഹദീസ് തീർച്ചയായും സഹീഹായത് തന്നെയാണ്.എന്നാൽ അതിനെ സ്വന്തം താത്പര്യങ്ങൾക്കായി വിശദീകരിക്കാൻ ആർക്കും തന്നെ അവകാശമില്ലാത്തതാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) പ്രസ്തുത ഹദീസിനെ ബന്ധപ്പെടുത്തിയിരിക്കുന്നത് ആയത്തെ ഇസ്തിഖ്‌ലാഫുമായാണ്. ഈ ആയത്തിനെ ഖിലാഫത്തുമായും, മുജദ്ദിദിയത്തുമായും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള വിശദീകരണമാണ് അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ കാണുന്നത്. ഇതിൽ പറഞ്ഞിരിക്കുന്ന **കമസ്തഖ്‌ലഫല്ലദീന മിൻ ഖബ്‌ലിഹിം** എന്നത് കൊണ്ട് അർത്ഥമാകുന്നത് മൂസവി ഖിലാഫത്താണ്. ഹദ്റത് മൂസാ(അ) ന്റെ ഉമ്മത്തിൽ 400 ൽ പരം പ്രവാചകന്മാർ ഉണ്ടായിരുന്നത് പോലെ മുഹമ്മദീ ഉമ്മത്തിലും 400 ൽ പരം ദീനിന്റെ പരിഷ്ക്കർത്താക്കൾ ഉണ്ടായിരിക്കുന്നതാണ്. അവരോരുത്തരും തന്റെ ദീനി പരിഷ്ക്കരണത്തിൽ മുഴുകിയിരിക്കുന്നതാണ്. എല്ലാ പ്രവാചകന്മാരും തന്നെ മുജദ്ദിദുകൾ ആണെന്നും എന്നാൽ എല്ലാ മുജദ്ദിദും പ്രവാചകന്മാർ അല്ലെന്നും ഹദ്റത് മസീഹ് (അ) എഴുതിയിരിക്കുന്നു.

**- അമീറുദ്ദീൻ സാജിദ്**




# ആയിരം വർഷത്തേക്കുള്ള ഖലീഫ

**ഹദ്റത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)**

മസീഹ് മൗഊദ് (അ) പറയുന്നു.' "ഖലീഫമാരുടെ വരവിനെ അല്ലാഹു ഖിയാമത്ത് നാൾ വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇസ്‌ലാമിനെ സഹായിക്കാനും പരിഷ്ക്കരിക്കാനുമായി ഓരോ നൂറ്റാണ്ടിന്റെ തലക്കും മുജദ്ദിദുമാർ വന്നുകൊണ്ടിരുന്നു എന്നത് ഇസ്‌ലാമിന്റെ മഹത്വവും അതിന്റെ ശ്രേഷ്ഠതയുമാണ്. ഇനിയും വന്നു കൊണ്ടിരിക്കുകയും ചെയ്യും." (ഇവിടെ മുജദ്ദിദ് വന്നുകൊണ്ടിരിക്കും എന്ന് കേൾക്കുമ്പോൾ അതാരായിരിക്കുമെന്ന് ചിലർ തെറ്റിദ്ധരിക്കാറുണ്ട്. ഖലീഫമാർ തന്നെയായിരിക്കും മുജദ്ദിദുമാർ.)

വീണ്ടും പറയുന്നു."നോക്കു! അല്ലാഹു തിരുനബി(സ) യെ ഹ:മൂസാ(അ) നോടാണ് ഉപമിച്ചത്. **'കമാ'** പോലെ എന്ന വാക്കിൽ നിന്നും ഇത് വ്യക്തമാകുന്നതാണ്. മൂസവി ശരീഅത്തിന്റെ അവസാന ഖലീഫ ഹ: ഈസ ആയിരുന്നു. ഞാൻ അവസാനത്തെ കല്ലാണ് എന്ന് അദ്ദേഹം തന്നെ പറയുകയുണ്ടായി. ഇതേ പോലെ മുഹമ്മദീ ശരീഅത്തിലും ഇതിനെ നവമായി നിർത്തുന്നതിനും പരിഷ്ക്കരിക്കുന്നതിനുമായി ഖലീഫമാർ വന്നു. ഖിയാമത്ത് നാൾ വരെ വരുന്നതാണ്. അതേ പോലെ അവസാന കാലത്തെ ഖലീഫക്ക് പരസ്പരമുള്ള സാദൃശ്യം കാരണമായും ഇരുവരുടെയും ജോലിയിലും സാദൃശ്യമുള്ളത് കാരണം അദ്ദേഹത്തിന്റെ നാമം വാഗ്ദത്ത മസീഹ് എന്ന് വെക്കുകയുണ്ടായി. മാത്രമല്ല വാഗ്ദത്ത മസീഹിനെക്കുറിച്ച് ചെറിയ രീതിയിലുള്ള ഒരു പരാമർശമല്ല നടത്തിയിട്ടുള്ളത്. അദ്ദേഹം വരുമ്പോഴുള്ള അടയാളങ്ങളെക്കുറിച്ച് ദൈവിക ഗ്രന്ഥങ്ങളിലെല്ലാം വിശദമായി പറയുക പോലും ചെയ്തിരിക്കുന്നു. തൗറാത്തിലും ഇഞ്ചീലിലും ഹദീസുകളിലും വിശുദ്ധ ഖുർആനിൽ തന്നെയും അദ്ദേഹത്തിന്റെ വരവിനുള്ള അടയാളങ്ങൾ പറഞ്ഞിട്ടുണ്ട്. യഹൂദികളും ക്രിസ്ത്യാനികളും മുസ്‌ലിംകളും എല്ലാം തന്നെ ഒരുമിച്ച് അദ്ദേഹം വരും എന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. ഇങ്ങനെയുള്ള വ്യക്തിയെ നിഷേധിക്കുക എന്നത് എങ്ങിനെയാണ് ഇസ്‌ലാം ആയിത്തീരുന്നത്? ആ വ്യക്തിയുടെ സഹായത്തിനായി ആകാശത്ത് അല്ലാഹു അടയാളങ്ങൾ പ്രകടമാക്കുകയുണ്ടായി. ഭൂമിയിലും മുഅ്ജിസത്തുകൾ കാണിച്ചു. അദ്ദേഹത്തിന്റെ സഹായത്തിനായി പ്ലേഗ് വന്നു. സൂര്യചന്ദ്ര ഗ്രഹണങ്ങൾ പ്രവചനത്തിൽ പറയപ്പെട്ട പ്രകാരം അതേ തിയ്യതിയിൽ കൃത്യസമയത്ത് തന്നെ വെളിപ്പെടുകയും ചെയ്തു. ഏതൊരു വ്യക്തിയുടെ സത്യസാക്ഷ്യത്തിനായി ആകാശം അടയാളങ്ങൾ പ്രകടമാക്കുകയും, ഭൂമി ഇതു തന്നെയാണ് സമയം എന്ന് വിളിച്ചു പറയുകയും ചെയ്തുവോ ആ വ്യക്തി സാധാരണക്കാരനാകുമോ? അദ്ദേഹത്തെ വിശ്വസിക്കുന്നതും വിശ്വസിക്കാതിരിക്കുന്നതും തുല്യമാകുമോ? അദ്ദേഹത്തെ അംഗീകരിക്കാത്ത മുസ്‌ലിം അല്ലാഹുവിന്റെ പ്രിയപ്പെട്ടവരായിത്തീരുമോ? ഇല്ല. ഒരിക്കലുമില്ല."


ഓർക്കുക! വാഗ്ദത്ത പുരുഷൻ വരേണ്ട എല്ലാ അടയാളങ്ങളും പ്രകടമായിക്കഴിഞ്ഞിരിക്കുന്നു. വിവിധങ്ങളായ കുഴപ്പങ്ങൾ ഭൂമിയെ മലീമസമാക്കിയിരിക്കുന്നു. മുസ്‌ലിം പണ്ഡിതരും വിവിധ ഔലിയാക്കളും വാഗ്ദത്ത പുരുഷന്റെ വരവിന്റെ കാലം 14 ാം നൂറ്റാണ്ടിലായിരിക്കുമെന്ന് എഴുതി വെക്കുകയും ചെയ്തിരിക്കുന്നു. ഔലിയാക്കളും ബഹുഭൂരിപക്ഷം പണ്ഡിതന്മാരും വിവരിച്ച ഇത്രമാത്രം ഐക്യകണ്ഠമായ സാക്ഷ്യങ്ങൾ നിലനിൽക്കേ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അവർ വിശുദ്ധഖുർആനിൽ ഗഹനമായി ചിന്തിക്കേണ്ടതാണ്. 'നൂർ' എന്ന അധ്യായം ശ്രദ്ധാപൂർവ്വം വായിക്കട്ടെ. ഹ: മൂസക്ക് ശേഷം 14 ാം നൂറ്റാണ്ടിൽ ഹ: ഈസാ വന്നതു പോലെ ഇവിടെയും തിരുനബി (സ) ക്ക് ശേഷം 14ാം നൂറ്റാണ്ടിൽ തന്നെ വാഗ്ദത്ത മസീഹ് വന്നിരിക്കുന്നു. ഹ: ഈസാ (അ) മൂസവി പ്രസ്ഥാനത്തിന്റെ അവസാന ഖലീഫ ആയിരുന്നതു പോലെ ഇവിടെയും വാഗ്ദത്ത മസീഹ് ഖാത്തമുൽ ഖുലഫാ ആയിരിക്കും." ആ മഹാത്മാവ് പറയുകയുണ്ടായി; അടുത്ത ആയിരം വർഷത്തേക്കുള്ള ഖലീഫ ഞാനാണ്. ഇനി വരുന്നവരെല്ലാം അദ്ദേഹത്തെ പിൻപറ്റിക്കൊണ്ടാണ് വരിക.

(ജുമുഅ ഖുത്വുബ 16-08-2013)

# ദൈവിക സഹായവും ഖിലാഫത്തും

**ഖാദിംകളോട്**

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)**



നിങ്ങൾ എല്ലാവരും ഒത്തൊരുമിച്ച് കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ ജീവ നോടെ നിലനിർത്താൻ ശ്രമിച്ചാലും അത് സാധ്യമല്ല. എന്നാൽ രണ്ടാം ഖുദ്റത്ത് നിങ്ങളിൽ നിലനിർത്താൻ സാധിക്കുന്നതാണ്. രണ്ടാം ഖുദ്റത്തിന്റെ രണ്ട് പ്രഭാവങ്ങളാണ് ഉള്ളത്. ഒന്ന് ദൈവിക സഹായം രണ്ട് ഖിലാഫത്ത് ഒരു സമൂഹം ആഗ്രഹിക്കുകയും തങ്ങളെ പ്രാപ്തരാക്കിത്തീർക്കുകയും ചെയ്താൽ ദൈവീക സഹായം അവരോടൊപ്പം ഉണ്ടാകുകയും ഖിലാഫത്ത് അവരിൽ നിലനിൽക്കുകയും ചെയ്യുന്നതാണ്. ന്യൂനതകൾ ഉണ്ടാകുന്നത് ചിന്തകൾ ബലഹീനമാകുമ്പോഴാണ്. ചിന്താഗതികൾ നല്ലതാണെങ്കിൽ അല്ലാഹു ഒരിക്കലും തന്നെ ഒരു സമൂഹത്തെ കൈവെടിയുന്നതല്ല. അല്ലാഹു വിശുദ്ധ ഖുർആ നിൽ പറയുന്നു:

ഒരു സമൂഹം തങ്ങളുടെ ഹൃദയത്തിൽ മാറ്റം വരുത്താത്തത് വരെ അല്ലാഹുവും സ്വയം അതിന് മാറ്റം വരുത്തുന്നതല്ല. ഈ വിഷയം എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാകുന്നതാണ്. ഒരാളും തന്നെ ഇക്കാര്യം മനസ്സിലായില്ല എന്ന് പറയുന്നതല്ല. വിഢികളിൽ വിഢിയായ ഒരാൾക്ക് ഇത് പറഞ്ഞു കൊടുത്താൽ അയാൾ പോലും തനിക്കിത് മനസ്സിലായിട്ടില്ല എന്ന് പറയുകയില്ല. പക്ഷേ ഇത്ര ലളിതമായ കാര്യം പോലും സമൂഹം മറന്ന് കളയുന്നു. മനുഷ്യൻ മരിക്കേണ്ടത് അനിവാര്യമാണ്. ഒരാൾ മരിക്കുന്നത് കൊണ്ട് അയാൾ കുറ്റ വാളിയാകുന്നില്ല. എന്നാൽ ജീവന്റെ തുടിപ്പ് നില നിർത്തേണ്ടത് സമൂഹത്തിന് അനിവാ ര്യമാണ്. സമൂഹങ്ങൾ ആഗ്രഹിച്ചാൽ ജീവൻ നിലനിർത്താൻ സാധിക്കുന്നതാണ്. എന്നാൽ സ്വയം തന്നെ അവർ നശിക്കുകയാണ് ചെയ്യുന്നത് അല്ലാഹു റസൂൽ കരീം(സ) മുഖേന സഹാബാക്കൾക്ക് നൽകിയ അധ്യാപനം അവരുടെ വരും തലമുറ പ്രാവർത്തികമാക്കിയിരുന്നുവെങ്കിൽ അവർ എന്നന്നേക്കുമായി നിലനിൽക്കുമായിരുന്നു. എന്നാൽ സമൂഹം പ്രവർത്തനം ഉപേക്ഷിച്ചതോടു കൂടി നിർജ്ജീവാവസ്ഥയിലായി. ആളുകൾ പലപ്പോഴും ചോദിക്കാറുണ്ട്. പലപ്പോഴും എന്റെ മുന്നിലും ഈ ചോദ്യം വരാറുണ്ട്. അതായത് അല്ലാഹു തഅലാ റസൂൽ കരീം(സ) ക്ക് നൽകിയത് ഉത്തമമായ അദ്ധ്യാപനങ്ങളായിരുന്നു. റസൂൽ കരീം (സ) തന്റെ പ്രവർത്തനമാതൃകയിലൂടെ അത് നടപ്പാക്കി കാണിച്ചു. അതിൽ എല്ലാ വിധത്തിലുമുള്ള സാമൂഹിക പ്രശ്നങ്ങൾക്കും പരിഹാരമുണ്ടായിരിന്നിട്ട് കൂടി കേവലം 33 വർഷം കൊണ്ട് അത് അവസാനിച്ച് പോയത് എന്തുകൊണ്ടാണ്.?

ക്രൈസ്തവരുടെ പക്കൽ ഇസ്‌ലാമിനേക്കാൾ കുറഞ്ഞ നിലവാരത്തിലുള്ള ഖിലാഫത്ത് ആണ് ഉണ്ടായിരുന്നത്. എങ്കിൽ തന്നെയും ഇപ്പോഴും അവരിൽ പോപ്പ് നിലനിന്ന് വരുന്നു. ക്രൈസ്തവരിൽ ചുരുങ്ങിയ പക്ഷം ആളുകൾ പോപ്പിന്റെ വിരോധികളാണ്. എങ്കിൽ തന്നെയും ഭൂരിപക്ഷം പേരും പോപ്പിനെ അംഗീകരിക്കുന്നവരാണ്.

ഈ വ്യവസ്ഥിതിയിൽ നിന്ന് അവർ പ്രയോജനം ഉൾക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുസ്‌ലിംകളിൽ 33 വർഷം ഖിലാഫത്ത് നിലനിന്ന ശേഷം അത് അവസാനിച്ചു. ഇത് സംഭവിച്ചത് എന്ത് കൊണ്ടാണ്? അതിന് കാരണം മുസ്‌ലിംകളുടെ ചിന്താഗതികൾ മാറിപ്പോയിരുന്നു എന്നതാണ്. അവരുടെ ചിന്താഗതികൾ ചൊവ്വുള്ളതായിരുന്നെങ്കിൽ ഇത് ഒരിക്കലും തന്നെ അംഗീകരിക്കില്ലായിരുന്നു. ഈ നിഅ്മത്ത് ഒരിക്കലും കയ്യിൽ നിന്ന് വീണ് പോകില്ലായിരുന്നു. നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി നേടിയെടുക്കുകയും എപ്പോഴും നിങ്ങളെ ഖിലാഫത്തുമായി ബന്ധപ്പെടുത്തി നിർത്തുകയും ചെയ്യുക. നിങ്ങൾ അങ്ങനെ ചെയ്യുകയാണെങ്കിൽ ഖിലാഫത്ത് എന്നെന്നും നിലനിൽക്കുന്നതാണ്. അല്ലാഹു ഖിലാഫത്തിനെ നിങ്ങളുടെ കൈകളിൽ നൽകിയിരിക്കുന്നു. എന്ത് കൊണ്ടെന്നാൽ ഞാൻ ഇത് നിങ്ങളുടെ കയ്യിൽ നൽകിയിരിക്കുന്നു എന്ന് അവന് പറയാൻ സാധിക്കുന്നതാണ്. നിങ്ങൾ ആഗ്രഹിക്കു ന്നുണ്ടെങ്കിൽ നിങ്ങൾ ഇതിനെ എന്നെന്നേക്കുമായി നിലനിർത്തുക. അല്ലാഹു ആഗ്രഹിച്ചിരുന്നെങ്കിൽ ഇതിനെ ഇൽഹാമിലൂടെ നിലനിർത്തുമായിരുന്നേനേ. എന്നാൽ അവൻ അങ്ങനെ ചെയ്തില്ല; മറിച്ച് അവൻ പറയുന്നു നിങ്ങൾ ഖിലാഫത്തിനെ നിലനിർത്താൻ ആഗ്രഹിച്ചാൽ ഞാൻ ഇതിനെ നിലനിർത്തുന്നതാണ്. നിങ്ങൾ ഖിലാഫത്ത് ആഗ്രഹിക്കുന്നുണ്ടോ ഇല്ലയോ എന്നത് നിങ്ങളുടെ വായ കൊണ്ട് പറയിപ്പിക്കാൻ അവൻ ഉദ്ദേശിക്കുന്നു.

(മശ്അലെ രാഹ് )

**സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ**

# ഖലീഫ കരുണാർദ്രനായ പിതാവിന് തുല്യം

**മൗലാനാ അതാഉൽ മുജീബ് സാഹിബ് റാശിദ്**

**ഇമാം മസ്ജിദ് ഫദ്ൽ ലണ്ടൻ**

കാലത്തിന്റെ ഖലീഫയുടെ അസ്ഥിത്വത്തിൽ മുഴുവൻ ജമാഅത്തിനും അവർക്ക് തങ്ങളുടെ സകല ദുഖങ്ങളിലും വിഷമങ്ങളിലും ആശ്രയവും, സകല സന്തോഷങ്ങളിലും അവരോടൊപ്പം പങ്കാളിയാകുന്ന ഒരു കരുണാർദ്രനായ, ദുആ ചെയ്യുന്ന വ്യക്തിത്വം ലഭിച്ചിരിക്കുന്നു എന്നതാണ് ഖിലാഫത്ത് വ്യവസ്ഥിതിയുടെ അസീമിതങ്ങളായ അനുഗ്രഹങ്ങളിൽ ഒന്ന്. ഈ അവസ്ഥ ഭൗതീക നേതാക്കന്മാരിൽ എവിടെയാണ് കാണുക? വോട്ടിന്റെ ആവശ്യം വരുമ്പാൾ മാത്രമാണ് അവർക്ക് പൊതുജനങ്ങളെ ഓർമ വരിക. എന്നാൽ ഖിലാഫത്താകുന്ന അനുഗ്രഹീത വ്യവസ്ഥിതിയിൽ കാലത്തിന്റെ ഖലീഫ നബിചര്യയെ പിൻപറ്റികൊണ്ട് വിശ്വാസികളുടെ ജമാഅത്തിനായി ഓരോ ദിനവും ഓരോ നിമിഷവും ഔദാര്യവാനും കാരുണ്യവാനുമായ പിതാവിനെ പോലെയാകുന്നു. ദുഖിതരായി അദ്ദേഹത്തിന്റെ സവിധത്തിൽ എത്തി തങ്ങളുടെ ഭാരത്തെ ലഘൂകരിക്കുകയും ദുആകളുടെ നിധികളാൽ തങ്ങളുടെ മടിത്തട്ടുകൾ നിറച്ചു കൊണ്ട് മടങ്ങുകയും ചെയ്യുന്നു. ഈ അനുഗ്രഹം ഇന്ന് അഹ്മദിയ്യാ ജമാഅത്തിനല്ലാതെ ലോകത്ത് മറ്റൊരു വ്യവസ്ഥിതിയിലുള്ളവർക്കും ലഭ്യമല്ല.

(നിസാമെ ഖിലാഫത്ത്)

ചരിത്രപഥം

ഡോ: ഇഫ്തിഖാർ അഹ്മദ് അയാസ്, ലണ്ടൻ

# തോക്ക് വെടിയുതിർത്തില്ല

ഹദ്റത് മൗലവി അബുൽ അത്താ സാഹിബ് ജാലന്ധരി (റ) നിവേദനം ചെയ്യുന്നു.


“ഒരിക്കൽ, ഒരു പ്രചാരണ പരിപാടി കഴിഞ്ഞ് ഞാനെന്റെ സുഹൃത്തിനോടൊപ്പം കബാബീറിലേക്ക് മടങ്ങുകയായിരുന്നു. ഞങ്ങൾ ഒരു വനത്തിലൂടെയാണ് യാത്ര ചെയ്തിരുന്നത്. പൊന്തക്കാടുകൾക്കിടയിൽ ഒരനക്കമുള്ളതായിത്തോന്നി. ഏതെങ്കിലും മൃഗമായിരിക്കുമെന്ന് കരുതി ഞങ്ങൾ അധികം ശ്രദ്ധിച്ചില്ല. കുറച്ചു കൂടി യാത്ര ചെയ്തപ്പോൾ രണ്ടു വെടിയൊച്ച കേട്ടു. വീണ്ടും അത് മറ്റെന്തെങ്കിലുമാണെന്നു വിചാരിച്ച് കൂടുതൽ ശ്രദ്ധ ചെലുത്താൻ മെനക്കെട്ടില്ല. അതൊരപ്രധാന സംഭവമായി പാടെ വിസ്മരിച്ചു. എന്നിരിക്കലും പിന്നീട് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു, ആ യാത്ര മരണകാരണമായിരുന്നുവെന്നും സർവ്വശക്തനായ അല്ലാഹുവിന്റെ സഹായവും സംരക്ഷണവും കൊണ്ടാണ് ഞങ്ങൾ രക്ഷപ്പെട്ടതെന്നും മനസ്സിലായി. ദീർഘകാലം കഴിഞ്ഞ ശേഷം സംഭവത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാൻ ഞങ്ങൾക്കിട വന്നു. അഹ്മദിയ്യത്തിന്റെ ശത്രുക്കളായ ചിലർ എന്നെ വധിക്കാൻ ശ്രമിക്കുകയായിരുന്നു. സംഭവം നടന്ന രാത്രി രണ്ടു യുവാക്കൾ നിറത്തോക്കുമേന്തി പൊന്തക്കാടുകൾക്കിടയിൽ ഒളിച്ചിരുന്നു. എന്നെ വധിക്കാൻ അവസരം പാർത്തിരിക്കുകയായിരുന്നു. ഞാനും എന്റെ സുഹൃത്തും സംസാരിച്ചു നടന്നു പോകുന്നതിനിടയിൽ ആ യുവാക്കളിൽ ഒരാൾ എന്നെ വധിക്കാൻ വേണ്ടി തോക്കിന്റെ കാഞ്ചി വലിച്ചു. എന്നാൽ തോക്കിൽ നിന്നും വെടിയുതിർത്തില്ല. പിന്നെ മറ്റേയാൾ തന്റെ തോക്കിന്റെ കാഞ്ചി വലിച്ചു. അപ്പോഴും വെടിയുതിർത്തില്ല. വധശ്രമത്തെക്കുറിച്ച് തികച്ചും അജ്ഞരായിക്കൊണ്ട് ഞങ്ങൾ ദൈവിക സംരക്ഷണത്തിന്റെ തണലിൽ നടന്നു പോയി. ഞങ്ങൾ പോയ ശേഷം യുവാക്കൾ രണ്ടു പേരും തോക്കുകളുടെ കാഞ്ചി വലിച്ചപ്പോൾ വെടിയുതിരുകയും ചെയ്തു. തോക്കിന് ഒരു കേടും ഉണ്ടായിരുന്നില്ല. ഇസ്‌ലാമിന്റെ സേവകരുടെ നേരെ നിറയൊഴിച്ചപ്പോൾ സർവ്വശക്തനായ അല്ലാഹുവിന്റെ ഖുദ്റത്ത് കാരണം തോക്ക് പ്രവർത്തിച്ചില്ലെന്നു മാത്രം!

●

# ദൈവിക മാർഗ്ഗദർശനമുള്ള വാദഗതികൾ

ദൈവിക മാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നവരുടെയും മിഷനറിമാരുടെ വ്യക്തിപരമായ അനുഭവമാണ്, അവർ പ്രബോധനം നടത്തുമ്പോൾ സർവ്വ ശക്തനായ ദൈവം അവരുടെ മനസ്സിൽ ചില ആശയങ്ങൾ ഇട്ടു കൊടുക്കുന്നു. അവ വളരെ ലളിതവും സാധാരണവുമായിരിക്കും. പക്ഷേ, അവ വളരെ ഉപകാരപ്രദവും ഫലപ്രദവുമായിത്തീരുന്നു.

ഹദ്റത് മൗലവി അബുൽ അത്താ സാഹിബ് ജാലന്ധരി (റ) നിവേദനം ചെയ്യുന്നു. “ഒരിക്കൽ, ചില അദ്ധ്യാപകർ മതപരമായ ചർച്ചക്കു വേണ്ടി നബ്‌ലസിൽ നിന്നും പാലസ്തീനിൽ എന്റെയടുക്കൽ വന്നു. ആ സമയത്ത് എന്നെ കൂടാതെ ചില മുതിർന്ന അഹ്മദികളും അഹ്മദിയ്യാ ദാറുത്തബ്‌ലീഗിൽ സന്നിഹിതരായിരുന്നു. ഈസാ നബി (അ) യുടെ മരണമായിരുന്നു ചർച്ചാ വിഷയം. ഈസാ നബി(അ) മരിച്ചു പോയെങ്കിൽ അദ്ദേഹത്തിന്റെ ഖബർ എവിടെയായിരിക്കുമെന്ന് ഒരനഹ്മദി പണ്ഡിതൻ ചോദിച്ചു. ഈസാ നബി(അ) യുടെ ഖബർ കശ്മീരിലെ ശ്രീ നഗറിലാണെന്നതിന് ചരിത്രപരമായ തെളിവുകളുണ്ടെന്ന് അദ്ദേഹത്തോട് പറയപ്പെട്ടു. കശ്മീരിലെ ഒരു പട്ടണത്തെക്കുറിച്ചുള്ള പരാമർശം കേട്ടപ്പോൾ വളരെ ആശ്ചര്യത്തോടെ ഒരാൾ ചോദിച്ചു. ഇത്രയും ദൂരത്തോ? അതെങ്ങിനെയാണ്. ഞാൻ മറുപടി പറയേണ്ടതുണ്ടായിരുന്നു. അപ്പോൾ വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത അലി അൽ ഖസാക്ക് ഉടനെ പ്രതികരിച്ചു. കശ്മീർ ആകാശത്തേക്കാൾ വിദൂരമാണോ? കുറിക്കു കൊള്ളുന്ന ഈ മറുപടി കേട്ട് ആ അനഹ്മദി പണ്ഡിതനും മറ്റുള്ള അദ്ധ്യാപകരും നിരുദ്ധകൺഠരായി.



ഈസാ നബി(അ) യുടെ മരണത്തെ സംബന്ധിച്ച വളരെ രസകരമായ ഒരു സംഭവം റബ്‌വയിലുണ്ടായി. ചില അനഹ്മദി പണ്ഡിതന്മാർ ഒരിക്കൽ റബ്‌വ സന്ദർശിക്കുകയും അഹ്മദി പണ്ഡിതന്മാരുമായി ഈസാ നബി (അ) യുടെ മരണത്തെ കുറിച്ച് വളരെ വിശദമായ നിലയിൽ ചർച്ച നടത്തുകയുമുണ്ടായി. ഈസാ നബി(അ) യുടെ മരണത്തെ സംബന്ധിച്ച വിവിധ ഖുർആനിക സൂക്തങ്ങൾ ശ്രവിച്ചിട്ടും അവർക്ക് ബോധ്യം വന്നില്ല. ഈസാ നബി(അ) യുടെ മരണം വളരെ വ്യക്തമായി പ്രസ്താവിക്കുന്ന ഒരു ഖുർആനിക സൂക്തം കാണിക്കണമെന്ന് അവർ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ഒടുവിൽ അവരുടെ അഹ്മദി സുഹൃത്ത് അവരെ മൗലാന അഹ്മദ്ഖാൻ നസീം സാഹിബിന്റെയടുക്കേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെയും അവർ അതേ ആവശ്യം ഉന്നയിച്ചുകൊണ്ടിരുന്നു. അവർക്കുള്ള പ്രതികരണമായി മൗലാന സാഹിബ് ഒരു സൂത്രം പ്രയോഗിച്ചു. വിശുദ്ധ ഖുർആനിൽ നിന്ന് ഒരു സൂക്തം കാണിച്ചു കൊടുക്കുന്നതിനു പകരം അദ്ദേഹം അവരോട് ലളിതമായ ഒരു ചോദ്യമുന്നയിച്ചു.

വിശുദ്ധ ഖുർആന്റെ ഒരു പ്രത്യേക സൂക്തം ഈസാനബി (അ) യുടെ മരണത്തെ കുറിച്ച് നിങ്ങൾ ആവശ്യപ്പെടുന്ന പ്രകാരം മറ്റെല്ലാ പ്രവാചകന്മാരുടെ മരണവും വിശുദ്ധ ഖുർആനിലെ ഒരു സൂക്തത്തിന്റെ അടിസ്ഥാനത്തിലാണോ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്? ഈ ഉത്തരം വളരെ ഫലപ്രദവും ബോധ്യപ്പെടുത്തുന്നതുമായി അനഹ്മദി പണ്ഡിതൻ പറഞ്ഞു. “ശരി, വിശുദ്ധ ഖുർആനിൽ നിന്ന് ഒരു സൂക്തം കാണേണ്ട ആവശ്യമില്ല. കാര്യം വളരെ വ്യക്തമായിരിക്കുന്നു”

( *The Devotion of Life - Its Importance and Blessings*)

സമ്പാ: കെ.വി.ഹസ്സൻകോയ



Meeting with Huzur

# ജപ്പാൻ ദേശീയ മജ്‌ലിസെ ആമിലയുമായി ഹുസൂർ തിരുമനസ്സിന്റെ കൂടിക്കാഴ്ച



**ജനറൽ സെക്രട്ടറിയോട്** പറഞ്ഞു, ജമാഅത്തുകളിൽ നിന്ന് റിപ്പോർട്ടുകൾ വാങ്ങുക. സെക്രട്ടറിമാർ അവരവരുടെ വിഭാഗങ്ങളെ അവലോകനം ചെയ്യുക. സദർ സാഹിബും റിപ്പോർട്ടുകളെ വിശകലനം ചെയ്യേണ്ടതാണ്. അപ്പോഴാണ് പ്രവർത്തനങ്ങൾ മെച്ചപ്പെടുന്നത്.

**സെക്രട്ടറി മാലിനോട്** പറഞ്ഞു, നിങ്ങളുടെ ചന്ദയുടെ നിലവാരം ഇനിയും വർദ്ധിപ്പിക്കാവുന്നതാണ്. 15 മില്യൻ യെൻ എന്ന നിങ്ങളുടെ ബജറ്റ് സാധാരണക്കാരിൽ നിന്നു തന്നെ കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. ഇവിടെ കച്ചവടക്കാരുണ്ട്. കൂടാതെ കൂടുതൽ വരുമാനമുള്ളവരുമുണ്ട്. ചന്ദ തോതനുസരിച്ച് നൽകുന്നതിനായി അവരെ പ്രേരിപ്പിക്കുക. ചന്ദ ഒരു നികുതി അല്ല, ഇത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായിട്ടാണ് എന്നവരെ പറഞ്ഞ് ബോധ്യപ്പെടുത്തുക. നൽകാനുള്ളത് സത്യസന്ധമായി നൽകുക. കളവു പറയരുത്.

**സെക്രട്ടറി വസിയ്യത്തിനോട്** പറഞ്ഞു, 50% പൂർത്തിയാക്കണമെന്നുള്ള ടാർഗറ്റ് വരുമാനമുള്ള വരുടെ 50% ശതമാനമാണ്. ആ നിലയിൽ നിങ്ങൾ ഇപ്പോൾ പിന്നിലാണ്. അതിനാൽ ഈ കുറവിനെ പരിഹരിക്കുക. ഒരു മൂസിയുടെ ഭയഭക്തിയുടെയും നമസ്കാരത്തിന്റെയും നിലവാരം വളരെ ഉത്തമമായിരിക്കണം. ചന്ദയിലേക്ക് മാത്രം ശ്രദ്ധിക്കുകയും ചന്ദയുടെ നിലവാരം മാത്രം ഉയർത്തുക എന്നതായിരിക്കരുത് ലക്ഷ്യം. മറിച്ച് ധാർമിക നിലവാരവും ഉന്നതമായിരിക്കണം.

**സെക്രട്ടറി വഖ്ഫെ ജദീദിനോടും തഹ്‌രീകെ ജദീദിനോടും** പറഞ്ഞു, എല്ലാവരെയും പങ്കാളികളാക്കാൻ ശ്രമിക്കുക. നൂറ് ശതമാനവും പങ്കാളികളായിരിക്കണം.

ആഹ്വാനം നടത്തിയിട്ടും ആരും തന്നെ വഖ്ഫെ ആർസിക്കായി തയ്യാറായിട്ടില്ല എന്ന് പറഞ്ഞപ്പോൾ സെക്രട്ടറി തഅ്‌ലീമുൽ ഖുർആൻ വഖ്ഫെ ആർസിയോട് പറഞ്ഞു, ആഹ്വാനം നടത്തി അടങ്ങിയിരിക്കുകയല്ല വേണ്ടത്. മറിച്ച് നിരന്തരമായി ഓർമപ്പെടുത്തി കൊണ്ടിരിക്കേണ്ടതുണ്ട്. follow up ചെയ്തു കൊണ്ടിരിക്കുക.

ഖുർആൻ ക്ലാസ്സിൽ എല്ലാ കുട്ടികളും എത്തുന്നില്ല എന്ന് പറഞ്ഞപ്പോൾ ഹുസൂർ പറഞ്ഞു, ജപ്പാൻ ഭാഷയിൽ പഠിപ്പിക്കുക. എന്നിട്ടും എത്തുന്നില്ലായെങ്കിൽ ശാഖാ സംഘടനകളുമായി സഹകരിച്ച് അവരെ ക്ലാസിൽ പങ്കെടുപ്പിക്കുവാനായി മുറബ്ബി സാഹിബും സെക്രട്ടറി തർബിയ്യത്തും പരിശ്രമിക്കേണ്ടതാണ്. താങ്കൾ നിരന്തരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുക. എല്ലാം ശരിയാകുന്ന ഒരു കാലം വരുന്നതാണ്.

**സെക്രട്ടറി വഖ്ഫെ നൗവിനോട്** പറഞ്ഞു, വഖ്ഫ് ഫോറം പൂരിപ്പിച്ച എല്ലാ വഖ്ഫെ നൗകളോടും പറയുക, വഖ്ഫെ നൗ ഒരു തലക്കെട്ട് അല്ല. മറിച്ച് നിങ്ങൾ നിങ്ങളുടെ ജീവിതം മുഴുവനും സമർപ്പിച്ചിരിക്കുകയാണ്. ഇനി എന്താണ് ജമാഅത്ത് നിങ്ങളോട് പറയുന്നത് അതാണ് നിങ്ങൾ ചെയ്യേണ്ടത്. നിങ്ങൾക്ക് സ്വന്തം തീരുമാനിക്കാനുള്ള അവകാശം ഇല്ല.

**സെക്രട്ടറി ഇശാഅത്തിനോട്** പറഞ്ഞു, ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ഉദ്ധരണികൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുക. വീടുകളിലേക്ക് എത്തിക്കുക. ജനങ്ങൾ വായിക്കുന്നതാണ്. ശിക്ഷണത്തിനായി ഇത് അനിവാര്യമാണ്. ഇവിടെ ജീവിതം വളരെ advance ആണ്. ഭൗതീകതയിലേക്കാണ് കൂടുതൽ ശ്രദ്ധ. ശിക്ഷണം വളരെയധികം അനിവാര്യമാണ്.

**സെക്രട്ടറി തബ്‌ലീഗിനോട്** പറഞ്ഞു, ജുമുആ ഖുത്വുബയുടെ സംക്ഷിപ്തം വക്കീലുൽ അഅ്‌ലാ സാഹിബ് അയക്കാറുണ്ട്. അത് പരിഭാഷപ്പെടുത്തി ജമാഅത്തിലെ ഓരോ വ്യക്തികളിലേക്കും എത്തിക്കുക. ഓരോ ആഴ്ചയും ഈ പരിഭാഷ ആളുകളിലേക്ക് എത്തേണ്ടതാണ്. ഇമെയ്‌ലായിട്ടും അയക്കുക.

തബ്‌ലീഗിനായി ഒന്നോ രണ്ടോ പേജ്

وکالت مال تحریک جدید انجمن احمدیہ
Wakalat-e-Mal
TAHRIK-E-JADID ANJUMAN AHMADIYYA

بسم الله الرحمن الرحيم

نحمده ونصلى على رسوله الكريم وعلى عبده المسيح الموعود

# തഹ്‌രീക് ജദീദ് നടപ്പ് വർഷം പൂർത്തിയാവാൻ ആറു മാസം മാത്രം

ബഹുമാന്യ ജില്ലാ അമീർ/ അമീർ/ പ്രസിഡന്റ് സാഹിബ്

അസ്സലാമു അലൈക്കും

ക്ഷേമൈശ്വര്യങ്ങൾക്കായി ദുഃആ ചെയ്യുന്നു. തഹ്‌രീക് ജദീദ് നടപ്പ് വർഷം ഇൻശാ അല്ലാഹ് 2014 ഒക്ടോബർ 31 ന് അവസാനിക്കുകയാണ്. പ്രിയങ്കരനായ ഹുസൂർ തിരുമനസ്സ് നവംബർ മാസത്തിൽ ഇന്ത്യൻ ജമാഅത്തുകൾക്ക് നൽകിയ ടാർഗറ്റ് പൂർത്തിയാക്കാൻ തുടക്കം മുതൽക്ക് തന്നെ ഊർജ്ജസ്വലതയോട് കൂടി പരിശ്രമിക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

തഹ്‌രീക് ജദീദ് നടപ്പ് വർഷത്തെ ആറ് മാസം പിന്നിടുമ്പോൾ പല ജമാഅത്തുകളുടെയും ഇതുവരെയുള്ള പിരിവിന്റെ കണക്ക് തൃപ്തികരമല്ല എന്നാണ് മനസ്സിലാവുന്നത്. തഹ്‌രീക് ജദീദ് ചന്ദ കുടിശ്ശിക ഇല്ലാതെ അടച്ച് തീർക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഇതു സംബന്ധമായി ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) അരുൾ ചെയ്യുന്നു.

"തഹ്‌രീക് ജദീദ് ചന്ദ എത്രയും വേഗം കൊടുത്ത് വീട്ടാൻ ശ്രമിക്കേണ്ടതാണ്. അത് വർഷാവസാനം വരേയ്ക്കും മാറ്റിവെക്കാതിരിക്കുക. വളരെ നിർബന്ധിത സാഹചര്യത്തിലല്ലാതെ വർഷാവസാനം വരേയ്ക്കും കാത്തിരിക്കരുത്"

(റിപ്പോർട്ട് മജ്‌ലിസെ ശൂറ 10, 11, 12, 1936)

"സ്നേഹിതന്മാർ കഴിവിന്റെ പരമാവധി ഇതിൽ ചന്ദ എഴുതിക്കുക. പിന്നീട് വേഗം അടച്ച് തീർക്കുവാനും ശ്രമിക്കുക."

(സബീലുർ റശാദ് പേജ്: 210)

അത്യുത്സാഹത്തോടെ ഇതിൽ പങ്കെടുക്കുന്നവർ ഭാഗ്യവാന്മാരാണ്, കാരണം അവരുടെ നാമം ആദരവോടും ബഹുമാനത്തോടും കൂടി ഇസ്‌ലാമിക ചരിത്രത്തിൽ എന്നെന്നും ജീവിക്കും. ദൈവിക സന്നിധിയിൽ ഇക്കൂട്ടർ പ്രത്യേക ആദരവിന് ഉടമയായിരിക്കും.

(ഖുത്ബ ജുമുഅ 1935 ഡിസംബർ 13)

നമുക്കെല്ലാവർക്കും ഹുസൂറിന്റെ നിർദ്ദേശ പ്രകാരം എത്രയും പെട്ടെന്ന് തന്നെ മുഴുവൻ ചന്ദയും അടച്ച് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ.

ആമീൻ

വസ്സലാം

വിനീതൻ

ഖുർശിദ് അഹ്‌മദ് അൻവർ

വക്കീലുൽ മാൽ തഹ്‌രീക് ജദീദ്, ഖാദിയാൻ

---

പ്രസിദ്ധീകരിക്കുക. അത് ധാരാളമായി വിതരണം ചെയ്യുക. നോട്ടീസുകൾ എത്രയാണ് ആവശ്യം എന്നുള്ളത് കൃത്യമായി ആസൂത്രണം ചെയ്യുക. നോട്ടീസുകൾ തയ്യാറാക്കുമ്പോൾ ജപ്പാനികളുടെ പ്രകൃതത്തിനനുസരിച്ചുള്ള വിഷയത്തിൽ തയ്യാറാക്കേണ്ടതാണ്. മതപരമായ കാര്യങ്ങളിൽ എങ്ങിനെയാണ് താൽപര്യം ഉണ്ടാക്കിയെടുക്കുക, അല്ലാഹുവിലുള്ള വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനായി എന്തെല്ലാം ഉൾപ്പെടുത്തണം എന്നത് അവലോകനം ചെയ്യുക.

**സദ്ർ ഖുദ്ദാമുൽ അഹ്‌മദിയ്യായോട്** പറഞ്ഞു, തബ്‌ലീഗിനായി പദ്ധതികൾ ആസൂത്രണം ചെയ്യുക. ഖുദ്ദാമുകളെ അതിൽ ഉൾപ്പെടുത്തുക. ഏതാനും ചോദ്യങ്ങൾ തയ്യാറാക്കുകയും കുറച്ച് സ്ഥലങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തുകൊണ്ട് റിസർച്ച് നടത്തുക, സർവേ നടത്തുക. ആ സർവേയുടെ ഫലമായി ലഭിക്കുന്ന മറുപടിയിൽ നിന്ന് അവിടുത്തുകാരുടെ പ്രകൃതത്തെ സംബന്ധിച്ചും അഭിരുചിയെ സംബന്ധിച്ചും അറിവ് ലഭിക്കുന്നതാണ്. എത്തരത്തിലുള്ള നോട്ടീസുകളാണ് തയ്യാറാക്കേണ്ടതെന്ന് നിങ്ങൾക്ക് മനസ്സിലാകുകയും ചെയ്യും. തബ്‌ലീഗിനായി തങ്ങളുടെ പരിമിതിയിൽ നിന്നു കൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുക. നിങ്ങൾ വലിയ വലിയ പദ്ധതികളാണ് തയ്യാറാക്കുന്നത്. ആദ്യം ചെറിയതോതിൽ ചെയ്തുകാണിക്കുക. പിന്നീട് മുന്നോട്ട് നീങ്ങുക. പ്രൈമറിയിലെ പരീക്ഷ പാസാകാതെ എം.എ എടുക്കാൻ ശ്രമിക്കുന്നത് പോലെയാണത്.


**മജ്‌ലിസെ ആമില അംഗങ്ങൾ** സ്വന്തം വ്യക്തിഗത ബന്ധങ്ങൾ ഉണ്ടാക്കി തബ്‌ലീഗ് ചെയ്യാൻ തുടങ്ങുകയാണെങ്കിൽ അഞ്ചാറ് ബയ്അത്ത് അങ്ങിനെ ലഭിക്കുന്നതാണ്. ജപ്പാനികളുമായി കച്ചവടത്തിലേർപ്പെട്ടിരിക്കുന്ന ധാരാളം പേർ നിങ്ങളിലുണ്ട്. അവരുടെ ചുറ്റുപാടിൽ കഴിയുന്ന നിങ്ങൾ അവർക്ക് സന്ദേശം എത്തിക്കേണ്ടതാണ്, തബ്‌ലീഗ് ചെയ്യേണ്ടതാണ്. ദേശീയ മജ്‌ലിസെ ആമില അംഗങ്ങളും, ജമാഅത്തിലെ മജ്‌ലിസെ ആമില അംഗങ്ങളും ശാഖാ സംഘടനകളിലെ മജ്‌ലിസെ ആമില അംഗങ്ങളും എല്ലാവരും തന്നെ വ്യക്തിഗത ബന്ധങ്ങൾ ഉണ്ടാക്കി സന്ദേശം എത്തിക്കുന്നതിനും തബ്‌ലീഗ് ചെയ്യുന്നതിനും ശ്രമിക്കുകയാണെങ്കിൽ അൻപത് അറുപത് ബയ്അത്തുകൾ അതിലൂടെ ലഭിക്കുന്നതാണ്.

**സെക്രട്ടറി തഅ്‌ലീമിനോട്** പറഞ്ഞു, മുഴുവൻ വിദ്യാർഥികളുടെയും ഡാറ്റ തയ്യാറാക്കുക. യൂണിവേഴ്സിറ്റികളിലും, കോളേജ്കളിലും, ഹൈസ്കൂളിലും, പ്രൈമറി സ്കൂളിലും പഠിക്കുന്ന വിദ്യാർഥി വിദ്യാർഥിനികളുടെ വിശദവിവരങ്ങളും റിക്കാർഡും മുഴുവനായിരിക്കണം. പ്രായമനുസരിച്ചുള്ള റിക്കാർഡും ഉണ്ടായിരിക്കണം. പിന്നീട് ഏതെല്ലാം വിഷയങ്ങളിൽ എത്ര വിദ്യാർഥികൾ വിദ്യ അഭ്യസിച്ചു കൊണ്ടിരിക്കുന്നു എന്ന റിക്കാർഡും മുഴുവനാക്കേണ്ടതാണ്. ഹുസൂർ പറഞ്ഞു, പത്രങ്ങളിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും സൃഷ്ടിസേവനത്തെ സംബന്ധിച്ചുണ്ടാകുന്ന വാർത്തകൾ ജമാഅത്തിന്റെ പരിചയത്തെ വർദ്ധിപ്പിക്കുന്നതാണ്. ഇന്നത്തെ കാലഘട്ടത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ച് ജനങ്ങളുടെ മനസ്സിലുള്ള ഗുപ്തമായ ചിത്രത്തെ ഇല്ലാതാക്കി ഇസ്‌ലാമിന്റെ സുന്ദര രൂപം അവരുടെ മുന്നിലേക്കെത്തിക്കുന്നതിനായി ഇക്കാലഘട്ടത്തിൽ ഇത് അനിവാര്യമാണ്.

വനിതാരംഗം

അബൂ തബസ്സും

# സ്ത്രീകളുടെ അവകാശങ്ങൾ ഇസ്‌ലാമിൽ



ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

ഇസ്‌ലാം മാത്രമാണ് സ്ത്രീകളുടെ അവകാശങ്ങളെ അംഗീകരിച്ചിട്ടുള്ളത്. മാതാവ് എന്ന നിലയിൽ സ്ത്രീകൾക്കുള്ള അവകാശങ്ങൾ എന്തെല്ലാമാണെന്നും, മകൾ എന്ന നിലയിലുള്ള അവകാശങ്ങൾ എന്തെല്ലാമാണെന്നും, ഭാര്യ എന്ന നിലയിലുള്ള അവകാശങ്ങൾ എന്തെല്ലാമാണെന്നും, പിന്തുടർച്ചാവകാശത്തിൽ അവൾക്കുള്ള പങ്കെന്തെല്ലാമാണെന്നും, സാമൂഹിക ജീവിതത്തിൽ സ്ത്രീയുടെ അവകാശങ്ങൾ എന്തെല്ലാമാണെന്നും പറഞ്ഞത് ഇസ്‌ലാമാകുന്നു. അക്കാരണത്താലാണ് അഹ്‌മദിയ്യത്തിൽ പ്രവേശിച്ചതിനു ശേഷം സ്ത്രീകൾ സമർപ്പിക്കുന്ന ത്യാഗങ്ങൾക്കു സമാനമായത് മറ്റു സമുദായങ്ങളിൽ കാണാത്തത്.

## ത്യാഗസമർപ്പണത്തിന് ഒരു മാതൃക

നോക്കുക മസ്ജിദ് ഹേഗ്(ഹോളണ്ട്) സ്ത്രീകളാണ് നിർമിച്ചത്. ഹംബർഗിലെ മസ്ജിദ് പുരുഷന്മാർ തങ്ങളുടെ പണം കൊണ്ടാണ് നിർമിച്ചതെങ്കിലും അതിന്റെ മുഴുവൻ ചന്ദയും ഇതുവരെ പൂർത്തിയായിട്ടില്ല. എന്നാൽ ഹേഗിലെ പള്ളിയുടെ മുഴുവൻ ചന്ദയും സ്ത്രീകൾ നൽകിക്കഴിഞ്ഞു. അല്പം മാത്രമെ ശേഷിക്കുന്നുള്ളു. ഈയൊരു ത്യാഗമനോഭാവം അഹ്‌മദി സ്ത്രീകളിൽ മാത്രമെ കാണപ്പെടുകയുള്ളു. ഇസ്‌ലാമിനെ ഇത്തരത്തിൽ പ്രചരിപ്പിക്കുന്ന സ്ത്രീകളെ മറ്റൊരു മുസ്‌ലിം വിഭാഗത്തിലും കാണാൻ സാധിക്കില്ല.

## ഇത് അഹ്‌മദികളുടെ മാത്രം സവിശേഷത

അഹ്‌ലെ ഹദീസുകാരെ എടുക്കുക, ഹനഫികളെ എടുക്കുക, ഹംബലികളെ എടുക്കുക, മാലികികളെ എടുക്കുക അവരിൽ ഒരിക്കലും തന്നെ സ്വയം തങ്ങളെ പ്രയാസത്തിലകപ്പെടുത്തി ഇസ്‌ലാമിനോടുള്ള സ്നേഹത്തിൽ മുഴുകി അതിന്റെ പ്രചരണത്തിനായി പ്രയത്നിക്കുന്ന ഇത്തരത്തിലുള്ള സ്ത്രീകളെ കാണാൻ സാധിക്കില്ല. വിദേശങ്ങളിൽ പ്രചരണത്തിനായി സ്ത്രീകൾ ചന്ദ നൽകുന്ന കാഴ്ച അഹ്‌മദികളിൽ മാത്രമാണ് ദൃശ്യമാകുക. ചിലപ്പോൾ അങ്ങേയറ്റം ദരിദ്രരായ സ്ത്രീകളായിരിക്കും ചന്ദ നൽകുന്നത്. അവരിൽ നിന്ന് അത് സ്വീകരിക്കാൻ ലജ്ജ തോന്നിപ്പോകും.

## ത്യാഗവര്യയായ സ്ത്രീ

എനിക്കോർമയുണ്ട് കഴിഞ്ഞ വർഷം ഞാൻ പള്ളിയിൽ ഇരിക്കുന്ന സമയത്ത് ചിനിയൂട്ടിൽ താമസിക്കുന്ന ഒരു ആൺകുട്ടി വന്നു കൊണ്ട് ഒരു സ്വർണത്തിന്റെ വള എന്റെ കയ്യിൽ വെച്ചു തന്നു. എന്നിട്ട് പറഞ്ഞു, എന്റെ ഉമ്മ പറയുന്നു, ഞാനീ വള ഒരു അത്യാവശ്യ കാര്യത്തിനായി വെച്ചതായിരുന്നു. എന്നാൽ ഇത് വിറ്റ് ആ പണം ദീനീ കാര്യത്തിൽ ചെലവഴിച്ചാലും. അങ്ങനെ ഞാനത് വാങ്ങി മസ്ജിദ് ഹേഗിനായി ചെലവഴിച്ചു....

ഇത് അഹ്‌മദി സ്ത്രീകളിൽ മാത്രം കാണാൻ കഴിയുന്ന വസ്തുതയാണ്. ഇതിന് ഹനഫികളിലോ, മാലികികളിലോ, ഹംബലികളിലോ, ശാഫികളിലോ അതുപോലെ ആത്മീയ വിഭാഗങ്ങളായ ചിശ്തികളിലോ, ഖാദിരികളിലോ മാതൃക കാണാൻ സാധിക്കില്ല. കേവലം അഹ്‌മദികളിൽ മാത്രമാണ് കാണാൻ സാധിക്കുക.

ചുരുക്കത്തിൽ ആത്മീയ വിഭാഗങ്ങളുടെ അടിസ്ഥാനത്തിലും അഹ്‌മദി സ്ത്രീകൾ എല്ലാ ആത്മീയ വിഭാഗങ്ങളേക്കാളും ശ്രേഷ്ഠരാണ്. അതു പോലെ ഫിഖ്ഹി ഭിന്നതയുടെ കാര്യത്തിൽ നിലവിൽ വന്ന വിഭാഗങ്ങളേക്കാളും അഹ്‌മദി സ്ത്രീകൾ തന്നെയാണ് ശ്രേഷ്ഠർ.

## ക്രിസ്തുമതത്തിലെ സ്ത്രീകളുടെ അവസ്ഥ

എന്നാൽ അന്യരുമായി തുലനം ചെയ്യുമ്പോൾ നാം ഇപ്പോൾ ദുർബലരാണ്. അതായത് ക്രിസ്തീയ സ്ത്രീകൾ ക്രിസ്തുമതത്തിനായി ധാരാളം ത്യാഗങ്ങൾ സമർപ്പിക്കുന്നു. നമ്മുടെ സ്ത്രീകളും ത്യാഗങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും, പ്രചരണം നടത്തിയിട്ടുണ്ടെങ്കിലും ത്യാഗത്തിന്റെ കാര്യത്തിൽ അവരെക്കാൾ പിന്നിലാണ്. ഉദാഹരണമായി ചൈനയിൽ ഒരിക്കൽ ക്രിസ്തു മതത്തിനെതിരിൽ കലാപം പൊട്ടിപ്പുറപ്പെട്ടു. അന്നാളുകളിൽ അവിടെ ഒരു സ്ത്രീ ക്രിസ്തുമതത്തിന്റെ പ്രചരണത്തിൽ കഴിഞ്ഞിരുന്നു. ചൈനക്കാർ ആ സ്ത്രീയെ ആക്രമിച്ചു കൊന്നു. സ്ത്രീയുടെ മാംസം ചുട്ടു തിന്നു.

ഈ വാർത്ത ഇംഗ്ലണ്ടിൽ എത്തിയപ്പോൾ അവിടെ ഒരു വിളംബരം നടന്നു. ചൈനയിൽ പ്രചരണം നടത്തിക്കൊണ്ടിരുന്ന നമ്മുടെ ഒരു വനിത കൊല്ലപ്പെടുകയും അവരുടെ മാംസം ചുട്ട് തിന്നുകയും ചെയ്തിരിക്കുന്നു. അവർക്ക് പകരമായി അവിടെ പ്രവർത്തിക്കുന്നതിനായി ഒരു സ്ത്രീ പേര് നൽകണമെന്ന് ഞങ്ങൾ ആഭ്യർഥിക്കുന്നു. വൈകുന്നേരത്തിനുള്ളിൽ ഇരുപതിനായിരം സ്ത്രീകളാണ് തങ്ങളെ സമർപ്പിച്ചു കൊണ്ട് സമ്മതം അറിയിച്ചത്.

ഈയൊരു മാതൃക ഇപ്പോൾ നമ്മളിൽ കാണുന്നില്ല. മറിച്ച് ഇക്കാര്യത്തിൽ ഒരു അന്യസമുദായം നമ്മെക്കാൾ മുൻകടന്നു എന്നതിൽ നമുക്ക് ലജ്ജ തോന്നുന്നു. ഒരു പക്ഷെ അവർക്ക് 1900 വർഷങ്ങൾ കഴിഞ്ഞതു കൊണ്ടായിരിക്കാം. നമ്മളത്രയും കാലമായിട്ടില്ല.

## ത്യാഗ മനോഭാവത്തിൽ മുൻകടക്കുക

ഏതായാലും യുവാവസ്ഥയിൽ കൂടുതൽ ഉൽസാഹം ഉണ്ടാകേണ്ടതാണ്. നമ്മുടെ സ്ത്രീകളും താമസിയാതെ അതിനേക്കാൾ ആവേശം കാണിക്കുമെന്ന് നാം പ്രത്യാശിക്കുന്നു. ചില മാതൃകകൾ നമ്മുടെ ജമാഅത്തിലും ഉണ്ട്.....

ഏതായാലും അഹ്‌മദി സ്ത്രീകളോട് പറയുന്നു, നിങ്ങളും ക്രിസ്ത്യാനി സ്ത്രീകളെ പോലെ ത്യാഗങ്ങൾ ചെയ്യേണ്ടതാണ്.

(പ്രഭാഷണം: 26.10.1957)

സ്മൃതിപഥം


# മഹ്മൂദ് അഹ്മദ് സാഹിബ് ശാഹിദ്



അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ആസ്ട്രേലിയയുടെ അമീറും മുബല്ലിഗ് ഇൻ ചാർജുമായിരുന്ന മഹ്മൂദ് അഹ്മദ് സാഹിബ് ശാഹിദ് 2014 ഏപ്രിൽ 23നു ആസ്ട്രേലിയയിലെ സിഡ്നിയിൽ വെച്ചു ദിവംഗതനായി, ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. അസാമാന്യ നേതൃത്വ ഗുണമുണ്ടായിരുന്ന മഹ്മൂദ് അഹ്മദ് സാഹിബ് ശാഹിദ് വിനയത്തിന്റെയും ഖിലാഫത്തിനോടുള്ള സ്നേഹത്തിന്റെയും ഉന്നത മാതൃകയുമായിരുന്നു.

ഇന്നത്തെ ബംഗ്ലാദേശിലെ കൊമില്ല ജില്ലയിലെ ഒരു ചെറു ഗ്രാമത്തിലാണു 1949 ഡിസംബർ 26നു അദ്ദേഹം ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം പാക്കിസ്താനിലെ റബ്‌വയിലുള്ള ജാമിയ അഹ്മദിയ്യയിൽ ഉപരി പഠനത്തിനായി ചേർന്നു. അവിടെ നിന്നും 1973ൽ ശാഹിദ് ബിരുദം കരസ്ഥമാക്കി. ജാമിയയിലെ പഠന കാലയളവിൽ ജമാഅത്തിൽ വിവിധ സ്ഥാനങ്ങൾ വഹിച്ചിരുന്നു. ഹദ്റത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) സദർ ഖുദ്ദാമുൽ അഹ്മദിയ്യ ആയി പ്രവർത്തിക്കുന്ന സമയത്തു അദ്ദേഹത്തെ ബംഗ്ലാ ഡെസ്കിന്റെ ചുമതല ഏൽപ്പിച്ചിരുന്നു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയുടെ മജ്‌ലിസെ ആമിലയിൽ മുഹ്തമിം മഖാമിയായും മുഹ്തമിം തർബിയത്തുമായി സേവനമനുഷ്ഠിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചിരുന്നു. 1979 ൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയുടെ ആഗോള സദർ ആയി അദ്ദേഹത്തെ നിയമിച്ചു കൊണ്ട് ഖലീഫത്തുൽ മസീഹ് മൂന്നാമൻ(റഹ്) പറഞ്ഞു: വോട്ടിംഗിൽ അഞ്ചാം സ്ഥാനത്താണു മഹ്മൂദ് സാഹിബ് ബംഗാളി എത്തിയത് എന്നാലും ഞാൻ അദ്ദേഹത്തെ സദർ ആയി നിയമിച്ചു. അദ്ദേഹം വളരെ ആത്മാർഥതയുള്ളവനും അർപ്പിത മനസ്സുള്ള വ്യക്തിയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ആത്മാർഥത വർധിപ്പിക്കുമാറാകട്ടെ. അദ്ദേഹം നല്ല രീതിയിൽ സേവനം ചെയ്യുകയും ദുആക്കു അപേക്ഷിക്കുകയും ചെയ്തിരുന്നു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയുടെ ആഗോള സദർ എന്ന നിലയിൽ ആഫ്രിക്ക, യുറോപ്പ്, ഏഷ്യാ, അമേരിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലെ വിവിധ രാജ്യങ്ങളിൽ സന്ദർശനം നടത്തുകയും അവിടങ്ങളിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങൾ ഊർജിതപെടുത്തുവാനുള്ള നടപടികൾ എടുക്കുകയും ചെയ്തിരുന്നു. തെഹ്‌രീകെ ജദീദിൽ വക്കീലെ ഇശാഅത്ത് (Audio-Video) ആയി അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. അക്കാലയളവിൽ ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുതുബയുടെയും മറ്റും ഓഡിയോ വീഡിയോ റെക്കോർഡിങ്ങ്സിന്റെ വിതരണ സംവിധാനം ജമാഅത്തിൽ നടപ്പിലാക്കിയിരുന്നു. എം.ടി.എ സംവിധാനം നിലവിൽ വരുന്നതു വരെ അതു തുടർന്നിരുന്നു.

1974 ലെ അഹ്മദിയ്യ വിരുദ്ധ കലാപത്തിൽ അദ്ദേഹത്തിനു പൊലീസ് സ്റ്റേഷനിൽ കഴിയേണ്ടിവന്നിട്ടുണ്ട്. കലാപത്തിൽ പരിക്കേറ്റ വരെ ശുശ്രൂഷിക്കുവാൻ മുൻപന്തിയിൽ നിന്നിരുന്നു. 1980കളിൽ പാക്കിസ്ഥാനിലെ പ്രക്ഷുബ്ധമായ അവസ്ഥയിൽ ക്ഷമയോടെയും അച്ചടക്കത്തോടെയും സംഘടിതരായിരിക്കുവാൻ ഖാദിമീങ്ങളെ പ്രചോദിപ്പിച്ചുക്കൊണ്ടിരുന്നു.



ഹദ്റത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) മഹ്മൂദ് അഹ്മദ് സാഹിബ് ശാഹിദിനെ 1991 ജുലൈ 17നു ആസ്ട്രേലിയൻ ജമാഅത്ത് അമീറും മുബല്ലിഗ് ഇൻ ചാർജുമായി നിയമിച്ചു. ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശപ്രകാരം പാകിസ്ഥാനി അഹ്മദി കുടിയേറ്റ കുടുംബങ്ങൾക്ക് ആസ്ട്രേലിയയുടെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു നൽകിയിരുന്നു. മാത്രമല്ല ഹൂസൂറിന്റെ ഉപദേശപ്രകാരം പ്രാദേശിക, ഫെഡറൽ ഗവൺമെന്റുകളും, മറ്റു മത സമൂഹങ്ങളുമായും സാംസ്കാരിക ജീവകാരുണ്യ സംഘടനകളുമായി നല്ല ബന്ധം പുലർത്തുകയും അവർക്കു ജമാഅത്തിന്റെ സമാധാന സന്ദേശം എത്തിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഇതു രാഷ്ട്രീയ സാമൂഹിക വൃത്തങ്ങളിൽ ജമാഅത്തിനെ കുറിച്ച് നല്ലൊരു അവബോധം സൃഷ്ടിക്കാൻ സഹായിച്ചു. കഴിഞ്ഞ 23 വർഷക്കാലയളവിനുള്ളിൽ ജമാഅത്തിനു അവിടെ ജീവകാരുണ്യ പ്രസ്ഥാനങ്ങളുമായി അടുത്ത ബന്ധം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിലാണു ഹദ്റത് ഖലീഫത്തുൽ മസീഹ് നാലാമന്റെ (റഹ്) ഇംഗിതമനുസരിച്ച് നാല് വലിയ മസ്ജിദുകൾ ആസ്ട്രേലിയയിൽ നിർമ്മിച്ചത്. സിഡ്നിയിലെ ഖിലാഫത്ത് സെന്റിനെറി ഹാൾ, മെൽബൊണിലെ ബൈത്തുസ്സലാം പള്ളി, ബ്രിസ്ബെയിനിലെ ബൈത്തുൽ മസ്റൂർ പള്ളി, അഡ്‌ലെയ്ഡിലെ മഹ്മൂദ് പള്ളി തുടങ്ങിയവ. ഹദ്റത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ(അയ്യദഹു) ആണിത് ഉത്ഘാടനം ചെയ്തത്.

ജാമിയയിലെ പഠനകാലയളവു മുതൽ തന്നെ ജമാഅത്തിലെ അംഗങ്ങളുമായി ബന്ധം സ്ഥാപിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ജമാഅത്തിലെ പണ്ഡിതരുമായും മുതിർന്നവരുമായുമുള്ള സഹവാസം എല്ലായ്പ്പോഴും അദ്ദേഹം സ്മരിക്കാറുണ്ട്. അവരുടെ ഭയഭക്തിയുടെയും പ്രാർഥന സ്വീകാര്യതയുടെയും സംഭവങ്ങൾ അദ്ദേഹം പറയാറുണ്ടായിരുന്നു. ഖിലാഫത്തിനോട് അദമ്യമായ സ്നേഹം ഉണ്ടായിരുന്ന അദ്ദേഹം ഖലീഫമാരുമായി വളരെ നല്ല ബന്ധം പുലർത്തിയിരുന്നു. ഖലീഫത്തുൽ മസീഹ് മൂന്നാമന്റെയും(റഹ്) ഹദ്റത് ഖലീഫത്തുൽ മസീഹ് നാലാമന്റെയും (റഹ്) വിദേശ പര്യടനങ്ങളിൽ കൂടെ പോകാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. ഖലീഫയുടെ സന്ദേശം ജമാഅത്തംഗങ്ങൾക്ക് എത്തിക്കാനും അതു പാലിക്കാനും അദ്ദേഹം പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു.

അദ്ദേഹത്തിന്റെ വഫാത്തിൽ വിവിധ രാഷ്ട്രീയ പ്രവർത്തകരും മതനേതാക്കളും അനുശോചനമറിയിച്ചിരുന്നു. മാനവരാശിക്കു വേണ്ടി പ്രവർത്തിച്ചിരുന്ന നല്ലൊരു സുഹൃത്തിനെയാണു തങ്ങൾക്കു നഷ്ടപെട്ടതെന്നു അനുശോചന സന്ദേശത്തിൽ അവർ പറഞ്ഞു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിനു തുടർച്ചയായി 48 വർഷത്തോളം ജമാഅത്തിനെ സേവിക്കാനുള്ള ഭാഗ്യം ലഭിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ മേൽ കാരുണ്യം ചൊരിയുകയും സമുന്നതമായ സ്ഥാനം അദ്ദേഹത്തിനു നൽകുകയും ചെയ്യട്ടെ ആമീൻ.

*- സഫ്‌വാൻ*

# ഖുർആൻ ഖത്തം തീർത്തു

**കടലായി:** മുബീൻ സാഹിബിന്റേയും റിഷാന സാഹിബയുടേയും മകൻ റിഹാൻ അഹ്മദ് (7 വയസ്സ്) വിശുദ്ധ ഖുർആൻ ഓതിപ്പൂർത്തിയാക്കി. സദർ ജമാഅത്ത് അഹ്മദ് റശീദ് സാഹിബിന്റെ പൗത്രനാണ് റിഹാൻ



# ഉന്നത വിജയം

**കൊടിയത്തൂർ:** എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എപ്ലസ് കരസ്ഥമാക്കിയവർ 1.റോഷൻ സത്താർ, S/O അബ്ദുസത്താർ എ. 2.നേഹാ നാസിർ.എ D/O അബ്ദുന്നാസിർ.എ. 3.ഹിന തഹ്സിൻ D/O ഇ.അക്ബർ. കൂടാതെ മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബിന്റെ മകനായ ഉസ്മാൻ അഹ്മദ് 7 വിഷയങ്ങളിൽ എപ്ലസ് കരസ്ഥമാക്കുകയും ചെയ്തു.



**തിരൂർ:** എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എപ്ലസ് കരസ്ഥമാക്കി അബ്ദുറസാക്ക് സാഹിബിന്റെ മകൻ മുഹമ്മദ് ആദിൽ ഉന്നത വിജയം കരസ്ഥമാക്കി.



**കോഴിക്കോട്:** +2 പരീക്ഷയിൽ എല്ലാ വിഷയത്തിനും എപ്ലസ് കരസ്ഥമാക്കിയ ഫർഹാൻ ലത്തീഫ്. കോഴിക്കോട് ജമാഅത്തിലെ സി.പി. അബ്ദുലത്തീഫ് സാഹിബിന്റെയും സുബൈദ സാഹിബയുടേയും മകനായ ഫർഹാൻ എസ്.എസ്.എൽ.സി പരീക്ഷയിലും എല്ലാ വിഷയത്തിനും എപ്ലസ് കരസ്ഥമാക്കിയിരുന്നു.



# സൗഹൃദ ഫുട്ബോൾ, ക്രിക്കറ്റ് ചാമ്പ്യൻ ഷിപ്പ്

**കരുളായി:** മസീഹ് മൗഊദ് ദിനാചരണത്തിന്റെ ഭാഗമായി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കരുളായി ഫദ്‌ലെ ഉമർ സ്കൂൾ ഗ്രൗണ്ടിൽ വെച്ച് മലപ്പുറം കോഴിക്കോട് ജില്ലാ ഫുട്ബോൾ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു. മലപ്പുറം ജില്ലാ അമീർ ടി.കെ അമീറലി സാഹിബ് ദുആക്ക് നേതൃത്വം നൽകി. ഫുട്ബോൾ മൽസരത്തിൽ കോഴിക്കോട് ജില്ല വിജയികളാകുകയും ക്രിക്കറ്റ് മൽസരം സമനിലയിൽ പിരിയുകയും ചെയ്തു. രണ്ടു ജില്ലകളിൽ നിന്നുമായി 75 -ാളം ഖാദിം അത്ഫാൽ സഹോദരങ്ങൾ പങ്കെടുത്തു.



# മജ്ലിസ് ആമില റെഫ്രഷർ കോഴ്സ്

**കരുനാഗപ്പള്ളി:** കൊല്ലം ജില്ലയിലെ മജ്ലിസെ ആമിലയ്ക്കുള്ള ഏകദിന റെഫ്രഷർ കോഴ്സ് കൊല്ലം അമീർ എ. അഹ്മദ് ശരീഫ് സാഹിബ് ഉൽഘാടനം ചെയ്തു. മൗലവി എം. നാസിർ അഹ്മദ് സാഹിബ്, മൗലവി പി അബ്ദുന്നാസിർ സാഹിബ്, മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗലവി കെ നാസിർ അഹ്മദ് സാഹിബ്, എ.കെ കലീം സാഹിബ് എന്നിവർ ക്ലാസ്സെടുത്തു.




# നേതൃത്വ പരിശീലന ക്യാമ്പ്

**ചാവക്കാട്:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് ജില്ലാ നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. കേന്ദ്ര അസിസ്റ്റന്റ് സദ്ർ എസ്.എം ബശീറുദ്ദീൻ സാഹിബ് അദ്ധ്യക്ഷത വഹിച്ച ക്യാമ്പ് പാലക്കാട് മജ്ലിസ് അൻസാറുല്ലാഹ് നാസിം താജുദ്ദീൻ സാഹിബ് ഉൽഘാടനം ചെയ്തു. സി.ശമീം അഹ്മദ് സാഹിബ്, പി.എം. ബശീർ അഹ്മദ് സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവർ ക്ലാസെടുത്തു. ജില്ലയിലെ വിവിധ മജ്ലിസുകളിൽ നിന്നുമായി അൻപതോളം ഖാദിമുകൾ പങ്കെടുത്തു.



# ആദർശ വിശദീകരണ യോഗം




**കരുളായി:** രണ്ടു ദിവസങ്ങളിലായി കരുളായി പള്ളി അങ്കണത്തിൽ ആദർശ വിശദീകരണ യോഗം സംഘടിപ്പിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് പ്രവാചകത്വം ഇസ്‌ലാമിക പ്രമാണങ്ങളിൽ, മൗലവി ഇസ്മാഈൽ സാഹിബ് ഈസാനബിയുടെ മരണവും പുനരാഗമനവും മസീഹ് മൗഊദിന്റെ സത്യസാക്ഷ്യവും, മൗലവി മുഹമ്മദ് സലീം സാഹിബ് ഇസ്‌ലാമിക ഖിലാഫത്തും അതിന്റെ അനുഗ്രഹങ്ങളും എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു.




സൗത്ത് സോൺ കർണ്ണാടക ഇജ്തിമ




മംഗലാപുരം ഖുദ്ദാം ഇജ്തിമ




**തുടർച്ചയായി മൂന്നാം തവണയും എറണാകുളം ജില്ലാ മസ്റൂർ ബാഡ്മിന്റൻ ട്രോഫി കരസ്ഥമാക്കിയ ഐരാപുരം മജ്‌ലിസ് ജില്ലാ അമീർ സാഹിബിൽ നിന്നും കപ്പ് കരസ്ഥമാക്കുന്നു.**



**പള്ളി വിപുലീകരണത്തിനായി വാങ്ങിയ സ്ഥലത്ത് വഖാറെ അമൽ നടത്തുന്ന പത്തപ്പിരിയം ജമാഅത്ത് അംഗങ്ങൾ**




കോട്ടക്കൽ ബുക്ക്സ്റ്റാൾ,മലപ്പുറം

# സൃഷ്ടി സേവനം

**കരുളായി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ സമീപ പ്രദേശമായ പുള്ളിയിൽ നിർധനനായ ഒരു അഹ്മദി കുടുംബത്തിന് വീട് നിർമാണത്തിനായി ഖാഇദ് സാഹിബിന്റെ നേതൃത്വത്തിൽ സൃഷ്ടി സേവനം നടത്തി. 200-ഓളം വെട്ടുകല്ലുകൾ ഖാദിമുകൾ ചുമന്ന് നിർമാണ സ്ഥലത്ത് എത്തിച്ചു. വാർഡ് മെമ്പർ, കരുളായി വി.ഇ.ഒ ടി.കെ ശരീഫ് എന്നിവരും 13 ഖാദിം അൻസാർ സഹോദരങ്ങളും പങ്കെടുത്തു.



# അത്ഫാൽ ക്യാമ്പ്

**കരുനാഗപ്പള്ളി:** ഖുദ്ദാമുൽ അഹ്മദിയ്യാ കൊല്ലം ജില്ലയുടെ ആഭിമുഖ്യത്തിൽ ജില്ലാ അത്ഫാലുകൾക്കായി നാല് ദിന തഅ്‌ലീം തർബിയ്യത്ത് ക്യാമ്പ് സംഘടിപ്പിച്ചു. ജില്ലാ അമീർ എ. അഹ്മദ് ശരീഫ് സാഹിബ് ക്യാമ്പ് ഉൽഘാടനം ചെയ്തു. നാല് ദിവസങ്ങളിലായി വിവിധ ശിക്ഷണ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ മൗലവിമാരായ പി. അബ്ദുന്നാസിർ സാഹിബ്, സി. മുബശ്ശിർ അഹ്മദ് സാഹിബ്, ഹംസാ റിശാൽ സാഹിബ്, നൗഷാദ് അഹ്മദ് സാഹിബ്, ഡോക്ടർ എ. അശ്റഫ് സാഹിബ്, അബ്ദുല്ലാഹ് സാഹിബ് എന്നിവർ ക്ലാസെടുത്തു.

തിരുവനന്തപുരത്തെ ഹാപ്പിലാന്റ് അമ്യൂസ്മെന്റ് പാർക്കിലേക്ക് വിനോദയാത്രയും സംഘടിപ്പിച്ചു.



മാത്തോട്ടം ഖുദ്ദാം വിനോദയാത്ര



ബാംഗ്ളൂർ ഖുദ്ദാം തബ്‌ലീഗിൽ

Mangalore
PEACE
Symposium 2014




# മാംഗ്ളൂർ പീസ് സിംമ്പോസിയം 2014

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് സോൺ കർണാടകയുടെ വാർഷിക ഇജ്തിമയോടനുബന്ധിച്ച് 2014 മെയ് 3നു മാംഗ്ളൂരിൽ വെച്ചു പീസ് സിംമ്പോസിയം സംഘടിപ്പിക്കപ്പെട്ടു. ലോക സമാധാനത്തിനും സമുദായ സൗഹാർദ്ദത്തിനും വേണ്ടിയുള്ള ജമാഅത്തിന്റെ പ്രവർത്തനങ്ങളെ പരിചയപെടുത്തുകയെന്ന ഉദ്ദേശത്തോടെയാണ് പീസ് സിംമ്പോസിയം സംഘടിപ്പിക്കപ്പെട്ടത്. ആയിരത്തിലധികം പേർ പങ്കെടുത്ത പരിപാടിയിൽ ശ്രീ.ജോൺ റിച്ചാർഡ് ലോബോ എം.എൽ.എ, മാംഗ്ലൂർ മേയർ ശ്രീ.മഹാബാല മർലാ,ഉദയവാണി പത്രത്തിന്റെ ബ്യൂറോ ചീഫ് ശ്രീ.മനോഹർ പ്രസാദ്, രാമകൃഷ്ണ മഠം, സെന്റ്.ജോസഫ് സെമിനാരി, ശ്രീ.ഗുരു സിംഗ് സഭാ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് സദർ ജനാബ് റഫീഖ് അഹ്മദ് സാഹിബ് ബെയ്ഗ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജനാബ് മുസവിർ അഹ്മദ് സാഹിബ് (നാഇബ് സദർ, ഭാരത്) ജനാബ് മുസദ്ദിഖ് അഹ്മദ് സാഹിബ് ( സോണൽ ഖാഇദ്, സൗത്ത് സോൺ കർണാടക), ജനാബ് മുഹമ്മദ് യൂസുഫ് സാഹിബ് (സദർ, മാംഗ്ലൂർ ജമാഅത്ത്) മൗലവി കലീം ഖാൻ സാഹിബ്, ജനാബ് എം.പി.ഇബ്രാഹീം സാഹിബ്,ജനാബ് കെ.കെ.ബദറുദ്ദീൻ സാഹിബ് തുടങ്ങിയവർ സംസാരിച്ചു.





ലോക മത സമ്മേളനത്തിൽ ഹദ്റത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) നടത്തിയ മുഖ്യപ്രഭാഷണം അഥിതികളുടെ മുന്നിൽ പ്രദർശിപ്പിച്ചിരുന്നു. ഖലീഫത്തുൽ മസീഹിന്റെ 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' എന്ന ഗ്രന്ഥം വായിച്ചപ്പോഴുണ്ടായ മാസ്മരിക അനുഭൂതിയെക്കുറിച്ചും ലോകത്ത് ശാന്തി പുലരാൻ വേണ്ടി ഹുസൂർ തിരുമനസ്സ് നടത്തുന്ന ശ്രമങ്ങൾ ഉണ്ടാക്കിയ മതിപ്പിനെക്കുറിച്ചും രാമകൃഷ്ണ മഠം പ്രതിനിധി സ്വാമി ജീതകമാനന്ദജി തന്റെ പ്രഭാഷണത്തിൽ സൂചിപ്പിക്കുകയുണ്ടായി.

ലോക സമാധാനത്തിനു വേണ്ടിയുള്ള ജമാഅത്തിന്റെ പരിശ്രമങ്ങളെ പരിപാടിയിൽ പങ്കെടുത്ത എല്ലാ അതിഥികളും പ്രശംസിക്കുകയുണ്ടായി. ദൃശ്യ–ശ്രാവ്യ മാദ്ധ്യമങ്ങൾ പീസ് സിംമ്പോസിയത്തിനു വലിയ തോതിൽ കവറേജ് നൽകിയിരുന്നു.


ഡോക്ടർ നദീർ അഹ്മദ് മസ്ഹർ

ആരോഗ്യം



# കൊളസ്ട്രോൾ

## എന്താണ് കൊളസ്ട്രോൾ:




മഞ്ഞ നിറത്തിലുള്ള മൃദുവായ എണ്ണമയമുള്ള കൊഴുപ്പാണ് കൊളസ്ട്രോൾ. സാധാരണ വാക്കുകളിൽ നമ്മുടെ രക്തത്തിലുള്ള കൊഴുപ്പ് എന്നുപറയാം.

## വിവിധ തരം കൊളസ്ട്രോൾ:

**പൊതുവിൽ കൊളൊസ്ട്രോൾ രണ്ടു തരത്തിലാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്.**

(1) നല്ല കൊളസ്ട്രോൾ എന്നറിയപ്പെടുന്ന
High Density Liporprotein (H.D.L)

(2) മോശമായ കൊളസ്ട്രോൾ എന്നറിയപ്പെടുന്ന
Low Density Liporprotein (L.D.L)




ശരീരത്തിലുള്ള അമിത കൊളസ്ട്രോളിനെ കരൾ മുഖേന ഇല്ലാതാക്കുന്നത് കൊണ്ടാണ് H.D.L നെ നല്ല കൊളസ്ട്രോൾ എന്ന് പറയപ്പെടുന്നത്. അതിനാൽ 45 മില്ലീഗ്രാമിൽ കൂടുതൽ H.D.L ഉള്ള വ്യക്തിക്ക് ഹൃദയ സ്തംഭനം ഉണ്ടാകാനുള്ള സാധ്യത തുലോം കുറവാണ്. പൊതുവിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളിലാണ് H.D.L അധികം കാണപ്പെടുന്നത്.

എന്നാൽ മോശമായ കൊളസ്ട്രോൾ അതായത് L.D.L 130 മുതൽ 159 മില്ലീഗ്രാം വരെയാണെങ്കിൽ അപകടമേഖയിലേക്ക് പ്രവേശിക്കുന്നതാണ്. 160 ന് മേലേക്കാണെങ്കിൽ ഹൃദയാഘാതത്തിന് സാധ്യത കൂടുതലാണ്. അതിനാൽ 20 വയസ്സിന് മുകളിൽ പ്രായമുള്ളവർ ടോട്ടൽ ബ്ലഡ് കൊളസ്ട്രോളിന്റെ അളവ് പരിശോധിച്ചു കൊണ്ടിരിക്കേണ്ടതാണ്.

### കൊളസ്ട്രോളിന്റെ ഗുണം:


ഇത് ഹോർമോണുകളുടെയും രോമകൂപങ്ങളുടെ ബാഹ്യചർമങ്ങളുടെയും നിർമാണത്തിൽ ഉപയോഗപ്പെടുന്നു. ഇതിന്റെ അനുയോജ്യമായ അളവ് മനുഷ്യശരീരത്തിൽ വളരെ സുപ്രധാനവും ഗുണകാരിയുമാണ്.

### കൊളസ്ട്രോൾ ഉണ്ടാകുന്നത്:

**ബാഹ്യമാർഗം:** ഒരു സാധാരണ സസ്യഭുക്ക് നിത്യേന 200 മുതൽ 400 മില്ലീഗ്രാം വരെ കൊളസ്ട്രോൾ ഭക്ഷിക്കുന്നു. ഒരു മാംസാഹാരി നിത്യേന 400 മുതൽ 600 മില്ലീഗ്രാം വരെ കൊളസ്ട്രോൾ ഭക്ഷണത്തിലൂടെ കരസ്ഥമാക്കുന്നു.

**ആന്തരീകമാർഗം:** രക്തത്തിലുള്ള കൊളസ്ട്രോളിന്റെ വലിയൊരു ഭാഗം കരളിൽ ഉൽപാദിപ്പിക്കപ്പെടുന്ന കൊളസ്ട്രോളായിരിക്കും. ഏതാനും ആഴ്ചകൾ കുറഞ്ഞ കൊളസ്ട്രോളാണ് ശരീരത്തിന് ലഭിക്കുന്നതെങ്കിൽ കരൾ ആ കുറവ് നികത്തുന്നതാണ്.





### ബ്ലഡ് കൊളസ്ട്രോളിന്റെ അളവ്
(പ്രായപൂർത്തിയായവരിൽ)

| | |
|---|---|
| 200 മില്ലീഗ്രാമിൽ കുറവ് | **സാധാരണം** |
| 200 മുതൽ 239 മി.ഗ്രാം വരെ | **സാധാരണയിൽ അല്പം കൂടുതൽ** |
| 240 ന് മുകളിൽ | **അപകട മേഖലയിലെത്തിയ കൊളസ്ട്രോൾ** |

*(അൽ ഫദ്ൽ പത്രം റബ്‌വ, 6.4.2005)*

പൊതുവിജ്ഞാനം

# കടലാസ്
## നിർമാണം



കടലാസിനായി ഉപയോഗിക്കുന്ന Paper എന്ന പദം Papyrus നിന്നാണ് ഉടലെടുത്തത്. ഇത് വെള്ളത്തിൽ വളരുന്ന ഒരു ചെടിയുടെ പേരാണ്. പുരാതന മിസ്‌രികൾ അതിന്റെ തണ്ട് കൊണ്ടുണ്ടാക്കിയ കടലാസുകളിൽ എഴുതുമായിരുന്നു. എന്നാൽ കടലാസ് കണ്ടുപിടിച്ചത് യഥാർഥത്തിൽ ചൈനാക്കാരാണ്.

### കടലാസ് നിർമിച്ച കഥ



Ts'ai lun

ചൈനയിലെ സായിലൻ (Ts'ai lun) എന്ന മന്ത്രി ക്രിസ്തുവർഷം 105 ൽ വൃക്ഷത്തിന്റെ തണ്ടിൽ നിന്നും നാരുകൾ വേർപെടുത്തുന്ന രീതി കണ്ടുപിടിച്ചു. പ്രസ്തുത നാരുകളെ അദ്ദേഹം ഒരു ഷീറ്റ് പോലെ വിരിച്ചിട്ടു. പിന്നീട് പഴയ മീൻ വലകളുടെ നാരുകളും തുണിക്കഷണങ്ങളും മറ്റും പൊടിച്ച് അത്കൊണ്ട് നേർത്ത ഷീറ്റ് ഉണ്ടാക്കാൻ തുടങ്ങി. പിന്നീട് ചൈനാക്കാരുടെ കടലാസുണ്ടാക്കുന്ന ഈ രീതി പതുക്കെ പതുക്കെ ലോകം മുഴുവനും പ്രചരിച്ചു.


ഇന്നും കടലാസ് ഉണ്ടാക്കുന്നത് നാരിൽ നിന്നും തന്നെയാണ്. എന്നാൽ ഈ നാരുകൾ അധികവും സെല്ലുലോസിന്റേതായിരിക്കും. അത് വൃക്ഷങ്ങളിൽ നിന്നും, വിവിധ പുല്ലുകളിൽ നിന്നും, ചെടികളിൽ നിന്നും എടുക്കുന്നതാകുന്നു. കടലാസ് അധികവും മരത്തടിയിൽ നിന്നാണ് ഉണ്ടാക്കുന്നത്. കടലാസ് ഫാക്ടറികളിൽ ഈ തടികളിൽ നിന്ന് നാരുകൾ വേർപെടുത്തി അതിന് ഒരു പ്രത്യേക രൂപം നൽകുന്നു. പൾപ്പ് എന്നാണ് അതിനെ വിളിക്കുന്നത്. അതിൽ വെള്ളവും ഉണ്ടാകുന്നു. ഈ മൃദുവായ ദ്രാവകത്തെ നിരപ്പുള്ള അച്ചിൽ ഒഴിച്ച് ഉണക്കിയെടുക്കുന്നു. നാരുകൾ പരസ്പരം ഒട്ടിച്ചേർന്ന് നേർത്ത ഒരു ഷീറ്റായി മാറുന്നു. ഇതാണ് കടലാസ്.











### ആധുനിക യുഗത്തിൽ കടലാസ് നിർമാണം

ഇന്ന് അതിനൂതനമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് കടലാസ് നിർമിക്കുന്നത്. ആധുനിക യന്ത്രങ്ങളുടെ സഹായത്താൽ ഒരു മിനിറ്റിൽ 10 മീറ്റർ വീതിയുള്ള ഷീറ്റുകളുടെ രൂപത്തിൽ 800 മീറ്റർ നീളത്തിൽ വരെ കടലാസ് തയ്യാറാക്കാൻ സാധിക്കുന്നു.

*(അൽ ഫദ്ൽ പത്രം റബ്‌വ: 06.11.2006)*

Printer & Publisher : T.K.Mushtaq Ahmad
Manager : A.T.Nasarudheen
Layout : Quraish
Editor : T.M.Abdul Mujeeb
Members : Arif Mohammad , Ameerudheen Sajid

Not for Sale, Circulation among members only
Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut